ഡിസംബർ 2025

# ജീവനും വെളിച്ചവും




സകല വിശുദ്ധരുടെയും ദൈവാലയം
അരയതുരുത്തി (ചൊവ്വാഴ്ച പള്ളി)
ദൈവാലയ
ആശീർവാദം
2025 ഡിസംബർ 30 ചൊവ്വ
വൈകു. 4 മണി
മുഖ്യകാർമ്മികൻ:
മോസ്റ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ
പഴയ അൾത്താര
പുതിയ അൾത്താര
ഏവർക്കും സ്വാഗതം

# ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2025 ഡിസംബർ | പുസ്തകം 64 | ലക്കം 12



**രക്ഷാധികാരി:** മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ • **സഹരക്ഷാധികാരി:** റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര • **ഉപദേശക സമിതി:** ഫാ. ലോറൻസ് കുലാസ്, ഫാ. ഷാജു വില്ല്യം, ഫാ. സനീഷ് എസ്. എം., ഫാ. സജു റോൾഡോൻ, ഫാ. ആഷ്‌ലിൻ ജോസ്, ഫാ. ബീഡ് മനോജ്, ഫാ. ഡാർവിൻ ഫെർണാണ്ടസ്, ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. ലൂസിയാൻസ് തോമസ്, ഫാ. സിൽവസ്റ്റർ കുരിശ്, ഫാ.നിജു അജിത്ത്, ഫാ. ജോർജ്ജ് ഗോമസ്
**പത്രാധിപർ:** ഫാ. വിജിൽ ജോർജ്ജ് • **സഹ പത്രാധിപർ:** ബർഗ്‌മാൻ തോമസ് • **പത്രാധിപ സമിതി:** മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, സുനിൽ സി. ഇ., ഫാ. വർഗീസ് ജോസഫ് • **മാനേജർ** (പരസ്യ വിഭാഗം): ഫാ. മനീഷ് പീറ്റർ • **കവർ & ലേ-ഔട്ട്:** സതീഷ് ജി.


## ★ മുഖവിചാരം

ക്രിസ്തു അഥവാ സ്നേഹം ഭൂമിയിൽ പിറവികൊണ്ട ദിനത്തിന്റെ ഓർമയാണ് ക്രിസ്തുമസ്. ചരിത്രത്തിലെ അനേകം അർഥതലങ്ങളുള്ള ഒരുജ്വല മുഹൂർത്തം. മഞ്ഞുറഞ്ഞ പാതിരാവിൽ, മരംകോച്ചുന്ന തണുപ്പിൽ, കാലിത്തൊഴുത്തിലെ പുൽക്കൂട്ടിൽ... നോക്കൂ, എത്ര എളിമയിലും സാധാരണതയിലുമാണ് ആ സ്നേഹമയി പിറവികൊണ്ടത്. 'സ്നേഹം മനുഷ്യനായി അവതരിച്ച് പുൽക്കൂട്ടിൽ പിറന്നു.' അതൊരു വിളംബരമാണ്. സംവത്സരങ്ങൾക്കുമപ്പുറം മാറ്റൊലിക്കൊള്ളുന്ന മഹാവിളംബരം. മുഴുവനായും സ്നേഹമാണ് ക്രിസ്തുവിനെ നയിച്ചത്. ജീവിതത്തെ, അതിന്റെ നൈരന്തര്യത്തെ ദൈവസ്നേഹത്തിന്റെ പ്രകാശത്തിൽ ദർശിച്ചു.

സ്നേഹവും സഹനവും നിറഞ്ഞതായിരുന്നു ആ ദിവ്യയാത്ര. പാതിരാവിൽ, ബേത്‌ലഹേമിൽ ഉദിച്ച കനകതാരം ഒടുവിൽ കാൽവരിയിൽ ക്രൂശിക്കപ്പെട്ട ഒറ്റത്താരമായി ജ്വലിച്ചു, എന്നെന്നേക്കും. അവശേഷിക്കുന്നത് ഒരു ചോദ്യമാണ്. നമ്മളോടാണ്. ചോദിക്കുന്നത് ക്രിസ്തുവാണ്. 'ഞാൻ നിനക്കായി ഉരുകിയൊലിച്ച വഴികളിലെവിടെയെങ്കിലും നിന്റെ കണ്ണു കളടക്കിയോ?' 'ഞാൻ പകർന്നേകിയ മനുഷ്യസ്നേഹത്തിന്റെ ആഴം നീ എത്രത്തോളം കണ്ടു?' നക്ഷത്രങ്ങൾ തൂക്കിയും പുൽക്കൂടൊരുക്കിയും ഗ്ലോറിയ പാടിയും സമ്മാനങ്ങൾ നൽകിയും റെഡിമെയ്ഡ് ക്രിസ്തുമസ് ആഘോഷിക്കുന്നുണ്ടല്ലോ! പോരേ?

ഉത്തരവും പിന്നത്തെ ചോദ്യവും നമ്മുടേതാണ്. നമുക്കായി ജീവൻ ബലി നൽകിയ ക്രിസ്തുവിനു നൽകാൻ അതു മാത്രം മതിയോ? സ്വയമേ ചോദിക്കേണ്ടതാണ്. അതൊരു സാധ്യതയുമാണ്. അറിയുക, സ്നേഹത്തിന്റെ ഒരിറ്റുപോലും അപരന് സമ്മാനിക്കാത്തവർ ക്രിസ്തുവിന് അന്യരാണ്. ക്രിസ്തുവിൽനിന്നും അകലുന്തോറും ഋജുവായ ജീവിത സങ്കല്പങ്ങളിൽ നിന്നും അകലും. ക്രിസ്തു പറഞ്ഞു; ദൈവരാജ്യം നിങ്ങളുടെ ഉള്ളിലാണ്. അതെ, സ്നേഹത്തിന്റെ ആ സ്വർഗരാജ്യം നമ്മുടെ ഉള്ളിൽത്തന്നെയാണ്. അതു കണ്ടെത്തുകയാണ് കരണീയം.

ക്രിസ്തു ഭൂമിയിലേക്ക് വന്നത് നമ്മെ സാധാരണ മനുഷ്യരാക്കാനല്ല, പുതിയ മനുഷ്യരാക്കാനാണ് എന്ന് ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ. ക്രിസ്തു നിക്കെദേമോസിനോട് മൊഴിഞ്ഞതിന്റെ മറ്റൊരു വേർഷൻ. അപരനോട് സംവദിക്കാനും നമ്മുടെ അന്യവത്കൃത മനസ്സിനെ സ്വയം നവീകരിക്കാനും ലഭിക്കുന്ന ഒരവസരമാണ് ക്രിസ്തുമസ്. ക്രിസ്തുവിലൂടെ വീണ്ടും പിറവിയാവുക എന്ന് അർഥം. നമ്മൾ നമ്മളെ വീണ്ടെടുക്കുന്നതിന്റെ ഒരു പുതുപ്പിറവി എന്ന് അർഥാന്തരം. അങ്ങനെ, കൈവിട്ടുപോയ സൗഹൃദങ്ങളെ, ബന്ധങ്ങളെ സ്നേഹംകൊണ്ട് വിളക്കിച്ചേർക്കാം.

വീട്ടുമുറ്റത്തെ പുൽക്കൂടിനൊപ്പം ഹൃദയത്തിൽ അപരസ്നേഹത്തിന്റെ കൂടും ഒരുക്കാം. സ്ഥായിയായ ഒരു സ്നേഹക്കൂട്.




www.latinarchdiocesetrivandrum.org | www.archtvmnews.com



*വിലാസം*
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
ഫോൺ: 0471- 2724001
ഇമെയിൽ: jeevanumvelichavum@gmail.com



വില 30 രൂപ
വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
State Bank of India
A/c No. 57027220934, IFSC- SBIN0070308
A/c Name: Editor, Jeevanum Velichavum




# പ്രതികരണങ്ങൾ

## പാവങ്ങൾ ഇല്ലാത്ത ലോകമല്ല, പാവങ്ങളെ പരിഗണിക്കുന്ന ലോകമാണ് അഭികാമ്യം

**ജെറാൾഡ് ബി മിരാൻഡാ**
തോന്നയ്ക്കൽ

ഞാൻ നിന്നെ സ്നേഹിച്ചു എന്ന ലിയോ പതിനാലാമൻ പാപ്പയുടെ അപ്പസ്തോലികപ്രബോധനത്തെ ആസ്പദമാക്കിയുള്ള മുഖവിചാരവും സാബാസച്ചന്റെയും ജോണച്ചന്റെയും ലേഖനങ്ങളും പ്രൗഢഗംഭീരമായിരുന്നു. ദരിദ്രരോടുള്ള ഈശോയുടെ കാഴ്ചപ്പാട് തന്നെയായിരുന്നു എന്നെന്നും സഭയ്ക്കുമുണ്ടായിരുന്നത്. പുൽക്കൂട്ടിലെ പരിമിത സാഹചര്യങ്ങളിൽ പിറന്ന ദൈവപുത്രൻ കാൽവരിക്കുരിശിലെ മൂന്നാണികളിൽ തൂങ്ങി ആകാശത്തിനും ഭൂമിയ്ക്കും മധ്യേ ജീവൻ വെടിയുമ്പോഴും സമ്പാദ്യമൊന്നും ഇല്ലായിരുന്നു. സമാധാന സന്ദേശവുമായി പിറന്ന ദൈവപുത്രൻ എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു എന്ന് തന്റെ പിതാവിനോട് പ്രപഞ്ചം മുഴങ്ങുന്ന സ്വരത്തിൽ നിലവിളിച്ചു. ഇന്നും ഓരോ ദരിദ്രനും തന്റെ ജീവിത സാഹചര്യങ്ങളിലെ പരിമിതികളുടെയും പരാധീനതകളുടെയും പരിഭവങ്ങളുടെയും കാൽവരികളിൽ ദയനീയമായി കേഴുകയാണ്, നീ എന്നെ ഉപേക്ഷിച്ചോ ദൈവമേ? നീ എന്നെ കൈവിട്ടോ ദൈവമേ? എന്റെ വേദനകളിൽ നീ എന്തേ സ്വർഗം വീട്ടിറങ്ങി വന്നില്ല? എന്തേ എന്റെ കണ്ണീർ തുടച്ചെന്നെ മാറോട് ചേർത്ത് ആശ്വസിപ്പിച്ചില്ല. എന്റെ ദുരിതക്കടൽ കണ്ടിട്ടുമെന്തേ നീ ശാന്തനായി വഞ്ചിയുടെ അമരത്ത് തലവച്ച് സുഖമായി മയങ്ങുന്നു? ഞാനെന്തു ചെയ്യണമെന്ന് ഓരോ ദരിദ്രനും ലോകാരംഭം മുതൽ നിലയ്ക്കാതെ നിലവിളിക്കുന്നു...

നിരന്തരം ഞാൻ നിന്നെ സ്നേഹിക്കുന്ന സ്നേഹിക്കുന്ന എന്ന് പറയുകയും എഴുതുകയും ചെയ്യുന്നു. പക്ഷേ, പാവങ്ങളുടെ കൂടെ നമ്മുടെ എത്ര സന്യസ്ഥർ, അൽമായർ പ്രവർത്തന നിരതരാണ് എന്ന ചോദ്യം അവശേഷിക്കുന്നു. ദരിദ്രന്റെ പിച്ചച്ചട്ടിയിൽ എന്തെങ്കിലും എറിഞ്ഞു കൊടുക്കുന്നതല്ല പക്ഷംചേരലും സ്നേഹവും. ഒന്നും കൊടുത്തില്ലെങ്കിലും സഭയുടെ ഹൃദയത്തുടിപ്പിനോട് ചേർത്തുനിർത്താനുള്ള ആത്മീയ പക്വതയുടെ പ്രകാശമാണ് ഇടയന്മാരുടെയും അൽമായരുടെയും അന്തരാത്മാവിൽ തെളിയേണ്ടത്. ഞാൻ നിന്നെ സ്നേഹിക്കുന്നു, പരിഗണിക്കുന്നു എന്ന് പറയുകയും തരംകിട്ടുമ്പോൾ ചതിക്കുകയും ചെയ്യുന്ന നവീന യുഗത്തിൽ സ്നേഹത്തെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ വ്യത്യസ്ത തലങ്ങളിലാണ് പുതുതലമുറ നോക്കിക്കാണുന്നത്. യുഗയുഗാന്തരങ്ങളായി പാവങ്ങളുടെ പക്ഷം ചേരുന്ന പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സഭയിൽ ദരിദ്രരുടെ സംഖ്യ വർധിക്കുന്നത് നാം കാണാതെ പോകരുത്. സഭയും ഇതര ജനാധിപത്യക്രമങ്ങളും പ്രസ്ഥാനങ്ങളും നിരന്തരം പാവങ്ങളോടൊപ്പമെന്ന് പറയുന്നതിൽ എന്തർത്ഥം? പാവങ്ങൾ ഇല്ലാത്ത ലോകമല്ല, പാവങ്ങളെ ആത്മാർഥമായി യേശുവിന്റെ പ്രബോധന പശ്ചാത്തലത്തിൽ പരിഗണിക്കുന്ന മനസ്സാണ് ദരിദ്രർ മോഹിക്കുന്നത്.

## തീവ്രവാദവും കേരള മനഃസാക്ഷിയും

**ജാളി**, തിരുവനന്തപുരം

നേർക്കാഴ്ച വായിച്ചു. ഗാസയിൽ സമാധാനത്തിന്റെ വെള്ളരിപ്രാവുകൾ പറക്കട്ടെ... അതിനായി ലോകം കൊതിക്കുന്നു. യുദ്ധം നഷ്ടംമാത്രം വരുത്തുന്നു എന്ന പറയുമ്പോഴും എന്തിനാണ് ലോക രാജ്യങ്ങൾ വിനാശകരമായ ആയുധങ്ങൾ കുന്നുകൂട്ടുന്നത്? യുദ്ധവും സമാധാനവും ഒരു നാണയത്തിന്റെ രണ്ടുവശങ്ങളാണ്. ഗാസയിൽ ചോരപ്പുഴയൊഴുകാൻ കാരണം ഹമാസെന്ന ഭീകരസംഘടനയുടെ ഹീന പ്രവൃത്തികളാണ്. പാലസ്തീനല്ല, അവിടെ ആഴത്തിൽ വേരൂന്നിയ ഭീകരതയാണ് ജനത്തിന്റെ ശാപം. പാലസ്തീന്റെ ക്ഷേമത്തിനായി ലോകരാജ്യങ്ങൾ ഒഴുക്കുന്ന കോടികൾ തീവ്രവാദികളുടെ ക്ഷേമത്തിനും ലോക നാശത്തിനുമാണ് വിനിയോഗിക്കുന്നത്. ഇന്ന് ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾ ഭീകരതയുടെ ഭീതിയിലാണ്. ഭീകരരെ തകർത്തു തരിപ്പണമാക്കുകതന്നെ വേണം. പാലസ്തീനുവേണ്ടിയും സദ്ദാം ഹുസൈനുവേണ്ടിയും ബിൻലാദനുവേണ്ടിയും ഹർത്താലാചരിക്കാനും മരിച്ചവരുടെ പേര് പറയാനും വിലപിക്കാനും പ്രതിഷേധിക്കാനും കേരളം നമ്പർ വൺ ആണ്. എന്നാൽ നൈജീരിയയിലും ആഫ്രിക്കൻ രാജ്യങ്ങളിലും കൊല്ലപ്പെടുന്ന ലക്ഷക്കണക്കിന് ക്രൈസ്തവർക്കായി ക്രിയാത്മകമായി പ്രതികരിക്കാൻ വിമുഖത കാട്ടുകയും ചെയ്യുന്നു. ക്രൈസ്തവ പീഡനങ്ങൾ നടക്കുന്ന രാജ്യങ്ങളുടെപേരെടുത്ത് പറഞ്ഞുകൊണ്ട് വിശ്വാസികളുടെ പ്രാർഥനയിൽ ക്രൈസ്തവ പീഡനം രണ്ടാമത്തെ പ്രാർഥനാനിയോഗമായി എല്ലാ കത്തോലിക്കാ റീത്തുകളും നിർബന്ധമായും ഉൾപ്പെടുത്തി പ്രാർഥിക്കേണ്ടതാണ്.

## ക്രിസ്തുസ്നേഹത്തിന്റെ സാക്ഷികളാവുക


**വിയാനി, ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ,**
തിരുവനന്തപുരം

അല്മായ മധ്യസ്ഥൻ വിശുദ്ധ ദേവസഹായത്തെക്കുറിച്ച് ലോറൻസ് കലാസച്ചന്റെ ലേഖനം ഹൃദ്യമായിരുന്നു. നീലകണ്ഠപിള്ളയെന്ന ദേവസഹായത്തിന്റെ ജീവിതാവസ്ഥകൾ, ഡിലനോയി പരിചയപ്പെടുത്തിയ നസ്രായനെ പിന്തുടരാൻ ദേവസഹായത്തെ പ്രേരിപ്പിച്ചു. വിശ്വാസമെന്നത് ആത്മീയ ഭൗതിക നന്മകൾ സ്വായത്തമാക്കുന്നതിലല്ല, വിശ്വാസത്തിന്റെ ദൃഢതയിൽ യേശുവിനെ ജീവൻകൊടുത്തും നേടുന്നതാണെന്ന ബോധ്യം ദേവസഹായത്തിനുണ്ടായിരുന്നു. ഡിലനോയിയിൽനിന്നും ക്രിസ്തുവിന്റെ വചനങ്ങൾ സ്വീകരിച്ച നീലകണ്ഠപിള്ള സഹനക്കടലിന്റെ കാൽവരികൾ താണ്ടി ധീര രക്തസാക്ഷിത്വ മകുടം ചൂടി. ദൈവം വേണ്ടാ, നിയന്ത്രണങ്ങൾ വേണ്ടാ എന്നുപറഞ്ഞ് ജീവിക്കുന്ന പുതിയ തലമുറയിൽ ആരാണ് ക്രിസ്തുവിനുവേണ്ടി പീഡകൾ സഹിക്കുന്നത്? കുരിശു ചുമക്കുന്നത്? ധീര രക്തസാക്ഷിത്വം മോഹിക്കുന്നത്? മാനസാന്തരത്തിലേക്ക് വിശ്വാസികളെ നയിക്കുക എന്നതാവണം സഭയുടെ നിലപാട്. സ്വയം സാക്ഷ്യാനുഭവം പേറാത്തവർ എങ്ങനെ ക്രിസ്തുവിനെ പ്രഘോഷിക്കും? ഈ ലോക സ്നേഹ ലൗകികമായിക മോഹങ്ങളിൽ മുങ്ങിക്കിടക്കുന്നവർ എങ്ങനെ ക്രിസ്തുസ്നേഹത്തിന്റെ മാഹാത്മ്യം പ്രകീർത്തിക്കും? കത്തോലിക്കാ ദേവാലയത്തിന്റെ സുരക്ഷിത ഇടങ്ങളിൽ നമ്മുടെ ക്രൈസ്തവജീവിതങ്ങൾ മുങ്ങിക്കിടക്കുന്നു. വ്യക്തിജീവിതവും കുടുംബ ജീവിതവും ക്രിസ്തുസ്നേഹത്തിന്റെ ഉത്തമ സാക്ഷികളാകുന്നില്ല എന്നത് അത്യന്തം വേദനാകരമാണ്. യുവ വിശുദ്ധരുടെ ആയിരം തിരിനാളങ്ങൾ ജ്വലിച്ചുയരട്ടെ.

## സ്വർഗവിചാരം

**ജോഫിൻ ജി**

മരിച്ചവർക്കായി പ്രത്യേകം പ്രാർഥിക്കുന്ന നവംബർ മാസത്തിൽ ജോസ് ഫ്രാങ്ക്ളിൻ അച്ചനെഴുതിയ 'ഒരു സ്വർഗവിചാരം' എന്ന ലേഖനം സ്വർഗം ലക്ഷ്യമാക്കി ജീവിക്കുവാൻ പ്രേരിപ്പിക്കുന്നതായിരുന്നു. അഭിനന്ദനങ്ങൾ.



# കാളകകളിൽ


**ലേഖനം**

ഹിമവാതായനങ്ങളുള്ള വെയിൽ ഹൃദയങ്ങൾ **6**
ഡോ. മിലാനി മേരി പോൾ

വിശുദ്ധിയുടെ പടവുകൾ **10**
ബിഷപ് ഡോ. ക്രിസ്തുദാസ് ആർ.

പ്രത്യാശയുള്ളിടത്തോളം സ്വപ്നങ്ങൾക്ക് മരണമില്ല **14**
ഫാ. ഇമ്മാനുവേൽ വൈ.

ഹാ, സ്നേഹമേ! **16**
സിന്ദുമോൾ തോമസ്

ജൂബിലി-2025 – നവതി – 2027 ലേയ്ക്കുള്ള അതിരൂപതയുടെ ആദ്യചുവടുവയ്പ്പ് **18**
ഫാ. റോഡ്രിഗ്കുട്ടി

തദ്ദേശഭരണ സ്ഥാപന തിരഞ്ഞെടുപ്പ് 2025: ഒരു വിചിന്തനം **24**
പ്ലാസിഡ് ഗ്രിഗറി

സാന്ത്വനം ആരോഗ്യസമൃദ്ധി **28**
റവ. ഡോ. ലെനിൻ രാജ് റ്റി.

കുറച്ച് ക്രിസ്തുമസ് കാര്യങ്ങൾ **30**
ഫാ. തോമസ് പാട്ടത്തിൽചിറ CMF

**കവിത**

ഒരിക്കൽക്കൂടി **15**
ബെർണാഡ് മൊറൈസ്

പൊരുളറിയുന്ന സ്ത്രീകളും വന്നെത്തി **21**
ഐറിസ് കൊയ്‌ലിയോ

**കഥ**

വാക്കുകളുടെ ജീവിതം **26**
ധർമ്മരാജ് മടപ്പള്ളി

**വായന**

പരിശുദ്ധ അമ്മയോടൊപ്പം (മരിയൻ ധ്യാനചിന്തകൾ) **27**
മോൺ. ഡോ. സി. ജോസഫ്, ഇഗ്നേഷ്യസ് തോമസ്

**ടാക്കീസ്**

പിൻ നടത്തത്തിന്റെ മനഃശാസ്ത്രം **32**
(ഇത്തിരി നേരം എന്ന സിനിമയെക്കുറിച്ച്)
സുനിൽ സി. ഇ

**നേർക്കാഴ്ച**

കേരളത്തിലെ പ്രഥമ ക്രൈസ്തവ സന്യാസിനി മദർ എലീശ്വ (1831-1913) **42**
ജെ. സി

**സ്റ്റുഡൻസ് ഫോറം**
**യോഗസഹായി** **22**

**വചന ജ്വാല** **34**

**കാനോൻ നിയമം** **17**

**വാർത്തകൾ** **36**

**നീർച്ചാൽ** **38**



# ഹിമവാതായനങ്ങളുള്ള വെയിൽ ഹൃദയങ്ങൾ

ഡോ. മിലാനി മേരി പോൾ

**പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്ത്, ദൈവവചനങ്ങളാൽ മനുഷ്യകുലത്തെ ശുദ്ധീകരിച്ച ശ്രേഷ്ഠരായ അപ്പോസ്തലന്മാർ ഉടലെടുത്തതത്രയും, എല്ലാത്തരം വൈകാരികതകളും പേറിനിന്ന ഒരുപിടി പച്ചമനുഷ്യരിൽ നിന്നു തന്നെയാണ്. അവരാണ് "യേശുവിന് ഒപ്പം നടന്നവർ" എന്ന് ബൈബിൾ വ്യക്തമായി പറയുന്നു**

പൊടിമഞ്ഞുവിതറിപ്പോകുന്ന ശീതക്കാറ്റ്.

സന്ധ്യാനേരം.

തെക്കൻ റഷ്യയിലെ കൊച്ചു മലയോര ഗ്രാമം.

ഇളംനീല അരിപ്പയിൽനിന്നും വെള്ളന്തൽ പെയ്ത് ഇറ്റു വീണുകൊണ്ടേയിരിക്കുന്നു.

തുന്നിയെടുത്ത പരവതാനിപോലെ ശുഭ്രവസ്ത്രയായ ഭൂനിലം. ബാബുഷ്ക തിരക്കിലാണ്.

ഒന്ന് കഴിയുമ്പോൾ മറ്റൊന്നായി വീട്ടുജോലികൾ ഉറുമ്പുനിരപോലെ പിന്തുടരുന്നു.

ഒന്നിരിക്കാതെ, ഒന്നുറങ്ങാതെ അവർ ധൃതിപ്പെട്ട് പണികൾ തീർക്കുകയാണ്.

മാവ് കുഴച്ച് തട്ടിൽ വെച്ചിട്ടില്ല.

നേരിപ്പോടിൽ തീ കൂട്ടിയിട്ടില്ല.

കമ്പിളിപ്പുതപ്പുകൾ തുന്നിത്തീർന്നിട്ടില്ല.

മഞ്ഞുപുതച്ചുനിൽക്കുന്ന പൂക്കളെ തൊട്ടുണർത്തിയിട്ടില്ല.

ഇനിയുമെത്രനേരം കൂടി...

അവർ ക്ഷീണമറിയാതെ പിന്നെയും തന്റെ ജോലികൾ തുടർന്നു.

എന്നാൽ പുറത്ത് ഗ്രാമവാസികൾ അദ്ഭുതത്തോടെ ആകാശം വീക്ഷിച്ചുകൊണ്ടേയിരുന്നു. തെളിമയോടെ പ്രൗഢിയോടെ തേജസ്സോടെ അതാ ഒരു താരകം.

കൂട്ടത്തോടെ അവരതാഘോഷിച്ചു.

കഥകൾ പറഞ്ഞു. പാട്ടുകൾ പാടി.

പ്രാലേയ മുത്തുകൾ അവർക്ക് താളംപിടിച്ചു.
ആഹ്ലാദിച്ചു.
ശിശിരനിദ്രയിൽ മിഴിപൂട്ടിനിൽക്കുന്ന ഗോതമ്പുപാടങ്ങൾപോലും പാതിയുണർന്ന വേരുകളാൽ അതെല്ലാം കാതോർത്തു.
എന്നാൽ മുത്തശ്ശി ഒന്നുമറിഞ്ഞില്ല.
കുട്ടച്ചിരികളും ആശ്ചര്യ ഗാഥകളും കേട്ടില്ല.
രാവ് നിശബ്ദതയിലേക്ക് മയങ്ങിവീണതുപോലുമറിയാതെ അവൾ പിന്നെയും പിന്നെയും ജോലികളിൽ മുഴുകിക്കൊണ്ടേയിരുന്നു.
വാതിലിൽ ഒരു മുട്ട് കേൾക്കുന്നതുവരെ...

മൂന്ന് പേരുണ്ട്. മൂന്ന് രാജാക്കന്മാർ.
കാസ്പർ... മെൽച്ചിയോർ... ബൽത്താസർ...
ദൂരെ ദൂരെ നിന്ന് വന്നിരിക്കുന്ന മൂന്ന് ജ്ഞാനികൾ...
നക്ഷത്രത്തെ കൂട്ടുപിടിച്ച് അവർ എത്തിയിരിക്കുന്നു.
ദൈവമകനെത്തേടി ഇറങ്ങിയതാണ്.
നവജാതനെക്കണ്ട് വണങ്ങണം. പൊന്നും മീറും കുന്തിരിക്കവും സമ്മാനിക്കണം.
അതിനുമുൻപ് വിശ്രമം ആവശ്യമാണ്.
നക്ഷത്രം വീണ്ടും തെളിയുംവരെയുള്ള സമയം.
ഗ്രാമത്തിലെ ഏറ്റവും ശുദ്ധിയുള്ള വീടാണവർ തേടിയത്.
അത് ബാബുഷ്കയുടേതാണ്. രാവും പകലും അവർ ആ വീട് ശുചിയാക്കുന്നു.
ഗ്രാമവാസികൾ സസന്തോഷം വഴികാട്ടികളായി.
അങ്ങനെ പ്രഭുക്കന്മാർ അവിടെയെത്തിയതാണ്.
ഏറ്റവും മികച്ച ആതിഥ്യം നൽകുവാനുള്ള അവസരങ്ങൾ അവൾക്ക് ഹൃദയാനന്ദമാണ്. സന്തോഷത്തോടെ മുത്തശ്ശി മൂവരെയും സ്വീകരിച്ചിരുത്തി.
നിറയെ ചൂട് ഭക്ഷണവും വീഞ്ഞും വിളമ്പി.
വീട്ടിൽ ചുട്ടെടുത്ത ബ്രെഡ്, പൈ, കേക്കുകൾ തുടങ്ങിയവകൊണ്ട് നിറഞ്ഞ ഒരു തീൻമേശയാണ്. നുഴഞ്ഞു കയറുന്ന തണുപ്പിനെ പുൽകി മയക്കുന്ന കനൽക്കട്ടകളുടെ ജല്പനങ്ങൾ നേരിപ്പോടിൽനിന്നും ഇടയ്ക്കിടെ കാതോർത്താൽ കേൾക്കാം.
സന്തോഷത്തോടെ മൂവരും വിരുന്നിൽ പങ്കുചേരുകയാണ്.
ശയിക്കാൻ ഏറ്റവും മൃദുലതയുള്ള പഞ്ഞിമെത്തയാണവളൊരുക്കിയത്.
സുഖനിദ്രയിൽ പ്രഭുക്കന്മാർ ക്ഷീണം മറന്നു.
സ്നേഹമയിയായ ആ അമ്മയുടെ വാത്സല്യ പരിചരണങ്ങളിൽ അവർ അത്യധികം തൃപ്തരാവുകയാണ്.
അതുകൊണ്ടുതന്നെ ബാബുഷ്കയെക്കൂടി മുന്നോട്ടുള്ള യാത്രയിൽ അവർ സ്നേഹത്തോടെ ക്ഷണിച്ചു.
എന്നാൽ അതുകേട്ടതും മുത്തശ്ശി പരിഭ്രമിക്കുന്നു.
പണികളൊന്നും തീർന്നിട്ടില്ല, കുഞ്ഞിന് സമ്മാനിക്കുവാനായി ഒന്നും കരുതിയിട്ടില്ല,
ഒരു യാത്രയ്ക്ക് ഇപ്പോൾ തയ്യാറല്ല തുടങ്ങി
ഒരു നൂറ് കാരണങ്ങൾ. "നിങ്ങൾ യാത്ര തുടരൂ... പണികൾ ഒതുക്കി ഞാൻ പൈതലിനെ കാണുവാനായി പിന്നീട് വന്നുകൊള്ളാം..." പരിഭ്രമത്തോടെ മുത്തശ്ശി പറഞ്ഞു.
നക്ഷത്രം വീണ്ടും തെളിഞ്ഞു.
അവരെ കൂടാതെ മൂവരും യാത്ര തുടർന്നു.
എന്നാൽ ആ ദിവ്യകുഞ്ഞിനെ ഓർത്തപ്പോൾ ഉറക്കംപോയ പാവം മുത്തശ്ശി, തന്റെ തീരാത്ത പണികളിലേക്ക് വീണ്ടും കടന്നു... രാവുമുഴക്കെ അലമാരയിലെ കളിപ്പാട്ടങ്ങൾ ഒക്കെയും പുറത്തെടുത്ത് കഴുകി വൃത്തിയാക്കി... എല്ലാം ഒരു ഭാണ്ഡത്തിലാക്കി രാവിലെതന്നെ രാജാക്കന്മാർ പോയിടത്തേക്ക് തിരിക്കാമെന്നോർത്തു.
വെളുപ്പിനെതന്നെ അവൾ തന്റെ വലിയ സഞ്ചിയുമായി രാജാക്കന്മാർ പോയ വഴിയേ തിരിച്ചു...
വഴിപോക്കർ അവർക്ക് ദിശ കാട്ടി...
ബേത്‌ലഹേം...
അതെവിടെയാണ്....
ഇല്ല അവൾക്ക് വഴി നിശ്ചയമില്ല... എങ്കിലും ചോദിച്ചും പറഞ്ഞും അവൾ യാത്ര തുടർന്നു...
അങ്ങനെ ആ ദിവ്യപിറവി നേരിൽ കാണുവാനായി ഒരുവൾ യാത്ര തുടങ്ങുകയാണ്...
നഗരങ്ങൾ തോറും... അവളലഞ്ഞു. തിരഞ്ഞു.
ഗ്രാമങ്ങൾ താണ്ടി നടന്നു.
എന്നിട്ടും ആ പൈതലിനെ കാണുവാൻ അവൾക്ക് സാധിച്ചില്ല.
തളരാതെ വീണ്ടും നടന്നു.
ചെല്ലുന്നിടത്തെല്ലാം ഉണ്ണിയെയുംകൊണ്ട് അവർ പോയ്ക്കഴിഞ്ഞിരിക്കുന്നു എന്ന വാർത്തമാത്രം. മു



ത്തശ്ശി നടന്നു. വീണ്ടും... വീണ്ടും...
വർഷങ്ങളോളം...
ഇന്നും നടക്കുന്നു...
ക്രിസ്തുമസ്സിന്റെ റഷ്യൻ ഐതിഹ്യമനുസരിച്ച് ഡിസംബർമഞ്ഞ് പൊടിഞ്ഞ് തുടങ്ങുമ്പോഴേക്കും ബാബുഷ്ക മുത്തശ്ശി തന്റെ വലിയ സമ്മാനസഞ്ചിയുമായി ഇന്നും നഗരങ്ങളിലേക്കിറങ്ങുന്നു... കുഞ്ഞുമക്കളുള്ള ഭവനങ്ങൾ തിരഞ്ഞു പിടിച്ച സന്ദർശിക്കുന്നു. ഓരോ രാവിലും, മെഴുതിരി വെട്ടത്തിൽ മിഴി പൂട്ടിയുറങ്ങുന്ന ഉണ്ണികളുടെ നിഷ്കളങ്കമായ മുഖങ്ങൾ  അവർ കൺനിറയെ നോക്കി നിൽക്കും. തന്റെ ഉണ്ണിയീശോ അല്ലെന്നറിഞ്ഞിട്ടും കുഞ്ഞു സമ്മാനങ്ങൾ അരികിൽ വെച്ച് നിശബ്ദമായി മടങ്ങും.. അടുത്ത ഉണ്ണിവീട് തിരഞ്ഞ് യാത്ര തുടരും...
എത്ര തീക്ഷണമായ ഒരു കഥയാണിത്..
ഒരുവൾ ദൈവദാസിയെപ്പോലെ കുലീനമായി ഒരു വീടൊരുക്കുന്നു.
എന്നാൽ ദൈവദൂതുമായി വന്നവർ പറഞ്ഞ സന്ദേശത്തിന്റെ പൊരുൾ അറിയാൻ വൈകിപ്പോകുന്നു...
നമ്മുടെയെല്ലാം ജീവിതത്തിൽ സംഭവിക്കുന്ന ഒന്നല്ലേ ഇത്...
ചില അനുഗ്രഹങ്ങളിലേക്ക് ദൈവം മാടി വിളിക്കുമ്പോഴും നാം അവയെ തിരിച്ചറിയാതെ പോകുന്നു.. കൈവിട്ട് കളയുന്നു.
ഇത് ഒരു ക്രിസ്തുമസ് കഥയാണ്.
നിക്കോളാസ് പുണ്യാളന്റെ സാന്താക്ളോസ്സ് കഥ പോലൊന്ന്.
രണ്ടിലും കുഞ്ഞു മക്കൾക്കുള്ള സമ്മാനം ഉറപ്പാണ്. അതെ, ഉണ്ണികളെ ചേർത്തു പിടിക്കുന്ന ക്രിസ്തുമസ്...
ജീവിതം ധ്യാനപൂരിതമാക്കുമ്പോഴും നമ്മുടെ ശ്രദ്ധപതറുന്ന നാഴികകളിൽ ഒരായുസ്സിന്റെ ഇച്ഛാഭംഗം അവശേഷിക്കുന്നു.
ഒരു പ്രത്യേക വിധിയാണത്.
നല്ലത് മാത്രം ചെയ്യാനാഗ്രഹിച്ച് കൈകുമ്പിളിൽ നിറയെ സ്നേഹം വിളമ്പുമ്പോൾ, നാം പോലുമറിയാതെ കൈവിരലിനടിയിൽക്കൂടി മണൽത്തരിപോലെ ഒലിച്ചുപോകുന്ന അനുഗ്രഹ നിമിഷങ്ങൾ.
For higher purpose എന്നൊരു വിശേഷണം എത്രയോ കേട്ടിരിക്കുന്നു. കുലീനവും ദൈവികവുമായ ഒരു കാര്യത്തിനായുള്ള ഒരുക്കം. നമ്മളെ അതിനായി മാനസികമായും ശരീരികമായും സജ്ജരാക്കുന്നത് കാലിടറിയ നേരങ്ങളിലെ ഉൾനിലവിളികൾ തന്നെയാണ്.
തിരിച്ചറിവിന്റെ കരച്ചിലുകൾ... വൈകിപ്പോയെന്നറിവിൽ പ്രായശ്ചിത്തമായി മുൻപോട്ടുള്ള ജീവിതം ഒഴിഞ്ഞുവെയ്ക്കുന്നുണ്ട് ചില മനുഷ്യർ.
Delays and detours are blessings എന്നൊക്കെ വായിച്ചിട്ടുണ്ട്... ദലൈ ലാമയുടെ വാക്കുകൾപോലെ ചിലപ്പോൾ നമ്മുടെ ഓരോ വിഘ്നവും കൂടുതൽ അനുഗ്രഹങ്ങൾക്കായുള്ള വാതിലുകളാവാം.
പുണ്യകർമ്മങ്ങൾക്കുള്ള പുനർജ്ജനികളാകാം.
എന്തിനും പരിഹാരക്രിയയുണ്ട് എന്ന ക്രിസ്തുമസ് സന്ദേശമാണ് സ്നേഹമയിയായ ഈ അമ്മക്കഥയിൽ തുളുമ്പുന്നത്.
ദൈവപൈതലിനായി തിരച്ചിൽ തുടരുമ്പോഴും എല്ലാ ശിശുക്കളിലും അവർ ഉണ്ണിയേശുവിനെ ദർശിക്കുന്നു.
ദൈവം ആ ചിന്തയിൽ വാഴുന്നു.
എത്ര ഭംഗിയുള്ള പ്രായശ്ചിത്തം...!
വൈതരിണിയിലും വ്യസനത്തിലും  നാം ദൈവാംശം കണ്ടെത്തണം എന്ന സങ്കീർത്തനമാണ് കഥയുടെ കാതൽ.
അതിനായി ജീവിതത്തെ ഒരുക്കുക എന്നതാണ്. തീക്ഷണമായ അർത്ഥനയാണ് ദൈവവിശ്വാസം. അതിന്റെ ശിഖരങ്ങൾക്കുപോലും വേണ്ടത് നിരന്തരമായ ധ്യാനവിചാരങ്ങളാണ്. വേരിറക്കിയ വിശ്വാസങ്ങളിൽ തളിർക്കുന്നത് അചഞ്ചലമായ ദൈവിക സാന്നിധ്യമാണ്. ഫലം ഒന്നുമാത്രം...
ഹൃത്തിൽ, നിലയ്ക്കാതെ ഒഴുകുന്ന സ്നേഹസാധനകളുടെ ഒരു നദി.
ബാബുഷ്ക എന്ന വാക്ക് കേൾക്കുമ്പോൾ, ആളുകൾ സാധാരണയായി ഓർമിക്കുന്നത് നടുവിൽ തുറക്കുന്ന ചെറിയ റഷ്യൻ പാവകളെയാണ്. ഒന്നൊന്നിനുള്ളിൽ അടുക്കിയടുക്കി വെച്ചിരിക്കുന്ന മാട്രിയോഷ്ക പാവകൾ.
ബാബുഷ്ക എന്നാൽ റഷ്യനിൽ "മുത്തശ്ശി" എന്നു തന്നെയാണർത്ഥം.
അവിടെ ഒരു കുടുംബാംഗത്തേക്കാൾ ഉപരി, ബാബുഷ്ക ഒരു പ്രതീകമാണ്. അവൾ സഹിഷ്ണുത, ഊഷ്മളത, ത്യാഗം, കുടുംബത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധത എന്നിവയെ പ്രതീകപ്പെടുത്തുന്നു. റഷ്യൻ നാടോടിക്കഥകളിലും, സാഹിത്യത്തിലും, പോപ്പ് സംസ്കാരത്തിലും, രാഷ്ട്രീയത്തിൽ പോലും അവളുടെ പ്രതിച്ഛായ ദൃഢമൂലമാണ്.
പരമ്പരാഗത ഔഷധ സസ്യങ്ങളുടെ രഹസ്യക്കൂട്ടുമുതൽ  തലമുറകളായുള്ള സ്വാദിഷ്ടമായ   രുചിക്കൂട്ടുകൾവരെ അവളിൽ ഭദ്രം. ഒരു ട്രെയിൻ സ്റ്റേഷനിലോ നടപ്പാതയിലോ കച്ചവടം ചെയ്യാൻ മിടുക്കുള്ളവൾ. ഓർമയുടെ സൂക്ഷിപ്പുകാരിയും തലമുറകൾക്കിടയിലുള്ള ഒരു പാലവുമാകുന്ന പെൺകരുത്ത്!
റഷ്യയിൽ വളർന്ന ആരുടെയും കുട്ടിക്കാല ഓർമകളിൽ, അവരുടെ മുത്തശ്ശിക്കഥകൾ വിരിഞ്ഞു നിൽപ്പുണ്ടാകും. വീട്ടിൽ പാചകംചെയ്ത പിറോഷ്കി, വളർന്നു പന്തലിച്ച നിൽക്കുന്ന തണൽ വൃക്ഷങ്ങൾ, തീർപ്പുള്ളതും തീക്ഷണവുമായ അഭിപ്രായങ്ങൾ,  പുഷ്പാലംകൃതമായ ശിരോവസ്ത്രം, അചഞ്ചലമായ കർത്തവ്യബോധം എന്നിവയിലൊക്കെ ആ മുത്തശ്ശിയോർമകൾ സജീവമായേക്കും. റഷ്യൻ കുടുംബങ്ങളുടെ ധാർമിക കേന്ദ്രവും വൈകാരിക നട്ടെല്ലും പ്രായോഗിക നങ്കൂരവുമാണ് മുത്തശ്ശിമാർ. റഷ്യൻ ജീവിതത്തിന്റെ തൂണുകളായി ഇന്നും നില കൊള്ളുമ്പോഴും ബന്ധങ്ങൾക്ക് മാതൃകയായും ഹൃദയങ്ങൾക്ക് സാന്ത്വനമായും അവർ ഇളയവർക്ക് വഴിവിളക്കാകുക കൂടി ചെയ്യുന്നു.
അവൾ മിതവ്യയത്തിന്റെ മാതൃകയാകുന്നുണ്ട് കഥയിൽ. കഠിനാധ്വാനിയും ബുദ്ധിമതിയുമായ ഒരു കുടുംബനാഥ.
തന്റെ ഗാർഹിക സൗകര്യങ്ങളെ ഉപയോഗപ്പെടുത്തി അവൾ തന്റെ ഭവനം മനുഷ്യനന്മക്കായി സജ്ജമാക്കുന്നു.
മുറ്റത്തെ പൂന്തോട്ടവും പച്ചക്കറിക്കൃഷിയും, തന്റെ നഷ്ടപ്പെട്ട കുഞ്ഞിന്റെ പഴയ കളിപ്പാട്ടങ്ങൾ സൂക്ഷിച്ച കുഞ്ഞലമാരെയുമൊക്കെ അതിന്റെ നേർ സാക്ഷ്യങ്ങളാണ്.
'ഷാഡോ ഓഫ് ഡെത്ത്' എന്ന വിഖ്യാതമായ എണ്ണച്ചിത്രം ഓർത്തു.
മതപ്രബോധനങ്ങൾക്ക് മുൻപുള്ളൊരു യേശുവിനെ ഏറ്റവും ഭംഗിയായി വരച്ചു കാട്ടിയത് വില്യം ഹോൾമാൻ ഹണ്ട് എന്ന ചിത്രകാരനാണ്.
കഠിനാധ്വാനിയും കരകൗശലക്കാരനും തൊഴിലാളിയുമായൊരു യേശുവിന്റെ ചിത്രം.  ഈർച്ചവാൾകൊണ്ട് മരത്തടി മുറിച്ചശേഷം കൈയുയർത്തി നിൽക്കുമ്പോൾ
പിറകിലെ ഭിത്തിയിൽ ഒരു നിഴൽ പതി



യുന്നു.
"മരണത്തിന്റെ നിഴൽ".
അങ്ങനെയാണ് അയാളതിനെ വിശേഷിപ്പിക്കാൻ ശ്രമിച്ചത്.
പുറം തിരിഞ്ഞിരിക്കുന്ന ഒരമ്മ അരികത്തുണ്ട്. മേരി!
ജനനസമയത്ത് ജ്ഞാനികൾ കൊണ്ടുവന്ന കാഴ്ചകൾ സൂക്ഷിച്ചിരിക്കുന്ന പെട്ടി തുറക്കുന്നതിനിടയിൽ ഈ നിഴൽ കണ്ണിൽപ്പെടുകയാണ്.
വരാനിരിക്കുന്ന കുരിശുമരണത്തിന്റെ സൂചനപോലൊന്ന്.
ഒരാന്തലോടെ ആ അമ്മ അതിലേക്ക് നോക്കുന്നതാണ് ചിത്രം.
എന്നാൽ, പഴയ സാധനങ്ങൾ കരുതലോടെ സൂക്ഷിക്കുന്ന മേരിയുടെ മിതവ്യയത്തിന്റെ ചിത്രമായും ഇത് കരുതപ്പെടുന്നു.
സാമ്പത്തികകാര്യങ്ങളിൽ ചുമതലാബോധമുള്ളവരായിരിക്കണമെന്ന സന്ദേശം മുഴങ്ങുന്നുണ്ടതിൽ.
എത്രയിടത്താണ് സ്പഷ്ടമായി ബൈബിൾ അത് പറയുന്നത്.
"അവർ തിന്നു തൃപ്തരായപ്പോൾ അവൻ ശിഷ്യന്മാരോട്: "ശേഷിച്ച കഷണങ്ങൾ ഒന്നും നഷ്ടപ്പെട്ടുപോകാതെ ശേഖരിക്കുവിൻ" എന്നു പറഞ്ഞു"(യോഹന്നാൻ 6:12).
അസാധാരണവും ശ്രേഷ്ഠവും ദൈവികവുമായൊരു നിയോഗത്തിനായി ദൈവം തിരഞ്ഞെടുത്ത സാധാരണ മനുഷ്യരായിരുന്നു യേശുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരും. അങ്ങനെ ചിന്തിച്ചാൽ, മീൻപിടിത്തക്കാർ, ചുങ്കക്കാർ, വിപ്ലവകാരികൾ തുടങ്ങിയവരുടെ മിശ്രിതങ്ങൾക്കുമേൽ ദൈവം തളിച്ച പുണ്യതീർഥമാണ് സുവിശേഷം.
ഗുരുവിനെ അനുഗമിക്കുമ്പോൾപോലും ഇവരുടെ ഹൃദയവിചാരങ്ങളിൽ ഉടലെടുക്കുന്ന സംശയങ്ങൾ, ഉൾവലിവുകൾ, ഭീതികൾ, നേരിടുന്ന പരാജയങ്ങൾ, എല്ലാംതന്നെ ബൈബിളിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.
പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്ത്, ദൈവവചനങ്ങളാൽ മനുഷ്യകുലത്തെ ശുദ്ധീകരിച്ച ശ്രേഷ്ഠരായ അപ്പോസ്തലന്മാർ ഉടലെടുത്തതത്രയും, എല്ലാത്തരം വൈകാരികതകളും പേറിനിന്ന ഒരുപിടി പച്ചമനുഷ്യരിൽനിന്നുതന്നെയാണ്.
അവരാണ് "യേശുവിന് ഒപ്പം നടന്നവർ" എന്ന് ബൈബിൾ വ്യക്തമായി പറയുന്നു (പ്രവൃത്തികൾ 4: 13). മുക്കുവനായിരുന്ന പത്രോസും, വല നെയ്ത്തുകാരനായ യോഹന്നാനും, വൈദ്യനായ ലൂക്കായും ഒരു 30 കാരന്റെ ഒറ്റവിളിയിൽ തങ്ങളുടെ കടലും കുടിലും തൊഴിലും ഉപേക്ഷിക്കുകയാണ്...
എന്നാൽ അവർ മുൻപേ ഒരുക്കപ്പെട്ടവരാണ്...
അതായത് തൊഴിലിടങ്ങളിൽ അവരുടെ കർമ നിയോഗങ്ങളൊക്കെയും പിന്നീടുള്ള  അവരുടെ ദൈവികയാത്രയിൽ തുടർച്ചയാകുന്നുവെന്ന് വേദഭാഗംപോലെ വായിച്ചത്, "പുലർവെട്ട " താളുകളിലാണ്.
ദൈവത്തെയും മനുഷ്യനെയും തമ്മിൽ വിളക്കിചേർക്കുക എന്ന പുണ്യകർമത്തിന്, മനുഷ്യരെപ്പിടിക്കുന്ന ഒരുവനായി പത്രോസ് മാറുന്നു. സഭയുടെ വിള്ളലുകളെ നെയ്തുകൂട്ടുന്നവനായി യോഹന്നാൻ നിലനിൽക്കുമ്പോൾ, ക്രിസ്തുമതത്തിന്റെ ഘടനയ്ക്കായി പലതും പടുത്തുയർത്തുന്നുണ്ട്  കൂടാരപ്പണിക്കാരനായിരുന്ന പൗലോസ്. എന്നാൽ യേശുദേവന്റെ ശുശ്രൂഷകളെക്കുറിച്ചുള്ള എഴുത്തുകളിലൂടെ മനുഷ്യമനസ്സിന്റെ സൗഖ്യത്തിനായി നിലകൊണ്ടിരുന്നു ലൂക്കാ...
ദൈവനിയോഗത്തിനായി മുൻപേ പരിശീലിക്കപ്പെട്ടവർ.
അതെ, ചില നിയോഗങ്ങൾക്കായി നാം ദൈവത്താൽ നിയമിതരാണ് .
ആരുമില്ലാത്ത, അല്ലെങ്കിൽ അവഗണിക്കപ്പെട്ട ഒരുപാട് കുഞ്ഞുമക്കൾക്കുള്ള സമ്മാനവുമായി ഒരമ്മൂമ്മ നഗരങ്ങൾ തോറും നടന്നിറങ്ങുന്നതുപോലെ.
The Divine Delegates കഥയിലേയ്ക്ക് ഒന്നുകൂടി കാതോർക്കുമ്പോൾ തോന്നും എല്ലാം ദൈവനിശ്ചയമായിരുന്നു എന്ന്.
അന്നേ ദൈവം ഒരു മുത്തശ്ശിയെ ഒരുക്കുകയായിരുന്നു. വരാനിരിക്കുന്ന തലമുറകൾക്കുവേണ്ടി. ദൈവവേലയ്ക്കായിത്തന്നെ. ഉറമഞ്ഞിനേക്കാൾ ഉള്ളു തണുപ്പിക്കുന്ന  അമ്മൂമ്മക്കഥകളിൽ മൂടിപ്പുതച്ച് നിൽക്കുന്ന ഡിസംബർ. ദർശിക്കുന്ന ഓരോ മനുഷ്യരിലും ദൈവം വാഴുന്നു എന്നൊരു രക്ഷാസൂക്തം ലോകത്തോട് മന്ത്രിക്കുന്നുണ്ട് ഈ ശൈത്യകാലം. റഷ്യൻ പരിസരങ്ങൾക്കൊപ്പം നമ്മളും തുടർക്കഥയാക്കേണ്ട ഒന്ന്.
•



ലേഖനം

# വിശുദ്ധിയുടെ പടവുകൾ

ബിഷപ് ഡോ. ക്രിസ്തുദാസ് ആർ.



നമ്മുടെ സംസാരം, പ്രവൃത്തികൾ, ഇടപെടലുകൾ, അപരന്റെ നന്മയിലുള്ള താല്പര്യം, പരസ്പര സ്നേഹം, ദയ, കാരുണ്യം എന്നീ മൂല്യങ്ങളൊക്കെ ഉൾക്കൊണ്ട് നാം എങ്ങനെ നമ്മുടെ ജീവിതത്തെ ശുശ്രൂഷയായി രൂപപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചാണ് വിശുദ്ധി നിലകൊള്ളുന്നത്.



വിശുദ്ധിയുടെ സൗരഭ്യം പരത്തിയ വിശുദ്ധരുടെ ജീവിതത്തെക്കുറിച്ച് നാം ചിന്തിക്കുമ്പോൾ ഈ ലോകത്തിന്റെ സുഖമോഹങ്ങളോട് താദാത്മ്യപ്പെടാതെ, ജീവിതത്തിന്റെ അന്തരാർഥം ഗ്രഹിച്ച്; ദൈവഹിതാനുസാരം സ്വജീവിതങ്ങളെ ക്രമപ്പെടുത്തിയവരാണ് വിശുദ്ധരെന്ന് നമുക്ക് മനസ്സിലാക്കാനാകും. ഓരോ വിശുദ്ധനും വ്യത്യസ്ത ജീവിത സാഹചര്യങ്ങളിലൂടെയാണ് വിശുദ്ധി പ്രാപിച്ചത്. ദുഃഖ ദുരിതങ്ങളിലൂടെയും നിരവധിയായ സഹനങ്ങളിലൂടെയും അവർ ദൈവാനുഭവം തേടി. തങ്ങളനുഭവിച്ച സ്നേഹവും രക്ഷയും സഹോദരങ്ങളുമായി അവർ പങ്കുവച്ചു. കുടുംബമഹിമയിലും ജീവിതത്തിന്റെ സുഖലോലുപതയിലും ഭൗതിക സുഖമോഹങ്ങളിലും സാമ്പത്തിക ഭദ്രതയിലും കഴിഞ്ഞിരുന്ന വ്യക്തികളും വിശുദ്ധരുടെ ഗണത്തിലുണ്ട്. എന്നാൽ സാധാരണ ജനങ്ങളുടെ വേദനകളും ദുഃഖങ്ങളും കണ്ടറിഞ്ഞ്, മനുഷ്യനന്മക്കും ദൈവമഹത്വത്തിനുംവേണ്ടി, തങ്ങളുടെ ജീവിതം സമർപ്പിക്കാൻ സന്നദ്ധരായ സന്ദർഭത്തിൽ, വിശുദ്ധിയുടെ മാർഗത്തിലൂടെ അവർ ചരിച്ചുതുടങ്ങി.

## വെല്ലുവിളികൾ നിറഞ്ഞ ജീവിതം

കത്തോലിക്കാസഭയിൽ വിശുദ്ധരുടെ ഒരു നീണ്ട നിരതന്നെയുണ്ട്. അടുത്ത നാളുകളിൽ വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ടവർ ധാരാളം പേരുണ്ട്. വിശുദ്ധർ വഴികാട്ടികളാണ് അവരെ മാതൃകയാക്കാൻ സഭാ വിശ്വാസികളോട് ആവശ്യപ്പെടുന്നു. വിശുദ്ധരുടെ ജീവിതം ഏറെ വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. ഈ വെല്ലുവിളികളെക്കാളുപരിയായി നാം ജീവിക്കുന്ന ജീവിത സാഹചര്യവും കുടുംബ സാമൂഹ്യ പശ്ചാത്തലവും വിശുദ്ധപൂർണ്ണമായ ജീവിതം നയിക്കുന്നതിന് മാർഗതടസ്സങ്ങൾ സൃഷ്ടിക്കാറുണ്ട്. ഈ പ്രതിബന്ധങ്ങളെ ധീരമായി അതിജീവിക്കുമ്പോഴാണ് യഥാർഥത്തിൽ നാം വിശുദ്ധിയുടെ പാതയിലേക്ക് പ്രവേശിക്കുന്നത്.

## വിശുദ്ധർ നമ്മുടെ റോൾമോഡലുകൾ

നമ്മുടെ യുവതീയുവാക്കൾ സ്പോർട്സിലെയും സിനിമാരംഗത്തെയും പ്രതിഭകളെ റോൾമോഡലുകളായി സ്വീകരിക്കാറുണ്ട്. ഈ ലോകത്തിന്റെ വ്യാപാരങ്ങളിൽ അഭിരമിക്കുന്നവർക്ക് ഈ റോൾമോഡലുകളെ മാതൃകകളായി സ്വീകരിക്കാൻ വൈമനസ്യമുണ്ടാകാറില്ല. ഇത്തരക്കാർക്ക് യുവജനങ്ങൾ ഹീറോ പരിവേഷം ചാർത്തിക്കൊടുക്കാറുണ്ട്. ജീവിതത്തിന്റെ യഥാർഥ സന്തോഷവും സമാധാനവും അനുഭവിക്കുന്നതിന് ഈ നായകന്മാരെ അനുധാവനം ചെയ്യുന്നതിന് യുവതക്ക് താല്പര്യം ഉണ്ടാവുക സ്വാഭാവികമാണ്. എന്നാൽ ദൈവ സ്നേഹത്തിലും പരസ്നേഹത്തിലും ജീവിക്കുന്നതിലൂടെയും യേശുവാകുന്ന ആദർശ പുരുഷനിലേക്ക് തിരിയുന്നതിലൂടെയുമാണ് യഥാർഥ സന്തോഷവും ആനന്ദവും കൈവരുന്നതെന്നുമുള്ള തിരിച്ചറിവും നമുക്കുണ്ടാകണം. തങ്ങളുടേതായ ജീവിത സാഹചര്യങ്ങളിൽ; ചിന്താമണ്ഡലങ്ങളിൽ വ്യാപരിച്ചുകൊണ്ട് ഈ ലോകത്തിന്റെ മായിക വലയങ്ങളിൽ ഉൾപ്പെടാതെ യഥാർഥ സന്തോഷവും ആനന്ദവും ദൈവത്തിൽനിന്ന് കൈവരുന്നുവെന്ന തിരിച്ചറിവോടെ, ദൈവത്തെ പുൽകിയ നിരവധിപേരെ നമുക്കുചുറ്റും കണ്ടെത്താനാകും.

## വിശുദ്ധ കൊച്ചുത്രേസ്യയുടെയും വിശുദ്ധ കാർലോ അക്വിറ്റസിന്റെയും ജീവിത മാതൃകകൾ

ഒരു കുടുംബം മുഴുവൻ വിശുദ്ധരാ

യിത്തീർന്ന വിശുദ്ധ കൊച്ചുത്രേസ്യയുടെ കുടുംബത്തിന്റെ മാതൃക നമ്മുടെ മുമ്പിലുണ്ട്. ഇത്തരത്തിൽ വിശുദ്ധിയുടെ മാർഗത്തിൽ ചരിക്കുന്ന കുടുംബങ്ങൾ ഇക്കാലത്തും രൂപപ്പെട്ടുമോ എന്ന് നാം ചിന്തിച്ചേക്കാം. സന്തോഷവും സമാധാനവും കുടുംബ ജീവിതത്തിൽ നിലനില്ക്കണമെന്ന് എല്ലാവരും ആഗ്രഹിക്കുന്നു. അടിസ്ഥാനപരമായി മാതാപിതാക്കൾ തങ്ങളുടെ ദൈവവിശ്വാസം മക്കൾക്ക് കൈമാറുമ്പോഴാണ് പൊതുവിൽ വിശുദ്ധിയുള്ള കുടുംബങ്ങൾ ജന്മം കൊള്ളുക. ലൂയി മാർട്ടിനും സെലിഗ്വരെ മാർട്ടിനും പകർന്നു നല്കിയ വിശുദ്ധ ജീവിതമാതൃക ഉൾക്കൊണ്ട് മക്കളും ആ വഴിയിലൂടെ സഞ്ചരിച്ചു എന്നതാണ് കൊച്ചുത്രേസ്യയുടെ കുടുംബത്തിന്റെ മഹത്വം. ഈ ജീവിത മാതൃക ഇന്നത്തെ കുടുംബങ്ങൾക്കും അനുകരിക്കാവുന്നതേയുള്ളൂ. കുടുംബങ്ങളെക്കുറിച്ച് പൊതുവെ ഇന്ന് നെഗറ്റീവായി വിലയിരുത്തുമ്പോഴും വിശ്വാസാധിഷ്ഠിതമായി ഉത്തമജീവിതം നയിക്കുന്ന കുടുംബങ്ങൾ ഏറെയുണ്ടെന്നത് ആശ്വാസകരമാണ്. ഇത് നമുക്ക് പ്രത്യാശയ്ക്കും പ്രതീക്ഷയ്ക്കും കാരണമാകുന്നു. ഇന്നിന്റെ വിശുദ്ധനായ കാർലോ അക്വിറ്റസിന്റെ വിശുദ്ധ ജീവിതത്തിലൂടെയാണ് നാമമാത്ര വിശ്വാസികളായിരുന്ന അവന്റെ മാതാപിതാക്കളെ, കാർലോ വിശ്വാസ ജീവിതത്തിലേക്ക് നയിച്ചത്.





## കുടുംബ ബന്ധങ്ങളുടെ കെട്ടുറപ്പ് നിലനിൽക്കാൻ

ഇന്ന് കുടുംബജീവിതത്തോടുള്ള വിരക്തി യുവജനങ്ങളിൽ വ്യാപകമാകുന്നു. ലിവിംഗ് ടുഗതർ എന്ന ആശയത്തിന് സ്വീകാര്യത കൈവരുന്നു. സ്വവർഗ വിവാഹം പാശ്ചാത്യ നാടുകളിൽ സാധാരണമായിത്തീരുന്നു. കുടുംബബന്ധങ്ങൾ ശിഥിലമാകുന്നു. കുട്ടികൾ വേണ്ടെന്ന് ചിന്തിക്കുന്ന യുവദമ്പതികളുടെ സംഖ്യവർധിച്ചു വരുന്നു. ഇങ്ങനെയുള്ള കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്.

മാതാപിതാക്കൾ വിശുദ്ധജീവിതം നയിക്കുകയും വിശുദ്ധിയിൽ ജീവിക്കാൻ മക്കളെ പ്രേരിപ്പിക്കുകയും പ്രാർഥനയിലും വചനപാരായണത്തിലും ഉപവാസത്തിലും ദൈവാരാധനയിലും മുഴുകി, പ്രാർഥനാരൂപിയിൽനിന്നും ലഭിക്കുന്ന ചൈതന്യത്താൽ പരസ്പര സ്നേഹത്തിലും സന്തോഷത്തിലും പങ്കുവയ്ക്കലിലും ജീവിക്കുകയും ദൈവാനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്താൽ ആധുനിക കാലഘട്ടത്തിലും വിശുദ്ധിയോടെ കുടുംബങ്ങൾക്ക് നിലനില്ക്കാനാവും.

## വിശുദ്ധിയുടെ ഈറ്റില്ലങ്ങളായി തീരേണ്ട കുടുംബങ്ങൾ

സാധാരണ നാം പറയും വ്യക്തികൾ നന്നായാൽ കുടുംബം നന്നാകും കുടുംബങ്ങൾ നന്നായാൽ സമൂഹം നന്നാകുമെന്നൊക്കെ. സ്നേഹബന്ധങ്ങളുടെ ആഴങ്ങളിൽനിന്നാണ് ഒരു കുടുംബം വിശുദ്ധിയിൽ വളരുന്നത്. ഈ പാരസ്പര്യം സ്നേഹപ്രകടനങ്ങളിലൂടെയും പങ്കുവയ്ക്കലുകളിലൂടെയും സന്തോഷത്തിലും സമാധാനത്തിലും നീങ്ങുവാൻ കുടുംബങ്ങളെ സഹായിക്കും. വ്യക്തികൾ ദൈവത്തിൽനിന്നും സഹോദരങ്ങളിൽനിന്നും അകന്നുമാറി തങ്ങളുടേതായ മാർഗങ്ങളിലൂടെ ചരിക്കുമ്പോൾ കുടുംബങ്ങളിൽ അന്ത:ഛിദ്രം ഉടലെടുക്കുന്നു. ഈശ്വര സാന്നിധ്യാവബോധം ഇല്ലാതെയാകുമ്പോൾ കുടുംബത്തകർച്ച അനിവാര്യമാകും.

ദൈവത്തെ കൂടാതെ ലോകത്തെ ജയിക്കാനും കീഴടക്കാനും സാധിക്കുമെന്നു കരുതുന്നത് മിഥ്യാധാരണയാണ്. ദൈവത്തെ കുടുംബങ്ങളിൽനിന്ന് മാറ്റിനിർത്തുമ്പോൾ അസ്വസ്ഥതകൾ മുളയെടുക്കും. കരുതലും കാരുണ്യവും ശുശ്രൂഷാമനോഭാവവും ഒക്കെ കുട്ടികൾ പഠിക്കുന്നത് കുടുംബങ്ങളിൽ നിന്നാണ്. ഈ മൂല്യങ്ങളുടെ അഭ്യസനം ഇന്ന് അണു കുടുംബങ്ങളിൽ പഴയതുപോലെ കാണാൻ കഴിയില്ല. എങ്കിൽ തന്നെയും വിശുദ്ധിയുടെ ഇടങ്ങളായി കുടുംബങ്ങളെ പരിവർത്തിപ്പിക്കാനുള്ള സാധ്യതകളുണ്ട്. ഈ സാധ്യതകൾ യാഥാർഥ്യമാക്കാനുള്ള ഉത്തരവാദിത്തമാണ് മാതാപിതാക്കൾക്കുള്ളത്.

## സൈബർ, നിർമിതബുദ്ധി ഇടങ്ങളും വിശുദ്ധ ജനവും

സൈബർ ലോകത്തും നിർമിത ബുദ്ധിയുടെ വിവിധ ഇടങ്ങളിലും ദൈവത്തെ അറിയുവാനും മറ്റുള്ളവർക്ക് ദൈവത്തെ കാണിച്ചുകൊടുക്കുവാനും ദൈവത്തെ അനുഭവിക്കാനും ആകുമെന്ന് ലോകത്തെ ബോധ്യപ്പെടുത്തിയ ഈ കാലഘട്ടത്തിലെ വിശുദ്ധരാണ് കാർലോ അക്വിറ്റസും ജോർജ് ഫ്രെയർ ഫ്രസാത്തിയും. സഭയെ സ്നേഹിക്കാനും കൗദാശിക ജീവിതത്തിൽ അർഥവത്തായി പങ്കുചേരാനും ഈ രണ്ടു വിശുദ്ധരും മാതൃകയായിത്തീർന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി സ്വന്തമായി ദിവ്യകാരുണ്യാദ്ഭുതങ്ങളുടെ വെബ്സൈറ്റ് നിർമിച്ച് ദിവ്യകാരുണ്യ ഭക്തി പ്രചരിപ്പിക്കാൻ കാർലോ പരിശ്രമിച്ചു. ഫ്രസാത്തിയാകട്ടെ പാവപ്പെട്ടവരെ ശുശ്രൂഷിച്ചുകൊണ്ട് ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേക്ക് തന്റെ സുഹൃത്തുക്കളെ നയിച്ചു. മരിയഗൊരെത്തിയെപ്പോലെ വിശുദ്ധിയിലും ശുദ്ധതയെന്ന പുണ്യത്തിലും ഇന്നും അസംഖ്യം പേർ ഈ ലോകത്തിൽ ജീവിക്കുന്നുവെന്നതാണ് നമ്മുടെ ഭാഗ്യം. നിർമിത ബുദ്ധിയുടെ ഈ അതിതീവ്ര വ്യാപനനാളിലും വിശുദ്ധിയുടെ ഇടങ്ങൾ നമുക്ക് കണ്ടെത്താനാകുമെന്നതാണ് ഏറെ ആശ്വാസകരം.

## നാമെല്ലാവരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവർ

സഭയിൽ മുൻപെല്ലാം വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ടവർ കൂടുതലും വൈദികരും സന്യസ്തരുമായിരുന്നു. ഇന്നാകട്ടെ വിവിധ മണ്ഡലങ്ങളിൽ വ്യാപരിക്കുന്ന വ്യക്തികളെ വിശുദ്ധരായി സഭ പ്രഖ്യാപിക്കുന്നുണ്ട്. മറ്റൊരു മതത്തിൽ ജീവിച്ച് വളർന്ന് യേശുവിന്റെ വിളികേട്ട് രക്ഷയുടെ മാർഗത്തിലേക്ക് കടന്നുവന്ന വിശുദ്ധ ദേവസഹായം ഭാരതത്തിലെ അൽമായരുടെ കാവൽ മധ്യസ്ഥനാണ്. തന്റെ പരമ്പരാഗതമായ വിശ്വാസത്തിൽനിന്ന് യേശുവിനെ രക്ഷകനും നാഥനുമായി അദ്ദേഹം ഏറ്റുപറഞ്ഞു. അതിനാൽ വൈദികരും സന്യസ്തരും മാത്രമല്ല ജീവിതത്തിന്റെ വ്യത്യസ്തമേഖലകളിൽ



**സകല വിശുദ്ധരുടെയും കൂട്ടായ്മയിൽ എല്ലാവർക്കും തുല്യ പ്രാധാന്യമാണ് കൈവരുന്നത്. ഓരോ വിശ്വാസിയും വിശുദ്ധിയിൽ ജീവിച്ച് വിശുദ്ധരായിത്തീരാനാണ് സഭ ആഗ്രഹിക്കുന്നത്.**

നിലകൊള്ളുന്നവർക്കും ഇന്ന് വിശുദ്ധിയുടെ ഔന്നത്യത്തിലേക്ക് കടന്നുവരാൻ അവസരം ലഭ്യമായിരിക്കുന്നു.

## വിശുദ്ധിയുടെ മൂല്യവാഹകരാകാൻ

ഒരു വ്യക്തിയുടെ സമഗ്രമായ ജീവിതക്രമമായി വിശുദ്ധിയെ വിശേഷിപ്പിക്കാം. നമ്മുടെ സംസാരം, പ്രവൃത്തികൾ, ഇടപെടലുകൾ, അപരന്റെ നന്മയിലുള്ള താല്പര്യം, പരസ്പര സ്നേഹം, ദയ, കാരുണ്യം എന്നീ മൂല്യങ്ങളൊക്കെ ഉൾക്കൊണ്ട് നാം എങ്ങനെ നമ്മുടെ ജീവിതത്തെ ശുശ്രൂഷയായി രൂപപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചാണ് വിശുദ്ധി നിലകൊള്ളുന്നത്. നാം ആയിരിക്കുന്ന മേഖലകളിൽ ഈ വിശുദ്ധി ഉയർത്തിപ്പിടിക്കുവാൻ ഏതവസ്ഥയിലും നമുക്ക് സാധിക്കണം. വ്യക്തിപരമായി നാം കണ്ടുമുട്ടുകയും അനുഭവിക്കുകയും ചെയ്യുന്ന യേശുവിനെ സകലർക്കും സംലഭ്യമാക്കണം. ജോലിസ്ഥലങ്ങളിൽ, സൈബറിടങ്ങളിൽ, മാധ്യമ കലാകായിക സാംസ്കാരിക, സാമൂഹിക, വിദ്യാഭ്യാസ മേഖലകളിലൊക്കെ വിശുദ്ധിയുടെ സൗരഭ്യം നാം പകരണം. ലോകപ്രശസ്തരായ ഫുട്ബോൾതാരങ്ങൾ കോർട്ടിലിറങ്ങുമ്പോഴും ഗോളുകൾ നേടുമ്പോഴും കോർട്ടിൽ പരസ്യമായി മുട്ടുകുത്തി നിന്ന് പ്രാർത്ഥിക്കുന്നത് നാം കണ്ടിട്ടുണ്ട്. ദൈവവിശ്വാസ പ്രഘോഷണ വേദികളായി നമ്മുടെ കർമരംഗങ്ങളെ പരിവർത്തനം ചെയ്യാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്.

## പ്രസാദവരാവസ്ഥയും വിശുദ്ധിയും

ഞാൻ ജീവിക്കുകയും ചരിക്കുകയും ആയിരിക്കുകയും ചെയ്യുന്നത് ദൈവത്തിലാണെങ്കിൽ ആ അവസ്ഥ പ്രസാദവര സമൃദ്ധിയിലാണെന്ന് പറയാം. കൂദാശകളിലൂടെയാണ് നമ്മിലേക്ക് ഈ പ്രസാദവരാവസ്ഥ കടന്നുവരുന്നത്. നിരന്തരമായ ദൈവിക സാന്നിധ്യാവബോധമാണ് ഒരു വ്യക്തിയെ പ്രസാദവരാവസ്ഥയിൽ നിലനിർത്തുന്നത്. നാം ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും ദൈവത്തിന്റെ മുന്നിലാണെന്ന ബോധ്യം വിശുദ്ധിയിലും പ്രസാദവരാവസ്ഥയിലും നിലനില്ക്കാൻ നമ്മെ സഹായിക്കുന്നു. പ്രസാദവരാവസ്ഥയിൽ നിലനില്ക്കുമ്പോഴാണ് ഒരാൾക്ക് വിശുദ്ധിയിൽ ജീവിക്കാനാകുക. വിശുദ്ധിയും പ്രസാദവരാവസ്ഥയും പരസ്പര പൂരകങ്ങളായി നിലകൊള്ളുന്നു.

## വിശുദ്ധിയുടെ പടവുകൾ താണ്ടാൻ. . . നിതാന്ത ജാഗ്രത പുലർത്തുക

എപ്പോഴും ജാഗരൂകരായി നിലകൊണ്ട് തിന്മയെ അകറ്റി നിർത്തുകയും ജീവിതത്തിൽ ശരികളെ ചേർത്തുനിർത്തുകയും ചെയ്യുമ്പോഴാണ് വിശുദ്ധിയുടെ പടവുകൾ നമുക്ക് താണ്ടാൻ കഴിയുക എന്നത്രെ ഫ്രാൻസിസ് പാപ്പ പറഞ്ഞത്. ഈ ലോകത്തിന്റെ വ്യാപാരങ്ങൾക്കൊപ്പമല്ല മറിച്ച് ശരി തെറ്റുകളെ വിവേചിച്ചറിഞ്ഞ് പരിശുദ്ധാത്മാവിന്റെ ആവാസത്താൽ നിറഞ്ഞ വിശുദ്ധ ജീവിതം നയിക്കണമെന്നാണ് പാപ്പ വിശ്വാസികളെ ആഹ്വാനം ചെയ്തത്. സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളുടെ മാസ്മരികതയിൽ അകപ്പെട്ട് തിന്മകളിൽ വീണുപോകാനും അതുവഴി നാശത്തിന്റെ വഴിയേ ചരിക്കാനും ഇടയാക്കും. അതിനാൽ തിന്മക്കടിമപ്പെടാതെ നന്മയിൽ ജീവിക്കാൻ നാം സദാ ജാഗ്രത പുലർത്തണം.

വിശുദ്ധിയിൽ മുന്നേറാൻ പ്രധാനമായും രണ്ടു തടസ്സങ്ങളാണ് നാം അഭിമുഖീകരിക്കേണ്ടിവരുന്നതെന്ന് ഫ്രാൻസിസ് പാപ്പ പറയുന്നു. (1) ഒരാൾ തന്റെ സ്വന്തം അറിവിൽ അഹങ്കരിക്കുന്നു; അങ്ങനെ വരുമ്പോൾ അയാൾ ദൈവത്തിന്റെ പ്രസാദവര ശക്തിയെ വേണ്ടന്നു വയ്ക്കുന്നു. (2) കഴിവുകൾ എനിക്ക് വളരെയേറെയുണ്ട് എന്ന അഹങ്കാരം; ഇതുമൂലം ദൈവത്തിന്റെ സഹായം തന്റെ ജീവിതത്തിലേക്ക് കടന്നുവരാൻ സ്വയം തടസ്സങ്ങൾ സൃഷ്ടിക്കുന്നു. അറിവും കഴിവും ദൈവികദാനങ്ങളാണെന്ന തിരിച്ചറിവിൽനിന്നുമാത്രമെ ദൈവത്തിന്റെ പ്രസാദവര സമൃദ്ധി നമ്മിൽ നിറയൂ.

## സകല വിശുദ്ധരുടെയും കൂട്ടായ്മയിലുള്ള പങ്കുചേരൽ

നാം ആയിരിക്കുന്ന മണ്ഡലങ്ങളിൽ വ്യാപരിച്ചുകൊണ്ട്; (പ്രത്യേകിച്ച് അൽമായർ) കുടുംബ ജീവിതത്തിന്റെ ഉത്തരവാദിത്തങ്ങൾ നിർവഹിച്ചുകൊണ്ട്, നല്ല അയൽ ബന്ധങ്ങളിലൂടെയും സാമൂഹ്യ ഇടപെടലുകളിലൂടെയും വിശുദ്ധിയിലും വിജ്ഞാനത്തിലും അഭിവൃദ്ധിപ്പെടണം. അങ്ങനെ നാം വിശുദ്ധജന്മങ്ങളായിത്തീരണം. സകല വിശുദ്ധരുടെയും കൂട്ടായ്മയിൽ എല്ലാവർക്കും തുല്യ പ്രാധാന്യമാണ് കൈവരുന്നത്. ഓരോ വിശ്വാസിയും വിശുദ്ധിയിൽ ജീവിച്ച് വിശുദ്ധരായിത്തീരാനാണ് സഭ ആഗ്രഹിക്കുന്നത്. സ്നേഹത്തിൽ ജീവിക്കുക; സ്നേഹം പ്രകാശമാനമാക്കുക; മറ്റുള്ളവർക്ക് സ്നേഹവും സമാശ്വാസവും പകർന്ന് ജീവിക്കുക എന്നതാണ് സകല വിശുദ്ധരുടെയും കൂട്ടായ്മയിൽ പങ്കുചേരാനുള്ള മാർഗം. •

(അഭിമുഖത്തെ ആസ്പദമാക്കി ഇഗ്നേഷ്യസ് തോമസ് തയ്യാറാക്കിയ ലേഖനം).



# പ്രത്യാശയുള്ളിടത്തോളം സ്വപ്നങ്ങൾക്ക് മരണമില്ല

ഫാ. ഇമ്മാനുവേൽ വൈ.

മനുഷ്യബന്ധത്തെ സ്വർഗീയ കരുണയുമായി ബന്ധിപ്പിക്കുന്ന പ്രകാശമാണ് പ്രത്യാശ എന്ന പാടിയത് ആംഗലേയ കവി ഷെല്ലിയാണ്. ജീവിതത്തെ സമുദ്രസമാനമായി കാണുന്നവർക്കുമുന്നിൽ പ്രത്യാശയെന്നത് തീരമാണ്. അലകൾ എത്ര ആഞ്ഞടിച്ചാലും തീരമെത്ര വിദൂരത്തായാലും നീന്താൻ പ്രേരിപ്പിച്ചുകൊണ്ടേയിരിക്കുന്ന കൊള്ളിയാൻ വെട്ടം. പ്രത്യാശയെ ഒരു പൂവിനോട് ഉപമിക്കുന്നതിനേക്കാൾ മുള്ളിനിടയിലെ സുഗന്ധമായി കാണാനാണ് കൂടുതൽ ഇഷ്ടം.

ജീവിതമാകുന്ന ചിതലരിച്ച പേജുകൾക്കിടയിലും പ്രത്യാശയുടെ ഒരു വരി ഇപ്പോഴുമുണ്ടെന്ന് അയ്യപ്പപണിക്കർ എഴുതുമ്പോൾ അത് നൽകുന്ന ആത്മവിശ്വാസം ഒട്ടും ചെറുതല്ല. 'നക്ഷത്രമഴ' എന്ന കുട്ടിക്കഥയിൽ, കുഞ്ഞ് അമ്മയോടു ചോദിക്കുന്നുണ്ട്; 'അമ്മേ, നക്ഷത്രങ്ങൾ എന്തിനാണ് പൊളിഞ്ഞുവീഴുന്നത്?' അമ്മ പറയുമത്രെ; 'കുഞ്ഞേ, അവ വീഴുന്നത് മറ്റൊരു ആകാശത്ത് വീണ്ടും തെളിയാനാണ്.' (Thy fall only to shine in another sky). ഭൂമിയിലെ നോവിനും നൊമ്പരങ്ങൾക്കും മുകളിൽ നക്ഷത്ര നിബിഡമായ മറ്റൊരാകാശമുണ്ടെന്നുള്ള പ്രതീക്ഷ മനസ്സിൽ സൂക്ഷിക്കുന്നതെത്ര നല്ലത്.

മഴവില്ല് ഒരിക്കലും ആകാശത്തിന്റെ തുണയല്ലെന്നും പ്രത്യാശയുടെ അടയാളമാണെന്നും കവി വൈലോപ്പിള്ളി പാടിയിട്ടുണ്ട്. ജീവിതമാകുന്ന മഴവില്ലിനെ തുണയായി കാണുന്നവരാണ് നിരാശയിലാണ്ടുപോകുന്നത്. ജീവിതം മഴവില്ലുപോലെ വർണാഭമാകാൻ പ്രത്യാശയുടെ രശ്മികൾ ഹൃദയത്തിൽ കൂടിയേ തീരൂ. മാലാഖയും ചിത്രകാരനുമെന്ന കൊച്ചുകഥയിൽ, തന്റെ ജീവിതത്തിലെ പരാജയങ്ങളിൽ നിരാശനായി ഇനിയൊരിക്കലും പെയിന്റിംഗ് ചെയ്യില്ലെന്ന് പ്രതിജ്ഞയെടുത്ത ചിത്രകാരനോട് മാലാഖ സ്വപ്നത്തിൽ പറയുന്നുണ്ട് "നിന്റെ നിറങ്ങൾ മങ്ങിയെങ്കിലെന്ത്, ആകാശത്തിന് ഇപ്പോഴും നീലനിറമാണ്" (Even if your colours fade, the sky remains blue). പുതിയ പ്രതീക്ഷയോടെ അയാൾ ബ്രഷ് എടുത്ത് അടുത്ത ചിത്രം വരയ്ക്കുകയാണ്.

ക്രിസ്തുമസ് പ്രത്യാശയുടെ പെരുന്നാളാണ്. വേദനകളെ അതിജീവിക്കുന്ന സംഗീതമാണ് ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ മാലാഖമാരും ആട്ടിടയന്മാരും മീട്ടുന്നത്.... പ്രത്യാശ നഷ്ടമായവരുടെയും പ്രതീക്ഷയ്ക്കു വകയില്ലാത്തവരുടെയും കരച്ചിലാണ് പുൽക്കൂട്ടിൽ മുഴങ്ങുന്ന നാദം.... മനുഷ്യഹൃദയവും ലോകവും അന്ധകാരത്തിലാണ്ടുപോകുന്നിടത്താണ് നക്ഷത്രം മിന്നിത്തെളിയുന്നത്... മനുഷ്യൻ മനുഷ്യനാകുന്നത് പ്രത്യാശയുള്ളവനാകുമ്പോഴും അവൻ ഭയപ്പെടുന്നത് നിരാശനാകുമ്പോഴുമാണ്. ഹേറോദേസിന് സംഭവിച്ചതും അതുതന്നെയാണ്. ഭയത്തെക്കാൾ ശക്തമാണ് പ്രത്യാശ. പുൽക്കൂട്ടിൽ ദൈവപുത്രൻ ഭൂജാതനായപ്പോൾ ആ വാർത്ത ഹെറോദേസിനെ ഭയപ്പെടുത്തി. കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണി പ്രത്യാശയുടെ നക്ഷത്രമാണ്.

ആത്മാവിൽ വസിക്കുന്ന ചിറകുള്ളൊരു ജീവിയാണ് പ്രത്യാശയെന്ന് എമിലി ഡിക്കിൻസൺ എഴുതിയത് ഓർമയില്ലേ! ആത്മാവിന്റെ ഹൃദയമിടിപ്പാണ് പ്രത്യാശ. ആ മിടിപ്പ് നിലച്ചാൽപ്പിന്നെ ജീവനുമില്ല, ജീവിതവുമില്ല. നിരാശക്കടലിൽ മുങ്ങിത്താഴേണ്ടതല്ല, പ്രത്യാശയുടെ തീരം ലക്ഷ്യമാക്കി പായേണ്ട പായ്മരമാണ് ജീവിതം.

പ്രത്യാശ:
അസ്തമിക്കാത്ത അതിര്
സ്വപ്നങ്ങളുടെ സമുദ്രം
പുതുപുലരിയുടെ വാഗ്ദാനം
ആത്മവിശ്വാസത്തിന്റെ അനുനാദം...

•



# ഒരിക്കൽക്കൂടി...

ബെർണാഡ് മൊറൈസ്

നിണമണിഞ്ഞ കാല്പാടുകളുമായ്
നടന്നു പോയൊരാൾ

വിവസ്ത്രനാക്കപ്പെട്ടപ്പോഴും
ചെകിട്ടത്തടിയേറ്റു വീണപ്പോഴും
കുന്തമുനകളാൽ മുറിവേറ്റപ്പോഴും
പുഞ്ചിരി തൂകി
തനിയേ നടന്നൊരാൾ

ഒടുവിൽ
സൂര്യകിരണപ്രഭാലംകൃതമായി
പരമാത്മാവിൽ വിലയം പ്രാപിക്കുമ്പോൾ
വിറയ്ക്കുന്ന അധരങ്ങളാൽ
കണ്ണുമിടറിക്കൊണ്ട്
അമ്മ
മന്ത്രിച്ചിരിക്കാം...
ഒരിക്കൽക്കൂടി
മകനേ, നീ വരുമോ?

കാനായിലെ വിവാഹമന്ദിരത്തിൽ
വീഞ്ഞൊരുക്കാൻ
ലാസറെ ഉയിർപ്പിക്കാൻ
ദേവാലയാങ്കണത്തിൽ
കച്ചവടക്കാരെയും
ചൂതാട്ടക്കാരെയും
ചാട്ടവാറാൽ പ്രഹരിച്ചോടിക്കാൻ
അനീതിക്കും അഴിമതിക്കുമെതിരെ പ്രതികരിക്കാൻ
മകനേ
നീ ഒരിക്കൽക്കൂടി...


നിനക്കായ് വീണ്ടും
ഞാൻ പുല്ലുടൊരുക്കാം
പുല്മെത്ത വിരിക്കാം

താഴെ
ആട്ടിടയവൃന്ദം അണിനിരക്കുമ്പോൾ
മുകളിൽ
മാലാഖക്കുഞ്ഞുങ്ങൾ
താരകാകീർണമായ
സന്ധ്യാവിഹായസ്സിൽ
കീർത്തനം പാടുമ്പോൾ
അമ്മ കാതിൽ മന്ത്രിക്കും

കുമാരാ
ദൈവകുമാരാ
ഒരിക്കൽക്കൂടി
നീയെനിക്ക് മകനായ്...



ലേഖനം



# ഹാ, സ്നേഹമേ!

സിന്ദുമോൾ തോമസ്

സ്നേഹിക്കാൻ കഴിയുക വലിയൊരു കാര്യമാണ്. പ്രത്യേകിച്ച് ഒരു ഉദ്ദേശ്യവും കൂടാതെ സ്നേഹിക്കുക. പ്രയോജനം നോക്കാതെ സ്നേഹിക്കുക. വ്യക്തികളെ മാറ്റാനും കാര്യസാധ്യത്തിനുമല്ലാതെ സ്നേഹിക്കുക എന്നത് അനുകരണീയമായ ഒരു കലയാണ്. അത് നമ്മുടെതന്നെ വളർച്ചയാണ്, പാകതയാണ്. സ്നേഹിക്കാൻ ഒരാൾ ഉണ്ടാവുക, ഇഷ്ടത്തോടെ ചെയ്യാൻ ചില കടമകളും ഉത്തരവാദിത്തങ്ങളുമുണ്ടാവുക, ജീവിക്കാൻ ഒരു കാരണം ഉണ്ടാവുക, ജീവിതത്തോട് ഒരു ലഹരി ഉണ്ടാവുക- ഇതൊക്കെയും ഒരു അനുഗ്രഹമാണ്. സൂക്ഷ്മമായി ചിന്തിച്ചാൽ, സ്നേഹം ഒരു തീരുമാനവും ദൃഢനിശ്ചയവുമാണ്. സ്നേഹിക്കുന്നതെല്ലാം സ്വന്തമാക്കണമെന്നാണ് വിചാരമെങ്കിൽ അതു സ്നേഹമല്ല. അലങ്കാരങ്ങളില്ലാതെ പറഞ്ഞാൽ സ്വാർഥതയാണ്.

സ്നേഹം, കൊടുക്കുന്ന അതേ അളവിൽ തിരിച്ചു കിട്ടണം എന്ന് നിർബന്ധം പിടിക്കരുത്, അതു സ്നേഹമല്ലാതാകും. അപ്പോൾ നമ്മൾ പറയുന്ന ഉടമസ്ഥത (possessiveness), ശാഠ്യങ്ങൾ, സ്നേഹത്തിന്റെ സ്വാതന്ത്ര്യം? അതൊക്കെ നമ്മൾ സ്നേഹത്തിന്റെ പേരിൽ അവകാശപ്പെടുന്ന പദവികളാണ്. ആനുകൂല്യത്തിനുവേണ്ടി അവലംബിക്കുന്നതൊന്നും സ്നേഹമല്ല. സ്നേഹിക്കാൻ ബോധപൂർവമായ പരിശ്രമം ആവശ്യമാണ്. സ്നേഹിക്കുക എന്നുവച്ചാൽ ഒരാളെ എല്ലാ ബലഹീനതകളോടും കൂടി സ്വീകരിക്കുക എന്നാണ് അർഥം. വലിയ പാടാണ്. അതുകൊണ്ടല്ലേ, ഒരുമാതിരി ബന്ധങ്ങളെല്ലാം ബാർട്ടർ സമ്പ്രദായമാകുന്നത്.

"സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല" (1 കോറി:13:8). പുതുമ നഷ്ടപ്പെടുമ്പോൾ വിരസമായിത്തീരുന്ന സ്നേഹബന്ധങ്ങളോ? അമ്മാതിരി ബന്ധങ്ങളൊക്കെ സ്നേഹമെന്നു നമ്മൾ തെറ്റിധരിച്ചതാണ്. അവയൊക്കെയും ബന്ധനങ്ങളായിരുന്നല്ലോ. സ്നേഹം വികാരാധിഷ്ഠിതമല്ല, വിചാരങ്ങൾക്കുമുപരിയാണ്. എപ്പോഴാണ് സ്നേഹിക്കേണ്ടത്? എപ്പോഴും സ്നേഹിക്കണം. കുട്ടികൾ കുസൃതികാട്ടിയാലും അനുസരണക്കേടുകാണിച്ചാലും പങ്കാളി ഉത്തരവാദിത്തരഹിതമായി പെരുമാറിയാലും മാതാപിതാക്കൾ പക്ഷപാതം കാണിച്ചാലും സ്നേഹത്തിൽ കുറവ് വരുത്തരുത്. എല്ലാ തെറ്റുകളും തിരുത്തിയശേഷം എല്ലാ കുറവുകളും നികത്തിയശേഷം സ്നേഹിക്കാൻ നേരം കിട്ടിയെന്ന് വരില്ല. ഇപ്പോഴേ സ്നേഹിച്ച് തുടങ്ങുക, സ്നേഹിക്കുന്നത് തുടരുക, കൂടുതൽ സ്നേഹിക്കുക.

സ്നേഹം ജീവിതത്തിന് ഒരു പുതിയ ദർശനം നൽകുന്നു. അതുകൊണ്ടാണ് ക്രിസ്തു പറഞ്ഞത്. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ആരെയാണ് സ്നേഹിക്കേണ്ടത്? എല്ലാവരെയും സ്നേഹിക്കുക. "ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കുവിൻ" (മത്തായി 5 : 44). എല്ലാവരെയും സ്നേഹിക്കാൻതക്കവിധം നമ്മൾ വളരണം. സ്നേഹിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കാനും സഹിക്കാനും കഴിയണം. "സ്നേഹം സകലതും സഹിക്കുന്നു; സകലതും വിശ്വസിക്കുന്നു; സകലതും പ്രത്യാശിക്കുന്നു; സകലത്തെയും അതിജീവിക്കുന്നു." അതുകൊണ്ടുതന്നെ സർവോത്കൃഷ്ടമാണ് സ്നേഹം. ധാരാളം പേർ നമ്മെ സ്നേഹിക്കുന്നുണ്ട്. അതിലേറെപ്പേർ നമ്മെ ഓർമിക്കുന്നുമുണ്ട്. ഒന്നിനുമല്ലാതെ സ്നേഹിക്കുക. ഒരുപാട് സ്നേഹിക്കാൻ സാധിക്കട്ടെ. സ്നേഹത്തിന്റെ പരിമളം എമ്പാടും പരക്കട്ടെ.

വർഷം മുഴുവൻ പച്ചിലകൾ ചൂടി നിന്നിട്ട് ഡിസംബർ പിറക്കുമ്പോൾ അടിമുടി ചുവക്കുന്ന പോയിൻ സെറ്റിയ പോലെ ഓരോ ഹൃദയത്തിലും സ്നേഹത്തിന്റെ ചുവപ്പുപടരട്ടെ. ഈ ക്രിസ്തുമസ് കാലത്ത് സ്നേഹത്തെക്കുറിച്ചല്ലാതെ മറ്റെന്തു പറയാൻ!

ക്രിസ്തുമസ് ആശംസകൾ...





കാനോൻ നിയമം

# പ്രാദേശിക സഭാധികാരിയുടെ അനുവാദമില്ലാതെ നടത്തപ്പെടുന്ന മിശ്രവിവാഹങ്ങളുടെ സഭാപരമായ ഫലങ്ങൾ:



ഫാ. ജോസ് ജി., അതിരൂപത ചാൻസിലർ

ഇത്തരം വിവാഹങ്ങൾക്ക് രണ്ടുതരം ഫലങ്ങളാണ് സഭാപരമായുള്ളത്:

1) കത്തോലിക്കാ സഭാംഗവും അകത്തോലിക്കാ പൗരസ്ത്യ സഭാംഗവും തമ്മിലുള്ള വിവാഹം നിയമാനുസൃതമല്ലാത്തതായി കണക്കാക്കും. എന്നിരുന്നാലും, സാധുതയുള്ള വിവാഹമായി പരിഗണിക്കപ്പെടും (CIC 1127,1).

2) കത്തോലിക്കാ സഭാംഗവും അകത്തോലിക്കാ ക്രൈസ്തവ കൂട്ടായ്മയിൽപ്പെടുന്ന അംഗവും (അകത്തോലിക്കാ പൗരസ്ത്യസഭാ ഇതര അംഗം) തമ്മിലുള്ള വിവാഹം, സഭാപരമായ കാനോനിക ക്രമത്തിന്റെ അഭാവം ഉള്ളതിനാൽ, പ്രഥമദൃഷ്ട്യാ അസാധുവായി പരിഗണിക്കപ്പെടും (CIC 1127,2).

CIC 1127, 2-ന്മേൽ CCBI നല്കുന്ന നിർദേശമനുസരിച്ച്, രൂപതാധ്യക്ഷൻ അനുമതി നല്കുന്നില്ലെങ്കിൽ, മിശ്രവിവാഹത്തിന് ദിവ്യബലി പാടില്ലാത്തതാകുന്നു. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ പ്രാദേശിക നിയമ (PLLAT) 465 പ്രകാരം, മിശ്ര വിവാഹങ്ങൾക്ക് ദിവ്യബലി പാടില്ലാത്തതാകുന്നു.

2. കത്തോലിക്കാ വിശ്വാസിയും ജ്ഞാനസ്നാനം സ്വീകരിക്കാത്ത വ്യക്തിയും (അക്രൈസ്തവ വ്യക്തിയും) തമ്മിലുള്ള മിശ്രവിവാഹം (മതേതര വിവാഹം).

CIC 1086,1പ്രകാരം കത്തോലിക്കാ സഭാംഗവും ജ്ഞാനസ്നാനം സ്വീകരിക്കാത്ത വ്യക്തിയും തമ്മിലുള്ള വിവാഹം സാധുതയില്ലാത്തതാണ്. അതായത്, സാധാരണ രീതിയിൽ, മതേതര വിവാഹം സഭാപരമായി സാധ്യമല്ല ( ഹിന്ദു മാര്യേജ് ആക്ട് 1955, മുസ്ലീം മാര്യേജ് രജിസ്ട്രേഷൻ ആക്ട് 1981 പ്രകാരവും മതേതര വിവാഹം സാധ്യമല്ല). CIC 1125-1126 എന്നിവ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുമെന്ന കത്തോലിക്കാ വിശ്വാസിയുടെ ഉറപ്പിന്മേലും ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ (CCBI) ഇക്കാര്യത്തിലുള്ള മാർഗ്ഗനിർദേശങ്ങൾ ഉറപ്പാക്കിയും CIC 1086,12 നല്കുന്ന അധികാരമുപയോഗിച്ചും മതേതര വിവാഹതടസ്സത്തിൽനിന്നും പ്രാദേശിക സഭാധികാരിക്ക് ഇളവ് നല്കാവുന്നതാണ്.

ജ്ഞാസ്നാനം സ്വീകരിക്കാത്ത വ്യക്തിയുടെ വിവാഹ മുന്നൊരുക്ക പ്രക്രിയ സഭാപരമായി ക്ലേശകരമായതിനാൽ ഗവ. നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം വിവാഹാർഥിയിൽനിന്നും സ്വീകരിക്കുന്നു. വിവാഹാർഥിയുടെ പേര്, ജനനതീയതി, മതം, ഫ്രീ സ്റ്റാറ്റസ്, കത്തോലിക്കാ വിശ്വാസി സഭാമുമ്പാകെ നല്കിയ ഉറപ്പുകൾ ആദരിക്കാനുള്ള സന്നദ്ധത, സ്വന്തം മതാചാരമനുസരിച്ചുള്ള വിവാഹച്ചടങ്ങ് ഒഴിവാക്കാനുള്ള സന്നദ്ധത എന്നിവയാണ് പ്രസ്തുത സത്യവാങ്മൂലത്തിലെ ഉള്ളടക്കം. CIC 1127,3 പ്രകാരം, സഭാപരമായ വിവാഹാഘോഷത്തിനു മുമ്പോ അതിനുശേഷമോ അതേ വിവാഹത്തിന്റെ മതപരമായ മറ്റൊരാഘോഷം നിരോധിച്ചിരിക്കുന്നു. CIC 1127 , 2-ന്മേൽ CCBI നല്കുന്ന നിർദേശമനുസരിച്ച്, മതേതര വിവാഹത്തിന് (Disparity of Cult Marriage) ദിവ്യബലി പാടില്ലാത്തതാകുന്നു. PLLAT 466, 467 എന്നിവ പ്രകാരം, മതേതര വിവാഹങ്ങൾക്ക് ദിവ്യബലി പാടില്ലാത്തതാകുന്നു.

ഇത്തരം വിവാഹങ്ങൾക്ക് രണ്ടുതരം ഫലങ്ങളാണ് സഭാപരമായുള്ളത്:

1) കത്തോലിക്കാ സഭാംഗവും അകത്തോലിക്കാ പൗരസ്ത്യ സഭാംഗവും തമ്മിലുള്ള വിവാഹം നിയമാനുസൃതമല്ലാത്തതായി കണക്കാക്കും. എന്നിരുന്നാലും, സാധുതയുള്ള വിവാഹമായി പരിഗണിക്കപ്പെടും (CIC 1127,1).

2) കത്തോലിക്കാ സഭാംഗവും അകത്തോലിക്കാ ക്രൈസ്തവ കൂട്ടായ്മയിൽപ്പെടുന്ന അംഗവും (അകത്തോലിക്കാ പൗരസ്ത്യസഭാ ഇതര അംഗം) തമ്മിലുള്ള വിവാഹം, സഭാപരമായ കാനോനിക ക്രമത്തിന്റെ അഭാവം ഉള്ളതിനാൽ, പ്രഥമദൃഷ്ട്യാ അസാധുവായി പരിഗണിക്കപ്പെടും (CIC 1127,2).

CIC 1127,2-ന്മേൽ CCBI നല്കുന്ന നിർദേശമനുസരിച്ച്, രൂപതാധ്യക്ഷൻ അനുമതി നല്കുന്നില്ലെങ്കിൽ, മിശ്രവിവാഹത്തിന് ദിവ്യബലി പാടില്ലാത്തതാകുന്നു. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ പ്രാദേശിക നിയമം (PLLAT) 465 പ്രകാരം, മിശ്ര വിവാഹങ്ങൾക്ക് ദിവ്യബലി പാടില്ലാത്തതാകുന്നു.

2. കത്തോലിക്കാ വിശ്വാസിയും ജ്ഞാനസ്നാനം സ്വീകരിക്കാത്ത വ്യക്തിയും (അക്രൈസ്തവ വ്യക്തിയും) തമ്മിലുള്ള മിശ്രവിവാഹം (മതേതര വിവാഹം).

CIC 1086,1പ്രകാരം കത്തോലിക്കാ സഭാംഗവും ജ്ഞാനസ്നാനം സ്വീകരിക്കാത്ത വ്യക്തിയും തമ്മിലുള്ള വിവാഹം സാധുതയില്ലാത്തതാണ്. അതായത്, സാധാരണ രീതിയിൽ, മതേതര വിവാഹം സഭാപരമായി സാധ്യമല്ല ( ഹിന്ദു മാര്യേജ് ആക്ട് 1955, മുസ്ലീം മാര്യേജ് രജിസ്ട്രേഷൻ ആക്ട് 1981 പ്രകാരവും മതേതര വിവാഹം സാധ്യമല്ല). CIC 1125-1126 എന്നിവ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുമെന്ന കത്തോലിക്കാ വിശ്വാസിയുടെ ഉറപ്പിന്മേലും ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ (CCBI) ഇക്കാര്യത്തിലുള്ള മാർഗനിർദേശങ്ങൾ ഉറപ്പാക്കിയും CIC 1086,12 നല്കുന്ന അധികാരമുപയോഗിച്ചും മതേതര വിവാഹതടസ്സത്തിൽനിന്നും പ്രാദേശിക സഭാധികാരിക്ക് ഇളവ് നല്കാവുന്നതാണ്.

ജ്ഞാസ്നാനം സ്വീകരിക്കാത്ത വ്യക്തിയുടെ വിവാഹ മുന്നൊരുക്ക പ്രക്രിയ സഭാപരമായി ക്ലേശകരമായതിനാൽ ഗവ. നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം വിവാഹാർഥിയിൽനിന്നും സ്വീകരിക്കുന്നു. വിവാഹാർഥിയുടെ പേര്, ജനനതീയതി, മതം, ഫ്രീ സ്റ്റാറ്റസ്, കത്തോലിക്കാ വിശഅവാസി സഭാമുമ്പാകെ നല്കിയ ഉറപ്പുകൾ ആദരിക്കാനുള്ള സന്നദ്ധത, സ്വന്തം മതാചാരമനുസരിച്ചുള്ള വിവാഹച്ചടങ്ങ് ഒഴിവാക്കാനുള്ള സന്നദ്ധത എന്നിവയാണ് പ്രസ്തുത സത്യവാങ്മൂലത്തിലെ ഉള്ളടക്കം. CIC 1127,3 പ്രകാരം, സഭാപരമായ വിവാഹാഘോഷത്തിനു മുമ്പോ അതിനുശേഷമോ അതേ വിവാഹത്തിന്റെ മതപരമായ മറ്റൊരാഘോഷം നിരോധിച്ചിരിക്കുന്നു. CIC 1127,2-ന്മേൽ CCBI നല്കുന്ന നിർദേശമനുസരിച്ച്, മതേതര വിവാഹത്തിന് (Disparity of Cult Marriage) ദിവ്യബലി പാടില്ലാത്തതാകുന്നു. PLLAT 466, 467 എന്നിവ പ്രകാരം, മതേതര വിവാഹങ്ങൾക്ക് ദിവ്യബലി പാടില്ലാത്തതാകുന്നു. •



# ജൂബിലി - 2025 - നവതി - 2027 ലേയ്ക്കുള്ള അതിരൂപതയുടെ ആദ്യചുവടുവയ്പ്

ഫാ. റോഡ്രിഗ്കുട്ടി

## ജൂബിലി – 2025

2015-ൽ ഫ്രാൻസിസ് പാപ്പ ആഗ്രഹിച്ച കാരുണ്യത്തിന്റെ അസാധാരണ വിശുദ്ധ വർഷത്തിനുശേഷം, വരാനിരിക്കുന്ന ജൂബിലി, ഓരോ ജൂബിലി വർഷങ്ങൾക്കിടയിൽ 25-വർഷത്തെ ഇടവേള നൽകാനുള്ള മാനദണ്ഡത്തിനനുസൃതമായാണ് ക്രമപ്പെടുത്തുക. ലോകവും കത്തോലിക്കാസഭയും പുതിയ സഹസ്രാബ്ദത്തിലേക്ക് പ്രവേശിക്കാൻ തയ്യാറെടുത്ത 2000ത്തിലാണ് ഇതിനുമുമ്പുള്ള സാധാരണ ജൂബിലി നടന്നത്.

എന്തിനാണ് ഈ ജൂബിലി എന്നുചോദിച്ചാൽ സഭയ്ക്ക് ആത്മീയമായ ഒരു പുത്തനുണർവ് ഇന്നിന്റെ കാലഘട്ടത്തിനനുസരിച്ച് രൂപീകൃതമാക്കുക എന്നതാണ്. വിശ്വാസത്തിൽ ആഴപ്പെടാൻ എളുപ്പമാർഗം അനുരഞ്ജിതരാകുക എന്നതാണ്. വെറും ഒരു അനുരഞ്ജനമല്ല, ഹൃത്തിൽ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും വിട്ടുകൊടുക്കലിന്റെയും പങ്കുവയ്ക്കലിന്റെയും കരുതലിന്റെയും ആത്മീയഭാവങ്ങൾ ജ്വലിച്ചുനിൽക്കുന്ന ഒരു സ്നേഹപ്രസരണം.

മനുഷ്യമനസ്സുകളിൽ മനുഷ്യന്റെതന്നെ സ്വാർഥതകളാൽ വരുത്തിവച്ച മുറിവുകൾ രമ്യതയുടെ, സ്നേഹത്തിന്റെ, സമാധാനത്തിന്റെ വാത്സല്യഭാവങ്ങളുടെ ലേപനത്താൽ ഉണക്കുവാൻ മാനവകുലത്തെ സഭ ക്ഷണിക്കുന്ന നാളുകളാണ് ജൂബിലി കാലഘട്ടം. മനുഷ്യകുലത്തിനേറ്റ അപചയങ്ങൾ അവസാനിപ്പിക്കുക മാത്രമല്ല യുദ്ധം, കലഹം തുടങ്ങി സമൂഹത്തിന്റെ, സഭയുടെ, ദൈവജനത്തിന്റെ മുഖത്തിനേറ്റ ക്ഷതങ്ങൾ ദുരീകരിക്കുവാനുള്ള ക്ഷണംകൂടിയാണ് ഈ ജൂബിലി.

"അവൻ നമ്മെ സ്നേഹിച്ചു" (Dilexit Nos) എന്ന നാലാമത്തെ ചാക്രികലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പ ലോകത്തോട് ഇപ്രകാരം പറഞ്ഞുവയ്ക്കുന്നു; യേശുക്രിസ്തുവിന്റെ ഹൃദയത്തിൽ നിറഞ്ഞുതുളുമ്പുന്ന 'ദൈവസ്നേഹവും സഹോദരസ്നേഹവും' എല്ലാവരിലും ഉണ്ടാകട്ടെയെന്ന് പ്രാർഥിക്കുന്നു. മാത്രമല്ല, ഹൃദയമെന്ന പ്രതീകത്തെ ആഴമായി മനസ്സിലാക്കുവാനും തിരുഹൃദയത്തെ വെളിപ്പെടുത്തുന്ന യേശുക്രിസ്തുവിന്റെ അനന്തമായ സ്നേഹം മനസ്സിലാക്കുവാനും അതുവഴി നാം നമ്മുടെതന്നെ ജീവന്റെ സത്തയിലേക്ക് മടങ്ങുവാനും സർവോപരി ഹൃദയത്തെ വളർത്തുവാനും ആ പ്രബോധനത്തിലൂടെ പാപ്പാ നമ്മെ ക്ഷണിക്കുന്നു.

ഈ പശ്ചാത്തലത്തിലാണ് ജൂബിലി വർഷത്തിന്റെ വിഷയം വളരെ പ്രസക്തമായി നിൽക്കുന്നത്; 'പ്രത്യാശയുടെ തീർഥാടകർ' (Pilgrims of hope). 'പ്രത്യാശ' എന്തിനുവേണ്ടി? ആർക്കുവേണ്ടി? എന്ന ചിന്ത മനസ്സിലാക്കേണ്ടതിന്റെ ആവശ്യകത വളരെ പ്രസക്തമാണ്.

## എന്തിനുവേണ്ടിയാണ് ഈ 'പ്രത്യാശ'

വിശുദ്ധഗ്രന്ഥത്തിൽ ലേവ്യരുടെ പുസ്തകത്തിൽ 25-ാം അധ്യായത്തിൽ ജൂബിലിയുടെ പ്രസക്തിയെക്കുറിച്ച് പറഞ്ഞുവയ്ക്കുന്നു; അക്കാലഘട്ടത്തിൽ പാപപരിഹാരദിനമായി ദേശംമുഴുവൻ നിങ്ങൾ കാഹളം മുഴക്കണം. ദേശവാസികൾക്കെല്ലാം സ്വാതന്ത്ര്യം പ്രഖ്യാപിക്കണം. ഓരോരുത്തരും തങ്ങളുടെ കുടുംബത്തിലേക്ക് മടങ്ങിപ്പോകണം. അയൽക്കാരനെ ഞെരുക്കരുത്. മറ്റൊരർഥതലത്തിൽ പറഞ്ഞാൽ നിങ്ങൾ പരസ്പരം ആദരിക്കണം.

ആർക്കുവേണ്ടിയാണ് ജൂബിലി വർഷത്തിന്റെ ഫലങ്ങൾ നിലകൊള്ളുന്നത്?

"അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽനിന്ന് പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും" (മത്താ. 11: 28-29). ഇതാണ് ജൂബിലിവർഷത്തിൽ ക്രിസ്തുനാഥൻ നല്കുന്ന സുന്ദരമായ പ്ര



ത്യാശ.വിശുദ്ധ ഗ്രന്ഥത്തിലൂടെ ഒരു ആത്മീയ യാത്ര നടത്തിയാൽ പ്രത്യാശയുടെ പ്രതിപുരുഷന്മാരെയും അവർ നേരിട്ട നിരവധി സാഹചര്യങ്ങളെയും കണ്ടെത്താൻ കഴിയും.

## 1. അബ്രഹാം

വിശ്വാസികളുടെ പിതാവായി ഉയർത്തപ്പെടുന്നതിനുമുമ്പ് വിശ്വാസത്തിന്റെ പരീക്ഷകളിലൂടെ സഞ്ചരിച്ച വ്യക്തിയാണ് അബ്രഹാം. ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയും കടൽത്തീരത്തെ മണൽത്തരികളെപ്പോലെയും സന്താനങ്ങളെ ഞാൻ നിനക്കു തരും എന്ന ദൈവപിതാവിന്റെ വാഗ്ദാനം പ്രത്യാശയോടെ കാത്തിരുന്നു. വാർദ്ധക്യം അണഞ്ഞിട്ടും ആ പ്രത്യാശ അബ്രഹാം കൈവെടിഞ്ഞില്ല. എന്തിനേറെ വാർദ്ധക്യത്തിൽ ലഭിച്ച ഏക മകനെപ്പോലും നൽകാൻ തയ്യാറാകുമ്പോൾ അബ്രഹാമിന് ഒരേയൊരു പ്രത്യാശമാത്രമേ ഉണ്ടായിരുന്നുള്ളൂ മറ്റാരിലുമല്ല സർവ്വവും സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവത്തിൽ. ഇതാണ് വിശ്വാസികളുടെ പിതാവായ അബ്രഹാമിന് ദൈവത്തിലുണ്ടായ പ്രത്യാശയുടെ മഹത്വം.

## 2. ഇസ്രായേൽജനം

ഈജിപ്തിന്റെ അടിമത്തത്തിൽ ഉന്മൂലനം ചെയ്യപ്പെട്ടുപോകുമെന്ന് കരുതിയ ഇസ്രായേൽ, തങ്ങളുടെ പൂർവികരിലൂടെ നൽകിയ രക്ഷയുടെ വാഗ്ദാനം ദൈവത്തോട് കെഞ്ചി ചോദിക്കുന്നുണ്ട്; 'ഞങ്ങളെ രക്ഷിക്കണമേ... ' തന്നിൽ പ്രത്യാശയർപ്പിച്ച ജനത്തിന് ദൈവം മോശയെ നല്കി. വിശ്വാസ വർധനവിനായി പകർച്ചവ്യാധികൾ പുറപ്പെടുവിച്ചു, ചെങ്കടലിനെ രണ്ടായി ഭേദിച്ചു, രാത്രിയിൽ പ്രകാശം പകരുവാൻ പ്രകാശ ഗോപുരം സൃഷ്ടിച്ചു. മേഘപാളികൾകൊണ്ട് ചൂടിൽനിന്ന് സംരക്ഷിച്ചു. വിശന്നപ്പോൾ കാടപ്പക്ഷിയും മന്നയും ജലവും നല്കി. ഒടുവിൽ പ്രത്യാശയുടെ ദേശമായ തേനും പാലും ഒഴുകുന്ന കാനാൻദേശംതന്നെ നല്കി; ഒപ്പം ദൈവസാന്നിധ്യത്തിന്റെ 'വാഗ്ദാന പേടകം' പ്രത്യാശയുടെ ചിഹ്നമായി നല്കി.

## 3. പ്രത്യാശയുടെ മാണിക്യമായ ജോബ്

ജോബിനെ പരീക്ഷിക്കാനായി ദൈവം പിശാചിന് അനുമതി നല്കുമ്പോൾ ജോബിന് ആ അറിവ് ഇല്ലായിരുന്നു. പിശാച് തന്റെ പണി തുടങ്ങിയപ്പോൾ ജോബിന് തനിക്കുള്ളതെല്ലാം ഓരോന്നായി നഷ്ടപ്പെടാൻ തുടങ്ങി; സമ്പത്ത്, സൗഭാഗ്യങ്ങൾ, ഭാര്യ, മക്കൾ, സുഹൃത്തുക്കൾ; എന്തിനേറെ സ്വന്തം ശരീരംപോലും വ്രണാവൃതമായി. എന്നിട്ടും ജോബിന് ദൈവത്തിലുള്ള പ്രത്യാശ നഷ്ടപ്പെട്ടില്ല. പകരം പ്രത്യാശാപൂർവം തന്റെ വിശ്വാസം പ്രഖ്യാപിച്ചു; 'ദൈവം തന്നു ദൈവം എടുത്തു. ദൈവം വാഴ്ത്തപ്പെടട്ടെ'. ഇതാണ് പ്രത്യാശയുടെ അടിസ്ഥാനശില.

## 4. വിശുദ്ധഗണവും രക്തസാക്ഷികളും

രക്ഷകനായ ക്രിസ്തുവിനുവേണ്ടി ജീവൻ ഹോമിച്ചവരെ സഭ സ്നേഹാദരപൂർവം വിളിക്കുന്ന പേരാണ് വിശുദ്ധർ, രക്തസാക്ഷികൾ. അവർ സഹനത്തിന്റെ കല്ലും മുള്ളും താണ്ടുമ്പോഴും അവരെ തളരാതെ നിർത്തിയ ഒരു പ്രേരകശക്തിയുണ്ട്, അതാണ് അവർക്ക് ദൈവത്തിലുള്ള പ്രത്യാശ. അവർ ഒന്നല്ല രണ്ടല്ല പതിനായിരങ്ങളാണ്. അവർ കുഞ്ഞാടിന്റെ രക്തത്താൽ കഴുകി ശുദ്ധരാക്കപ്പെട്ടവരാണ്. അവരിൽ കുട്ടികളും മുതിർന്നവരും ശിഷ്യഗണവും ഉൾപ്പെട്ടിട്ടുണ്ട്. അവരുടെ പ്രത്യാശ എന്നത് സ്വർഗീയ പറുദീസയാണ്, ദൈവത്തെ മുഖാമുഖം കാണുക എന്നതാണ്.

## 5. മാനവരാശിയുടെ പ്രത്യാശ

യുദ്ധവും കോവിഡും മഹാമാരികളും ദുരന്തങ്ങളും അധാർമികതകളും പാപബോധമില്ലായ്മയും രാഷ്ട്രീയ അരാജകത്വവും കലിതുള്ളിനിൽക്കുന്ന കാലത്ത് ജീവിക്കുന്നവരായ നമുക്ക് ജൂബിലി വർഷം വിഭാവനം ചെയ്യുന്ന പ്രത്യാശ കണ്ടെത്താൻ കഴിയുമോ? ഇതിനുള്ള ഉത്തരം നൽകേണ്ടത് നാം ഓരോരുത്തരുമാണ്.

ഈ ജൂബിലി വർഷത്തിൽആഗോളകത്തോലിക്കാ സഭയോട് ചേർന്ന് തിരുവനന്തപുരം അതിരൂപത അതിപ്രധാനമായ ചുവടുവയ്പുകളാണ് ഒരുക്കിയത്. 2024 ഡിസംബർ 28-ന് പുറത്തിറക്കിയ 'ജൂബിലി 2025 പ്രവർത്തന മാർഗരേഖയിൽ' അഭിവന്ദ്യ തോമസ് ജെ. നെറ്റോ പിതാവ് ഒരു ആമുഖ സന്ദേശം നല്കിയിട്ടുണ്ട്. അതിൽ അതിരൂപതാതലത്തിൽ ജൂബിലി എങ്ങനെ ആഘോഷിക്കണമെന്ന് പ്രതിപാദിക്കുന്നു. അതിൻപ്രകാരം 'ജൂബിലി 2025'-നോടൊപ്പം സിനഡാത്മക സഭയെക്കുറിച്ചുള്ള സിനഡും, വിശുദ്ധ കൊച്ചുത്രേസ്യ വിശുദ്ധയായതിന്റെ ശതാബ്ദിയും 'അവൻ നമ്മെ സ്നേഹിച്ചു' എന്ന ചാക്രികലേഖനവും ജൂബിലി ആഘോഷങ്ങളുടെ ഭാഗമാക്കുവാൻ നിർദേശമുണ്ടായി. കൂടാതെ ജൂബിലി ആഘോഷങ്ങൾ വ്യക്തികളുടെയും കുടുംബങ്ങളുടെയും ഇടവകകളുടെയും വൈദികരുടെയും 'ആത്മീയ നവീകരണം' മുൻനിർത്തിയുള്ളതായിരിക്കണമെന്നും അടിത്തട്ടിൽനിന്നുള്ള(ഇടവക, ഫെറോന, രൂപത) പ്രവർത്തനങ്ങൾക്കായിരിക്കണം കൂടുതൽ ഊന്നൽ നൽകേണ്ടതെന്നും. അതിനായി പിതാക്കന്മാരും വൈദികരും സന്യസ്തരും അൽമായ പ്രതിനിധികളും

**വെല്ലുവിളികൾ ഏറ്റെടുത്തു കൊണ്ടാണ് വി. കൊച്ചുത്രേസ്യയുടെ കരംപിടിച്ച് പ്രത്യാശയുടെ ക്രിസ്തു സ്നേഹതീരത്തേയ്ക്ക് ദൈവജനത്തെ നയിക്കുവാൻ അതിരൂപത തീരുമാനിച്ചത്. ജൂബിലി വെറും ആത്മീയതലങ്ങളിൽമാത്രം ഒതുങ്ങാതെ സമഗ്രമായ ഒരു സാമൂഹ്യമാറ്റത്തിന്റേതായിരിക്കണമെന്നും, എല്ലാവർക്കും ഈ പ്രത്യാശയുടെ ജൂബിലിവർഷത്തിൽ ഇടമുണ്ടെന്ന് ഉറപ്പുവരുത്തുന്ന പ്രവർത്തനമണ്ഡലം ഇടവക തന്നെയായിരിക്കണമെന്നും അഭിവന്ദ്യപിതാക്കന്മാർ തങ്ങളുടെ ആത്മീയ കാഴ്ചപ്പാടുകൾ പങ്കുവച്ചു.**




ഉൾക്കൊള്ളുന്ന ഒരു ജൂബിലി ആഘോഷകമ്മിറ്റിക്ക് രൂപം നൽകി. കമ്മിറ്റിക്കുമുന്നിൽ ഉന്നയിക്കപ്പെട്ട ഒരു പ്രധാന നിർദേശം എല്ലാം ഇടവകതലത്തിൽ നിന്നുള്ള പ്രവർത്തനങ്ങൾക്കായിരിക്കണം ഊന്നൽ നൽകേണ്ടത് എന്നതാണ്.


അതിൻപ്രകാരം ജൂബിലി കമ്മിറ്റി യാത്ര തുടങ്ങിയപ്പോൾ നിരവധി വെല്ലുവിളികളാണ് മുന്നിൽവന്നത്. അതായത് 'പ്രത്യാശയുടെ തീർഥാടകർ' ആകുക എന്ന ആഗോളകത്തോലിക്കാസഭയുടെ കാഴ്ചപ്പാട് എങ്ങനെയാണ് തിരുവനന്തപുരം അതിരൂപതയാകുന്ന പ്രാദേശിക സഭയ്ക്കു അനുരൂപമാകുക? അതിന്റെ പ്രധാന കാരണം തീരശോഷണവും മത്സ്യലഭ്യതക്കുറവും ഭവനനഷ്ടങ്ങളും മത്സ്യത്തൊഴിലാളി സഹോദരങ്ങൾക്ക് തൊഴിൽനഷ്ടപ്പെടുന്ന സാഹചര്യങ്ങളും ഓഖിക്കുശേഷം തൊഴിലാളികളിൽ വന്ന മാനസ്സിക പിരിമുറുക്കങ്ങളും തൊഴിലിനും പഠനത്തിനുമായി വിദേശത്തേയ്ക്കു ചേക്കേറുന്ന യുവജനങ്ങളും ഒറ്റപ്പെട്ടുപോകുന്ന വാർദ്ധക്യങ്ങളും പിച്ചവച്ചുതുടങ്ങുംമുമ്പേ അറ്റുപോകുന്ന ദാമ്പത്യബന്ധങ്ങളും ഞായറാഴ്ച ദിവ്യബലികളിൽ ഗണ്യമായ് കുറഞ്ഞുവരുന്ന വിശ്വാസസമൂഹങ്ങളും, അനുരജ്ഞനകൂദാശയിലൂടെ അനുരജ്ഞിതരാകാൻ എത്തിച്ചേരുന്നവരുടെ കുറവും, രാഷ്ട്രീയ സാമൂഹ്യതലത്തിലുള്ള അപചയങ്ങളുമാണ്. ഈ വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ടാണ് വി. കൊച്ചുത്രേസ്യയുടെ കരംപിടിച്ച് പ്രത്യാശയുടെ ക്രിസ്തു സ്നേഹ തീരത്തേയ്ക്ക് ദൈവജനത്തെ നയിക്കുവാൻ അതിരൂപത തീരുമാനിച്ചത്. നിരന്തരമായി നടന്ന ആശയവിനിമയങ്ങളിലൂടെ ജൂബിലി കമ്മിറ്റിയിൽനിന്നും തെളിഞ്ഞുവന്ന കാഴ്ച്ചപ്പാടുകളാണ് അതിരൂപതയ്ക്ക് ഇടവക, ഫെറോനതലങ്ങളിൽ അർഥസമ്പുഷ്ടമായ ആത്മീയ നവീകരണ പ്രവർത്തികളിലൂടെ മുന്നോട്ടുപോകുവാൻ സാധിച്ചത്. ഇതോടൊപ്പം ജൂബിലി വെറും ആത്മീയതലങ്ങളിൽമാത്രം ഒതുങ്ങാതെ സമഗ്രമായ ഒരു സാമൂഹ്യ മാറ്റത്തിന്റേതായിരിക്കണമെന്നും കുട്ടികൾ, യുവാക്കൾ, മുതിർന്നവർ, കുടുംബങ്ങൾ, വൈദികർ എന്നീ ഗണത്തിൽപ്പെട്ടവർക്കായുള്ള ഒരു നവീകരണത്തിനായിരിക്കണം പ്രത്യേക ശ്രദ്ധചെലുത്തേണ്ടതെന്നും അഭിവന്ദ്യപിതാക്കന്മാർ തങ്ങളുടെ ആത്മീയ കാഴ്ച്ചപ്പാടുകൾ പങ്കുവച്ചു. ആരെയും മറന്നുപോകരുത് എല്ലാവർക്കും ഈ പ്രത്യാശയുടെ ജൂബിലിവർഷത്തിൽ ഇടമുണ്ടെന്ന് ഉറപ്പുവരുത്തുന്ന പ്രവർത്തനമണ്ഡലം ഇടവകതന്നെയായിരിക്കണം എന്ന ആഗ്രഹവും പിതാക്കന്മാർ അറിയിച്ചു.

തുടർന്ന് ജൂബിലി 'ഇടവക'തല പ്രവർത്തനങ്ങളുടെ ഒരു വേലിയേറ്റമാണ് അതിരൂപതയിലുടനീളം കാണാൻ സാധിച്ചത്. അതിരൂപതയുടെ പത്ത് ഫെറോനകളിലായി ജൂബിലിവർഷത്തിന്റെ പ്രവർത്തന ഉദ്ഘാടനങ്ങൾ നിർവഹിക്കപ്പെട്ടു. ആ ദീപം തുടർന്ന് എല്ലാ ഇടവകകളിലേയ്ക്കും കൈമാറി. കൈമാറിയ പ്രത്യാശയുടെ ദീപം കത്തിജ്വലിക്കുമോ എന്ന് തുടക്കത്തിൽ ആശങ്കയുണ്ടായിരുന്നെങ്കിലും തുടർപ്രവർത്തനങ്ങൾ കുട്ടികളിലേയ്ക്കും യുവാക്കളിലേയ്ക്കും മുതിർന്നവരിലേയ്ക്കും കുടുംബങ്ങളിലേയ്ക്കും കത്തിജ്വലിച്ചു. അവയൊക്കെ അഭിമാനത്തോടെ ഇവിടെ രേഖപ്പെടുത്തണമെന്ന് ആഗ്രഹമുണ്ട്. പക്ഷേ സ്ഥലപരിമിതി അനുവദിക്കുന്നില്ല. ചുരുക്കത്തിൽ രൂപത ആഗ്രഹിച്ചപ്രകാരം ആത്മീയതലത്തിലും സാംസ്കാരികതലത്തിലും രാഷ്ട്രീയതലത്തിലും കാരുണ്യപ്രവർത്തനമണ്ഡലങ്ങളിലും ആനന്ദം പകർന്നുനൽകുന്ന (ബോധ്യങ്ങളും കാഴ്ചപ്പാടുകളും തീരുമാനങ്ങളും സ്വപ്നങ്ങളും) പദ്ധതികളാക്കി മാറ്റുവാൻ അടിത്തട്ടിലുള്ള (ഇടവകതല) പ്രവർത്തനങ്ങളിലൂടെ സാധിച്ചു.

ഈ ഊർജ്ജം ഇപ്പോൾ ജൂബിലിവർഷ സമാപനംകുറിക്കുന്ന രൂപതാതലത്തിലുള്ള പരിപാടികളിലേയ്ക്ക് സഹായകരമായി എന്നതാണ് മറ്റൊരു യാഥാർഥ്യം. നിരവധിയായ ചർച്ചകൾക്കും യോഗങ്ങൾക്കും അഭിപ്രായങ്ങൾക്കുംമധ്യേ വേറിട്ട സ്വരങ്ങൾ ഉണ്ടായിരുന്നെങ്കിലും അവയെല്ലാം ഇപ്പോൾ 'പ്രത്യാശയുടെ ഒറ്റസ്വരമാക്കി' സമന്വയിപ്പിക്കാൻ കഴിഞ്ഞു. അതിനായി അതിപ്രധാനമായ ചില രൂപതാകേന്ദ്രീകൃത പരിപാടികൾ നടത്തുവാനും ഇപ്പോൾ ഇടവകതലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ അതിന്റെ കൃത്യമായ ഫലങ്ങൾ കൈവരിക്കാനാവശ്യമായ പദ്ധതികൾ രൂപീകരിച്ച് അവയൊക്കെ ജൂബിലിവർഷപ്രവർത്തനനേട്ടങ്ങളുടെ രേഖകളായി സൂക്ഷിക്കുവാനും തീരുമാനിച്ചു. ഈ ജൂബിലി പരിപാടികൾ അതിരൂപതയുടെ "നവതി - 2027" ആഘോഷങ്ങളിലേയ്ക്കുള്ള കാൽവയ്പുകൾ കൂടിയാണ്.

ഒന്നും ഒന്നിന്റെയും അവസാനമല്ല. അത് മറ്റൊന്നിന്റെ ആരംഭത്തിന് കാരണമാകുന്നു. വിത്ത് നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് ഒരു ചെടിയായി മാറില്ല. ഒരു അസ്തമനം ഉണ്ടെങ്കിലേ ഉദയസൂര്യന്റെ രശ്മികൾ ഭൂമിയെ പ്രകാശിപ്പിക്കുകയുള്ളൂ. ഒരുവർഷത്തെ ജൂബിലി ആഘോഷങ്ങൾ അതിരൂപതയുടെ 'നവതി - 2027'ലേയ്ക്കുള്ള യാത്രയ്ക്ക് സുഖകരമായി ഭവിക്കട്ടെ. കൈവരിക്കാൻ കഴിയാതെപോയി എന്നുതോന്നുന്ന നൊമ്പരങ്ങളൊക്കെയും 'നവതി - 2027'ലേയ്ക്കുള്ള യാത്രയിലെ ചുവടുകൾക്ക് ഉറപ്പേകട്ടെ. ജൂബിലിവർഷത്തിന്റെ പ്രത്യാശാ കിരണങ്ങൾ ആ വഴികൾക്ക് തെളിച്ചം നൽകട്ടെ. അങ്ങനെ പ്രത്യാശയുടെ തീർഥാടകരായി വി. കൊച്ചുത്രേസ്യയുടെ കരംപിടിച്ച് 'നവതി - 2027'ലേയ്ക്കുള്ള യേശുവിന്റെ ചുവടുകൾ പിഞ്ചെന്നുനടക്കുന്ന തീർഥാടകരായി നമുക്ക് മാറാം.

•



# പൊരുളറിയുന്ന സ്ത്രീകളും വന്നെത്തി

ഐറിസ് കൊയ്‌ലിയോ

പൊരുളറിയും സ്ത്രീകളും വന്നെത്തി
മിന്നിത്തിളങ്ങും വിൺതാരത്തെ
കാണുന്നതിനും എത്രയോ മുമ്പേ
അവരുടെ ഉള്ളിൽ
എരിതീ ആളുന്നുണ്ടായിരുന്നു

വഴിയേതെന്ന് തിരയാതെ
ഒരു രാജാവിന്റെ അനുമതിയും തേടാതെ
സ്വയം തീരുമാനിച്ച്
സ്വയം ആശിച്ച്
കാലങ്ങളായി കാത്തിരുന്നതിനാൽ
പൊരുളറിയും സ്ത്രീകളും വന്നെത്തി .

ഒന്നുമുരിയാടാതെയാണവർ വന്നത്
ഒരു ഊഹക്കഥയും പറയാതെ
ഒരാൾക്കും പേടിയുണർത്താതെയാണ്
പൊരുളറിയും സ്ത്രീകൾ വന്നത്
അവർ കൊണ്ടുവന്നത്
എത്രയും അത്യാവശ്യമായ കാഴ്ചകൾ
പ്രസവത്തിന് കഴുകാനുള്ള തെളിവെള്ളം
ചുടുവെട്ടം തെളിയിക്കാൻ വിളക്ക്
പിള്ളക്കച്ചയായി ഒരു പുതപ്പ്

പൊരുളറിയും സ്ത്രീകളും വന്നെത്തി
അവരിൽ മൂന്നുപേരെങ്കിലും വന്നെത്തി
കൂടുതൽ പേർ വന്നുകൊണ്ടിരിക്കുന്നു



(Jan Richard ന്റെ Wise Women also came എന്ന കവിതയ്ക്ക് ഒരു മലയാളവായന)
അയർലണ്ടിലെ ഒരു പഴയവിശ്വാസമനുസരിച്ച്. ക്രിസ്തുമസിന് പന്ത്രണ്ടാം നാൾ ജനുവരി 6ന് Nollaig na mBan (in Gaelic) ( നോലിഗ് ന മാൻ ) women's christmas ആയി ആഘോഷിക്കുന്നു . യേശുവിന്റെ പിറവിക്ക് കിഴക്കുനിന്നെത്തിയ മൂന്ന് ജ്ഞാനികൾ (മജായ് magi ) എന്ന സങ്കല്പത്തെ മൂന്ന് ജ്ഞാനികളായ സ്ത്രീകളായി കാണുന്ന പാരമ്പര്യമനുസരിച്ച് സ്ത്രീകളുടെ ക്രിസ്തുമസിന് ഓരോ സ്ത്രീയും വീടകത്തിൽനിന്ന് പുറത്ത് കൂട്ടുകാരികളെ കാണാനും ആനന്ദത്തോടെ ഒഴിവ് ദിനം പങ്കിടാനുമെത്തുന്നു അന്ന് വീടുകളിൽ കാര്യങ്ങൾ ആണുങ്ങൾ ഏല്ക്കുന്നു. ഈ കവിതയിൽ പൊന്നും കുന്തിരിക്കവും മീറയും എന്നീ കാഴ്ചകൾക്കുപകരം വിളക്ക് , ചൂടുവെള്ളം ,പുതപ്പ് എന്ന് വഴിയരികിലെ ഒരു പ്രസവത്തിന് വേണ്ടത് അറിഞ്ഞെത്തിക്കുന്ന പൊരുളറിയും സ്ത്രീകളാണ് മജായ്.... അവർ അന്നും ഇന്നും വന്നെത്തുന്നു...

വിദ്യാഭ്യാസശുശ്രൂഷ
തിരുവനന്തപുരം അതിരൂപത

# സ്റ്റുഡൻസ് ഫോറം യോഗസഹായി

**ഡിസംബർ 2025**

തയ്യാറാക്കിയത്: സ്റ്റുഡൻസ് ഫോറം റിസോഴ്സ് ടീം




> **പ്രാർത്ഥനാ ഗാനം**

> **പ്രാർത്ഥന** (എല്ലാവരും ഏറ്റുചൊല്ലുന്നു)

സ്നേഹമുള്ള ഈശോയേ സ്റ്റുഡൻസ് ഫോറം അംഗങ്ങളായ ഞങ്ങളെ ഒരുമിച്ച് കൂട്ടിയ അങ്ങേയ്ക്ക് നന്ദി പറയുന്നു. അങ്ങയുടെ സ്നേഹവും കരുണയും ഞങ്ങളോടൊപ്പം ഉണ്ടാകണമേ, നിത്യവും ഞങ്ങളെ പരിപാലിക്കുകയും വഴിനടത്തുകയും ചെയ്യണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. 1സ്വർഗ്ഗ, 1നന്മനിറഞ്ഞ മറിയമേ, 1ത്രിത്വസ്തുതി

> **സ്വാഗതം** (പ്രസിഡൻറ്)
> **റിപ്പോർട്ട്** (സെക്രട്ടറി)
> **ഹാജർ** (സെക്രട്ടറി)
> **അധ്യക്ഷപ്രസംഗം** (പ്രസിഡൻറ്)

പ്രിയപ്പെട്ട കൂട്ടുകാരേ, ഈ മാസത്തെ ചിന്താവിഷയം '**കുട്ടികളുടെ അവകാശം.**'

കുട്ടികൾ ആരാണ്? അവർക്ക് അവകാശങ്ങൾ ഉണ്ടോ? തുടങ്ങി നിരവധി ചോദ്യങ്ങൾ നമ്മുടെ മനസ്സിലൂടെ കടന്നുവരാം. നാളത്തെ വാഗ്ദാനങ്ങളാണ് കുട്ടികൾ. കുട്ടിയും ഒരു വ്യക്തിയാണ്. സമ്പൂർണമായ ഒരു മനുഷ്യൻ. മനുഷ്യർക്കുള്ള എല്ലാ അവകാശങ്ങളും കുട്ടികൾക്കും ഉണ്ട്. മനുഷ്യാവകാശത്തിന്റെ എല്ലാ പരിരക്ഷയും കുട്ടികൾക്കും അർഹതപ്പെട്ടതാണ്. 18 വയസ്സ് വരെയുള്ള എല്ലാ വ്യക്തികളും കുട്ടികൾ ആണ്.

കുട്ടികളുടെ അവകാശങ്ങൾ നിർവചിക്കുന്ന നാല് പൊതുതത്വം ഉണ്ട്.

1) വിവേചനം ഇല്ലാത്ത അവസ്ഥ.

2) കുട്ടികളുടെ ഉത്തമ താല്പര്യങ്ങളുടെ സംരക്ഷണം.

3) കുട്ടികളുടെ നിലനിൽപ്പിനും വ്യക്തിത്വവികസനത്തിനും അവസരം നൽകുക.

4) കുട്ടികളുടെ അഭിപ്രായങ്ങൾക്ക് അർഹമായ പരിഗണന നൽകുക.

**ഐക്യരാഷ്ട്രസഭയുടെ ഉടമ്പടി പ്രകാരം കുട്ടികൾക്ക് (ആൺ/പെൺ വ്യത്യാസമില്ലാതെ) 12 അവകാശങ്ങൾ ഉണ്ട്.**

1) വിദ്യാഭ്യാസത്തിനുള്ള അവകാശം

2) അഭിപ്രായപ്രകടനത്തിനും ആത്മപ്രകാശത്തിനും ഉള്ള അവകാശം

3) അറിയാനുള്ള അവകാശം

4) ആരോഗ്യ സുരക്ഷയ്ക്കുള്ള അവകാശം

5) എല്ലാത്തരത്തിലുമുള്ള ചൂഷണങ്ങളിൽനിന്ന് മുക്തിനേടാനുള്ള അവകാശം

6) എല്ലാത്തരത്തിലുമുള്ള പീഡനങ്ങളിൽനിന്നും സംരക്ഷണം ലഭിക്കാനുള്ള അവകാശം

7) അവഗണിക്കപ്പെടാതിരിക്കാനുള്ള അവകാശം

8) വ്യക്തി വികസനത്തിനുള്ള അവകാശം

9) വിനോദത്തിനുള്ള അവകാശം

10) സ്വത്വത്തിനുള്ള അവകാശം

11) നിലനിൽപ്പിനുള്ള അവകാശം

12) പോഷണത്തിനുള്ള അവകാശം

1925ൽ കുട്ടികളുടെ അവകാശങ്ങൾക്കായി അന്താരാഷ്ട്ര ഇടപെടൽ ഉണ്ടായി. 1954 നവംബർ 20 കുട്ടികളുടെ അവകാശസംരക്ഷണം ദിനമായി പ്രഖ്യാപനം നടത്തി. 1989 നവംബർ

20 സാർവത്രിക അവകാശ ഉടമ്പടി പ്രഖ്യാപനം ഉണ്ടായി.

**> വായന പരിശീലനം** (ന്യൂസ് പേപ്പർ എഡിറ്റോറിയൽ പേജ് (മലയാളം /ഇംഗ്ലീഷ്)

**> പ്രസംഗ പരിശീലനം** (അഞ്ചു പേർ 2 മിനിറ്റുവീതം)

വിഷയം :കുട്ടികളുടെ സ്വാതന്ത്ര്യം( നന്മയും തിന്മയും)

**> ക്വിസ് മത്സരം**

ശിശുദിനം എന്നാണ്? ആരുടെ ഓർമ്മയ്ക്കായി ആഘോഷിക്കുന്നു?

1) ബാലാവകാശ കമ്മീഷൻ എന്നു നിലവിൽ വന്നു?.

2) കുട്ടികൾ ചൂഷണം ചെയ്യപ്പെട്ടാൽ കുറ്റക്കാരിൽ ചുമത്തുന്ന നിയമത്തിന്റെ പേരെന്ത്?

3) ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ആര്?

4) അന്താരാഷ്ട്ര ശിശുദിനം എന്നാണ്?

5) ഇന്ത്യൻ രാഷ്ട്രപതിയുടെ പേര്?

6) വിദ്യാഭ്യാസത്തിനുള്ള അവകാശനിയമം എന്നു നിലവിൽവന്നു?

7) ബാലവേല നിയമം എന്നു നിലവിൽ വന്നു?

8) കുട്ടികൾക്കുള്ള സഹായത്തിന് വിളിക്കേണ്ട ചൈൽഡ് ലൈൻ നമ്പർ ഏതാണ്?

9) ഗാന്ധിജിയുടെ ആത്മകഥയുടെ പേര്?

**> മറ്റ് മത്സരങ്ങൾ** (ഉപന്യാസം, കവിത, കഥ)

**> ജന്മദിനാശംസകൾ/അഭിനന്ദനങ്ങൾ**

**> തൊഴിൽ പഠന മത്സര മേഖലയെ പരിചയപ്പെടുത്തൽ** (വൈസ് പ്രസിഡന്റ്)

**> സ്കോളർഷിപ്പ്/ പ്രവേശന പരീക്ഷകളെ പരിചയപ്പെടുത്തൽ** (ട്രഷറർ)

**> വിദ്യാഭ്യാസ സമിതിയിൽനിന്നുള്ള അറിയിപ്പുകൾ** (ഇടവക/ ഫെറോന/രൂപത)

> ചർച്ച:

**'കുറുക്കുവഴി (കൊച്ചുത്രേസ്യായുടെ ആദ്ധ്യാത്മികത)'**

**വി. ലൂക്കാ 23:46; യേശു ഉച്ചത്തിൽ നിലവിളിച്ചുപറഞ്ഞു: 'പിതാവേ അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. ഇതുപറഞ്ഞ് അവൻ ജീവൻ വെടിഞ്ഞു'.**

**ഒരു നല്ല വിചാരംപോലും വരാനിടയില്ലാത്തവിധം എന്നിൽ ആധ്യാത്മികത നഷ്ടമാകുമ്പോൾ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവ, നന്മ നിറഞ്ഞ മറിയമേ, എന്നീ പ്രാർത്ഥനകൾ വളരെ സാവധാനമായി ഞാൻ ചൊല്ലും. എന്റെ ആത്മാവിന് ആധ്യാത്മിക ഭക്ഷണം നൽകുവാൻ അനുമതിയാകും. മൗനം ആയിരിക്കുവാൻ ആഗ്രഹിക്കുമ്പോഴോ, താല്പര്യക്കുറവുള്ളപ്പോഴോ, ഒരു പുഞ്ചിരിയോ സ്നേഹമസൃണമായ ഒരു വാക്കോ ഉളവാക്കാൻ സാധിക്കാതെ വരുമ്പോഴോ അവിടത്തെ ഞാൻ സ്നേഹിക്കുന്നു' എന്ന് വീണ്ടും വീണ്ടും പറയാൻ ഞാൻ ശ്രമിക്കും. ഇതെന്റെ ഹൃദയത്തിലുള്ള അഗ്നി കെടാതെ സൂക്ഷിച്ചുകൊള്ളും. സ്നേഹത്തിന്റെ തീ എന്നിൽ കെട്ടു എന്ന് തോന്നിയാൽപ്പോലും 'ഞാൻ പിതാവ് മൂലം ജീവിക്കുന്നു. അതുപോലെ എന്നെ ഭക്ഷിക്കുന്നവൻ ഞാൻമൂലം ജീവിക്കും എന്ന് സദാ ഉരുവിടും .**

**ഞാനെപ്പോഴും വിശ്വസ്തയല്ലെന്നുള്ളത് ശരിയാണ്. പക്ഷേ ഒരിക്കലും എനിക്ക് ധൈര്യം നഷ്ടപ്പെടുന്നില്ല. നമ്മുടെ കർത്താവിന്റെ കൈകളിൽ ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു.**

**> നന്ദി**

**> മാതാവിനോടുള്ള ഗാനം**

•








# തദ്ദേശഭരണ സ്ഥാപന തിരഞ്ഞെടുപ്പ് 2025: ഒരു വിചിന്തനം

പ്ലാസിഡ് ഗ്രിഗറി

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷന്റെ പ്രഖ്യാപനമനുസരിച്ച് തദ്ദേശഭരണ സ്ഥാപന തിരഞ്ഞെടുപ്പ് രണ്ട് ഘട്ടങ്ങളിലായി ഡിസംബർ 9-ാം തീയതി തിരുവനന്തപുരംമുതൽ എറണാകുളംവരെയുള്ള ഏഴ ജില്ലകളിലും ഡിസംബർ 11-ാം തീയതി തൃശ്ശൂർമുതൽ കാസർകോട്‌വരെയുള്ള ഏഴ ജില്ലകളിലുമായാണ് നടത്തപ്പെട്ടുക. വോട്ടെണ്ണൽ ഡിസംബർ 13-ാം തീയതിയും തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ അവസാനിക്കുന്നത് ഡിസംബർ 18-ാം തീയതിയുമായിരിക്കും.

തിരുവനന്തപുരം ജില്ലയിൽ ആകെയുള്ള 90 തദ്ദേശഭരണ സ്ഥാപനങ്ങളിലെ 73 ഗ്രാമപഞ്ചായത്തുകളിലെ 1389 വാർഡുകൾ, 11 ബ്ലോക്ക് പഞ്ചായത്തുകളിലെ 169 ഡിവിഷനുകൾ, ജില്ലാപഞ്ചായത്തിലെ 28 ഡിവിഷനുകൾ, 4 മുനിസിപ്പാലിറ്റികളിലെ 154 വാർഡുകൾ, കോർപ്പറേഷനിലെ 101 വാർഡുകൾ എന്നിവചേർന്ന 1841 വാർഡുകളിലാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. ജില്ലയിൽ ആകെയുള്ള 29.04 ലക്ഷം വോട്ടറന്മാരിൽ 53.53 ശതമാനവും (15.54 ലക്ഷം) സ്ത്രീകളും, 31 ട്രാൻസ്ജൻഡേഴ്സും ബാക്കി പുരുഷന്മാരുമാണ് (13.49ലക്ഷം). ഈ കണക്കുകൾ തിരഞ്ഞെടുപ്പിന്റെ വ്യാപ്തി എത്രമാത്രമാണെന്ന് വ്യക്തമാക്കുന്നു.

## പങ്കാളിത്ത ജനാധിപത്യവും തദ്ദേശഭരണസ്ഥാപന തിരഞ്ഞെടുപ്പും

ഇന്ത്യൻ ഭരണഘടനയനുസരിച്ച് നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മൂല്യങ്ങളിലധിഷ്ഠിതമായ ഒരു പരമാധികാര, സ്ഥിതിസമത്വ, മതേതര, ജനാധിപത്യ റിപ്പബ്ലിക്കാണ് ഇന്ത്യ. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന് ഇന്ത്യയെ വിശേഷിപ്പിക്കുമ്പോഴും പ്രത്യക്ഷ ജനാധിപത്യത്തിനുപകരം പരോക്ഷ അഥവാ പ്രാതിനിധ്യ ജനാധിപത്യ രീതിയാണ് ഫലത്തിൽ ഭരണകൂടങ്ങൾ അനുവർത്തിച്ചുപോരുന്നത്. ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ 73,74 ഭരണഘടനാ ഭേദഗതി നിയമ വ്യവസ്ഥകൾക്ക് അനുസൃതമായി സംസ്ഥാനങ്ങൾ നടത്തിയ നിയമനിർമ്മാണത്തിലൂടെ രൂപീകൃതമായ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇന്ത്യൻ ജനാധിപത്യവ്യവസ്ഥയിൽ പങ്കാളിത്ത ജനാധിപത്യത്തിന് ഒരു പുത്തൻ ഉണർവ്വ് നല്കി. കേരള സർക്കാർ 1994-ൽ പാസ്സാക്കിയ പഞ്ചായത്തുരാജ്, മുനിസിപ്പാലിറ്റി ആക്ടുകളുടെ ഒരു പ്രഖ്യാപിത ലക്ഷ്യംതന്നെ തദ്ദേശഭരണകാര്യങ്ങളിലും ആസൂത്രിത വികസനത്തിലും വർധിച്ച ജനപങ്കാളിത്തം ഉറപ്പുവരുത്തുകയെന്നതായിരുന്നു. ഈ ലക്ഷ്യപ്രാപ്തിക്കനുസൃതമായി അധികാരവും, അധികാര ശക്തിയും, ധനവും താഴെത്തട്ടിലേക്ക് വിന്യസിച്ചതും, ജനാധിപത്യ സംവിധാനങ്ങളായി ഗ്രാമ/വാർഡ് സഭകൾ, വാർഡ് കമ്മിറ്റികൾ എന്നിവയെ പ്രവർത്തനോന്മുഖമാക്കിയതും, പങ്കാളിത്താസൂത്രണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്നതുമെല്ലാം ഈ രംഗത്ത് കേരളത്തിൽ നടന്ന അനുകരണീയ ഇടപെടലുകളായിരുന്നു. പ്രത്യക്ഷ ജനാധിപത്യത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് ഒരുപരിധിവരെയെങ്കിലും




പങ്കാളിത്ത ജനാധിപത്യം പ്രായോഗികമാക്കുവാൻ നിലവിലുള്ള വിവിധതല ഭരണ കൂടങ്ങളിൽ ഏറ്റവും അനുയോജ്യമായത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണെന്നാണ് കേരളത്തിലെ ഈ രംഗത്തെ മൂന്നു പതിറ്റാണ്ടുകാലത്തെ അനുഭവങ്ങൾ വ്യക്തിമാക്കിത്തരുന്നത്. ഇനിയും ഈ രംഗത്ത് നാം ഏറെ മുന്നോട്ടുപോകേണ്ടതുണ്ട് എന്ന വസ്തുതയും വിസ്മരിക്കരുത്. ഇതു മനസ്സിലാക്കിക്കൊണ്ടായിരിക്കണം ഉചിതമായ തിരഞ്ഞെടുപ്പ് തീരുമാനമെടുക്കേണ്ടത്.

## സ്വതന്ത്രവും നീതിപൂർവകവുമായ തിരഞ്ഞെടുപ്പ്

ആസന്നമായ തദ്ദേശഭരണസ്ഥാപന തിരഞ്ഞെടുപ്പ് സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവകവുമായി നടക്കണമെങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും ചട്ടങ്ങളും ബന്ധപ്പെട്ട രാഷ്ട്രീയ പാർട്ടികളും, സ്ഥാനാർഥികളും, വോട്ടർമാരും അടക്കമുള്ള എല്ലാവരും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണം. ഈ ലക്ഷ്യം മുന്നിൽവച്ചുകൊണ്ടാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ മാതൃകാപെരുമാറ്റച്ചട്ടം പ്രഖ്യാപിച്ചിട്ടുള്ളതും, ഔദ്യോഗിക സംവിധാനങ്ങളുടെ ദുരുപയോഗം, തിരഞ്ഞെടുപ്പ് കുറ്റകൃത്യങ്ങൾ, കള്ളവോട്ട്, വോട്ടർക്ക് പണം നല്കി സ്വാധീനിക്കൽ തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നതും. ഇതോടൊപ്പം അതിനുതകുന്ന നിർവഹണ, മേൽനോട്ട, നിരീക്ഷണ സംവിധാനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്.

മറ്റ് പാർട്ടികളെക്കുറിച്ചുള്ള വിമർശനം അവരുടെ നയപരിപാടികളെക്കുറിച്ചുമാത്രമാകണം. എതിർ രാഷ്ട്രീയകക്ഷിനേതാക്കളെ വ്യക്തിപരമായി തേജോവധം ചെയ്യുന്നതും അവരുടെ സ്വകാര്യതയെ ഹനിക്കുന്നതുമായ പ്രചാരണം പാടില്ല; ആരാധനാലയങ്ങൾ, സ്കൂളുകൾ അവയുടെ കളിസ്ഥലങ്ങൾ എന്നിവ തിരഞ്ഞെടുപ്പ് പ്രചാരണത്തിനുള്ള വേദികളാകരുത്; തദ്ദേശഭരണസാഥാപനങ്ങളിലോ, സംസ്ഥാനത്തോ, കേന്ദ്രത്തിലോ അധികാരത്തിലിരിക്കുന്ന കക്ഷി, ഔദ്യോഗികസ്ഥാനം പ്രചാരണത്തിനുപയോഗിക്കാൻ പാടില്ല; മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ .മാർ, തദ്ദേശഭരണസ്ഥാപന ജനപ്രതിനിധികൾ എന്നിവർ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുകയോ ആരംഭിക്കുകയോ, ഉദ്ഘാടനം ചെയ്യുകയോ ചെയ്യാൻ പാടില്ല; വോട്ടെടുപ്പ് തീരുന്ന സമയത്തിനുമുമ്പുള്ള 48 മണിക്കൂർ സമയപരിധിയിൽ തിരഞ്ഞെടുപ്പുഫലത്തെ സ്വാധീനിക്കുന്ന പ്രചരണങ്ങൾ പാടില്ല; വാഹനപ്രചരണത്തിനും, പൊതുയോഗങ്ങൾ, പ്രകടനങ്ങൾ എന്നിവ നടത്തുന്നതിനും പോലീസിൽനിന്ന് മുൻകൂട്ടി അനുമതി വാങ്ങണം; ഉച്ചഭാഷിണിയുടെ ഉപയോഗം രാത്രി 10-നും രാവിലെ 6-നും ഇടയിൽ പാടില്ല; സ്ഥാനാർഥികളും രാഷ്ട്രീയ പാർട്ടികളും അച്ചടിക്കുന്ന പോസ്റ്ററുകളിലും ലഘുരേഖകളിലും പ്രസാധകന്റെയും അച്ചടിസ്ഥാപനത്തിന്റെയും പേരും, മേൽവിലാസവും അച്ചടിക്കുന്ന കോപ്പികളുടെ എണ്ണവും ഉൾപ്പെടുത്തണം. ഇതിന്റെ പകർപ്പ് ജില്ലാതിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് സമർപ്പിക്കുകയും വേണം; പ്രചരണത്തിന് പ്ലാസ്റ്റിക്, ഫ്ളക്സ് എന്നിവ ഉപയോഗിക്കാൻ പാടില്ല എന്നിവ മുഖ്യ ചട്ടങ്ങളാണ്.

കൂടാതെ, തിരഞ്ഞെടുപ്പ് ചെലവുകൾക്ക് പരിധി നിശ്ചയിച്ചിട്ടുണ്ട്. അതുപ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ 25000 രൂപ, ബ്ലോക്ക് പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും 75000 രൂപ, ജില്ലാപഞ്ചായത്ത് കോർപ്പറേഷൻ തലങ്ങളിൽ 150000 രൂപയുമാണ് ഓരോ സ്ഥാനാർഥിക്കും ചെലവഴിക്കാൻ കഴിയുന്ന അനുവദനീയ തുക. ഇതിൽകവിഞ്ഞ തുക ചെലവഴിച്ചാൽ അത് ചട്ടവിരുദ്ധവും നടപടികൾക്ക് വിധേയവുമാണ്. വോട്ട് രേഖപ്പെടുത്തുന്നതിനും കൃത്യമായ നടപടിക്രമങ്ങളുണ്ട്. അതനുസരിച്ച് ഓരോ വോട്ടറും അംഗീകൃത തിരിച്ചറിയൽ കാർഡ് പോളിംഗ് ഓഫീസറെ കാണിച്ച് താൻ യഥാർഥ വോട്ടറാണെന്ന് ബോധ്യപ്പെടുത്തിയാൽ മാത്രമേ വോട്ടു രേഖപ്പെടുത്താൻ കഴിയൂ. പഞ്ചായത്തുകളിലെ വോട്ടർ മൂന്നുതലത്തിലേയ്ക്കും ഓരോ വോട്ടെന്ന ക്രമത്തിൽ മൂന്ന് വോട്ടുകളും നഗരസഭയിലെ വോട്ടറന്മാർ ഒരു വോട്ടുമാണ് രേഖപ്പെടുത്തേണ്ടത്. ഒപ്പം വോട്ടിന്റെ രഹസ്യം കാത്തുസൂക്ഷിക്കാൻ ഇവർ ബാധ്യസ്ഥരുമാണ്.

## ഉപസംഹാരം

മൂല്യബോധവും, കാര്യപ്രാപ്തിയും, ജനങ്ങളോട് പ്രതിബദ്ധതയുമുള്ള ജനപ്രതിനിധികളെ തിരഞ്ഞെടുത്ത് പങ്കാളിത്താധിഷ്ഠിതവും, അഴിമതിമുക്തവും, സംശുദ്ധവുമായ ഒരു സദ്ഭരണം തദ്ദേശഭരണ രംഗത്ത് ഉറപ്പുവരുത്തുന്നതിനാകണം വിലപ്പെട്ട തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കുന്നതെന്ന് ഓരോ വോട്ടറും ഉറപ്പുവരുത്തണം. അങ്ങനെ ഈ തിരഞ്ഞെടുപ്പിലൂടെ പങ്കാളിത്ത ജനാധിപത്യത്തിലധിഷ്ഠിതമായി, എല്ലാവരെയും ഉൾക്കൊണ്ടും, ഉൾച്ചേർത്തുകൊണ്ടും സുസ്ഥിര വികസനത്തിലധിഷ്ഠിതമായ ഒരു നീതിന്യായ സമൂഹത്തെ കെട്ടിപ്പടുക്കുവാൻ കെല്പുള്ള തദ്ദേശഭരണസ്ഥാപനങ്ങളെ രൂപീകരിക്കുന്നതിൽ ഓരോ വോട്ടർമാരും പങ്കാളികളാകാം. •

**കേരള സർക്കാർ 1994-ൽ പാസ്സാക്കിയ പഞ്ചായത്തു രാജ്, മുനിസിപ്പാലിറ്റി ആക്ടുകളുടെ ഒരു പ്രഖ്യാപിത ലക്ഷ്യംതന്നെ തദ്ദേശഭരണ കാര്യങ്ങളിലും ആസൂത്രിത വികസനത്തിലും വർദ്ധിച്ച ജനപങ്കാളിത്തം ഉറപ്പുവരുത്തുകയെന്നതായിരുന്നു. ഈ ലക്ഷ്യപ്രാപ്തിക്കനുസൃതമായി അധികാരവും, അധികാരശക്തിയും, ധനവും താഴെത്തട്ടിലേക്ക് വിന്യസിച്ചതും, ജനാധിപത്യ സംവിധാനങ്ങളായി ഗ്രാമ/വാർഡ് സഭകൾ, വാർഡ് കമ്മിറ്റികൾ എന്നിവയെ പ്രവർത്തനോന്മുഖമാക്കിയതും, പങ്കാളിത്താസൂത്രണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്നതുമെല്ലാം ഈ രംഗത്ത് കേരളത്തിൽ നടന്ന അനുകരണീയ ഇടപെടലുകളായിരുന്നു.**



# വാക്കുകളുടെ ജീവിതം

ധർമ്മരാജ് മടപ്പള്ളി

ആർക്കും കീഴടക്കാനാവാത്തൊരു മലയുണ്ടായിരുന്നു അന്നാട്ടിൽ. ജീവിതത്തിന്റെ ഏതെങ്കിലുമൊരു തിരിവിൽ നില്ക്കുമ്പോഴായിരിക്കും അന്നാട്ടിലെ ചോരമൂത്ത ആണുങ്ങൾക്ക് എന്നാപ്പിന്നെ ഇവന്റെ നെറുകയിൽ നിന്നിത്തിരി മണ്ണുവാരിക്കൊണ്ടു വരാമെന്നും പറഞ്ഞൊരു പോക്ക്. ഒരുമ്പെട്ടിറങ്ങുന്നോനെ ഗ്രാമം ഒന്നടങ്കം യാത്രയാക്കും. അതുവരെ സ്വകാര്യമായി ഒന്നു തൊടാൻപോലും ധൈര്യം കാട്ടാതിരുന്ന പ്രണയിനിയെ അന്നേരം ആൾക്കൂട്ടത്തിനു നടുക്കുവെച്ചയാൾ ചുംബിക്കും. മടിശ്ശീലയിൽ മണ്ണുമായി വന്നാൽ ഇവൾ നിനക്കുള്ളതാണെന്ന് ആൾക്കൂട്ടം അയാളോട് ആണയിടും.

കുന്നിലേക്ക് നടന്നു കയറിയവനെ ഗ്രാമം പിന്നെ കാണാറില്ല. ഒരു ജീവിതം മുഴുവൻ നടന്നാലും തീരാത്ത കയറ്റത്തോടെ മലയങ്ങനെ നിൽക്കും. മലയെനോക്കി, മലയിലേക്കു കയറിപ്പോയവരുടെ പ്രേമഭാജനങ്ങൾ ശപിക്കും. അപ്പോഴേക്കും അവരൊക്കെ മറ്റാരുടെയോ മക്കളെപ്പെറ്റ് ജീവിതത്തിന്റെ പതിവു രീതികളിലൂടെ നിരങ്ങുകയാവും. അവരുടെ ഭർത്താക്കന്മാർ, 'മലയിലേക്കു കയറിപ്പോയ നിന്റെ കാമുകനതാ കുന്നിറങ്ങി വരുന്നു' എന്നുപറഞ്ഞ് അവരോട് തല്ലുകൂടും. ആ പ്രയോഗങ്ങളിലാവും മിക്ക കുടുംബ കലഹങ്ങളും അവസാനിക്കുക എന്നതിനാൽ പെണ്ണുങ്ങൾ ക്രമേണ സംസാരിക്കാത്തവരായി. അല്ലെങ്കിൽ അവർ അവരോട് മാത്രമോ, വീട്ടിലാരുമില്ലാത്ത അവസരങ്ങളിൽ മലയിൽ കണ്ണുംനട്ട് ആരോടോ എന്നപോലെയോ സംസാരിച്ചു.

അങ്ങനത്തെ ജീവിതങ്ങളുടെ ഒരു നട്ടുച്ചയിലാണ് കുന്നിന്റെ നെറുകയിൽ ഒരിളക്കം പ്രത്യക്ഷപ്പെട്ടത്. ക്രമേണ അതൊരു മനുഷ്യനായി, വൃദ്ധനായി, നഗ്നനായി കുന്നിൻചെരുവിലെ ആൾക്കൂട്ടത്തിനിടയിൽ വന്നുനിന്നു. കുന്നുകയറും മുന്നേ താൻ ആരുടെ നെറുകയിലാണ് ഉമ്മവെച്ചതെന്ന് അയാൾക്ക് മനസിലായില്ല. ചുംബനമേറ്റവൾക്കും മനസ്സിലായില്ല. ആൾക്കൂട്ടം വല്ലാത്ത നിശബ്ദത പുതച്ചു. അൽപനേരത്തിനുശേഷം ജീവിതത്തിന്റെ പിൻനിരയിൽനിന്നും ജരാനരയുടെ മേൽവിലാസമെന്നതുപോലെ ഒരു വൃദ്ധ മുന്നോട്ടേക്കു വന്നു. നെറുകയിലെ നരയിൽ, പുതുമഞ്ഞുവീണതുപോലെ സ്വന്തം ചുംബനപ്പാടുകൾ അയാൾ കണ്ടു. അവൾ കരഞ്ഞു. അയാളും കരഞ്ഞു. ഇലപ്പൊതിയിലയാൾ കരുതിയ ഇത്തിരി മണ്ണ് അവൾക്കുനേരെ നീട്ടി. അവൾ ചോദിച്ചു:

"എനിക്കിനി എന്തിനിത്?"

"പിന്നെ നിനക്കെന്താണ് വേണ്ടത്?"

അവൾ ഒരടികൂടി അയാൾക്കു മുന്നിലേക്കുനീങ്ങി നിന്നു. പീളകെട്ടിയ അയാളുടെ കണ്ണുകളിലേക്കു നോക്കി ഉച്ചത്തിൽ ചോദിച്ചു:

"എനിക്കൊരു വാക്കു വേണം."

"എന്തു വാക്ക്?"

"ഇതുവരെ ആരും പറയാത്ത, എല്ലാർക്കും മനസ്സിലാവുന്ന ഒരു വാക്ക്. മലകയറിപ്പോയവരാൽ നിശ്ശബ്ദരാക്കപ്പെട്ടവരാണ് ഞങ്ങൾ."

വൃദ്ധന്റെ കയ്യിൽനിന്നും മണ്ണുനിലത്തു വീണു. അയാൾ അതിനു മുകളിലേക്ക് മുട്ടും മുഖവും കുത്തി. പിന്നെ മണ്ണുപറ്റിയ മുഖമുയർത്തി അവളെ നോക്കിപ്പറഞ്ഞു:

"എന്റെ കയ്യിലതില്ല."

ആൾക്കൂട്ടത്തിന്റെ പശ്ചാത്തലത്തിൽ മലയിലെ വെള്ളാരം കല്ലുകൾ വെട്ടിത്തിളങ്ങി. •







# പരിശുദ്ധ അമ്മയോടൊപ്പം [മരിയൻ ധ്യാനചിന്തകൾ]

**മോൺ. ഡോ. സി. ജോസഫ്**

പരിശുദ്ധ ദൈവമാതാവിനെപ്പറ്റിയുള്ള ധ്യാനാത്മക ചിന്തകളും ഭക്തിപൂർവകമായ മനനങ്ങളും ഉൾക്കൊള്ളുന്ന നിരവധി ഗ്രന്ഥങ്ങൾ മലയാളത്തിൽ ഇന്ന് സുലഭമാണ്. അവയെല്ലാം ദൈവമാതൃത്വത്തിനും അതിലൂടെ മാതാവിന്റെ മഹനീയതയ്ക്കും മാറ്റുകൂട്ടുന്ന ഗ്രന്ഥങ്ങൾതന്നെ. എന്നാൽ, പരിശുദ്ധ കന്യകാമറിയത്തെ സംബന്ധിച്ച് നാല് വിശ്വാസ സത്യങ്ങളായ ദൈവമാതൃത്വം, അമലോത്ഭവം, നിത്യകന്യകാത്വം, സ്വർഗാരോപണം എന്നിവയെക്കുറിച്ച്, അതിന്റെ ചരിത്ര പശ്ചാത്തലത്തിൽ അവതരിപ്പിക്കുകയും അർഥപൂർണമായ വിശദീകരണം നല്കുകയും ചെയ്യുന്ന പുതിയൊരു ഗ്രന്ഥം മലയാളക്കരക്ക് സംലബ്ധമായിരിക്കുന്നു. തിരുവനന്തപുരം അതിരൂപതയുടെ മുൻ വികാരി ജനറലും സീനിയർ വൈദികനുമായ മോൺ. ഡോ. സി. ജോസഫാണ് ഈ വിശിഷ്ട ഗ്രന്ഥത്തിന്റെ കർത്താവ്.

പരിശുദ്ധ മറിയത്തിന്റെ വ്യക്തിമാഹാത്മ്യത്തെക്കാളുപരി, ദൈവികനന്മയാൽ സംപൂരിതയായ അവളുടെ മഹനീയ ഭാവങ്ങളെയും ദാനങ്ങളെയുംപറ്റി ഗ്രന്ഥകാരൻ വികാരവായ്പോടും ഭക്ത്യാദരവോടുംകൂടി ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്നു. തന്റെ മാതാപിതാക്കളിലൂടെ കേട്ടറിഞ്ഞതും ഗുരുഭൂതന്മാരുടെ വാക്കുകളിലൂടെ ഗ്രഹിച്ചതും ആത്മീയ ഗുരുക്കന്മാർ പകർന്നുനല്കിയതുമായ മാതൃഭക്തി, തന്റെ പൗരോഹിത്യജീവിതത്തിന് മാർഗദർശകമായിത്തീർന്നുവെന്ന് ഗ്രന്ഥകാരൻ സ്മരിക്കുന്നു. സാർവത്രികസഭ പരിശുദ്ധ മറിയത്തിന്റെ ധന്യജീവിതവുമായി ബന്ധപ്പെട്ട് ആചരിക്കുന്ന ജനന, മംഗളവാർത്ത, രാജ്ഞിത്വ, വ്യാകുല തിരുനാളുകളുടെ പ്രസക്തിയെയും അവയുടെ സന്ദേശത്തെയും, ദൈവവചനത്തിന്റെയും സഭയുടെ പ്രബോധനങ്ങളുടെയും വെളിച്ചത്തിൽ ഗ്രന്ഥകാരൻ ഏറെ സരസമായി അവതരിപ്പിക്കുമ്പോൾ; സാധാരണ വിശ്വാസികൾക്ക് ഈ തിരുനാളുകളുടെ പ്രസക്തി ഗ്രഹിക്കുവാനിടവരുന്നു. മരിയഭക്തരും കത്തോലിക്കാ കുടുംബങ്ങളും അനുദിനം ഉരുവിടുന്ന ജപമാലയിലെ ലുത്തിനിയായിൽ പരിശുദ്ധ അമ്മയെ വിശേഷിപ്പിക്കുന്ന സംജ്ഞകളായ സഭാമാതാവ്, പാപികളുടെ സങ്കേതം, ദുഃഖിതരുടെ ആശ്വാസം, ഉഷകാല നക്ഷത്രം എന്നീ പദങ്ങളുടെ അന്തരാർഥം ഗ്രഹിക്കാനും ധ്യാനിക്കാനും ഉപകരിക്കത്തക്കവിധത്തിലാണ് ഈ പദങ്ങൾ മോൺസിഞ്ഞോർ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ളത്. പുണ്യങ്ങളുടെ വിളഭൂമിയായിത്തീർന്ന ലൂർദ്ദ്, ഫാത്തിമ, ഗ്വാദെലുപ്പെ, വേളാങ്കണ്ണി എന്നീ സ്ഥലങ്ങളിൽ മാതാവ് നല്കിയ ദർശനങ്ങളും അവയുടെ കാലിക പ്രസക്തിയും ചരിത്ര പശ്ചാത്തലവും ഏറെ ഹൃദ്യമായി ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്നു.

ഗ്രന്ഥകാരൻ ഗ്രന്ഥത്തിന്റെ ആമുഖത്തിൽ വ്യക്തമാക്കിയതുപോലെ ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിൽനിന്നും ജീവിതത്തിലുടനീളം അനുഭവിച്ചുവരുന്ന മാതൃസ്നേഹവും സംരക്ഷണവും അതുണർത്തുന്ന നന്ദിയുടെയും ആദരവിന്റെയും തീവ്ര വികാരവുമാണ് ഈ ഗ്രന്ഥത്തിലുടനീളം കാണാൻ കഴിയുക. ഇതിലെ ഓരോ അധ്യായവും ഒരേസമയം മറിയത്തിന്റെ മഹത്തായ ജീവിതത്തെക്കുറിച്ച് ധ്യാനിക്കുവാനും ഒപ്പം ആ വിശിഷ്ടമായ ജീവിതത്തെക്കുറിച്ച് പഠിക്കുവാനും സഹായകരമാകുന്നവിധത്തിലാണ് അവതരിപ്പിച്ചിട്ടുള്ളത്. മറിയത്തിന്റെ ജീവിത ദർശനങ്ങൾ, അവളുടെ ദൈവാനുഭവം, അതിൽനിന്നുളവായ മാനുഷിക നന്മകൾ ഇവയെല്ലാം സാധാരണ വിശ്വാസികൾക്ക് ഗ്രഹിക്കാനാകുംവിധം ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. അവതരിപ്പിച്ചിട്ടുള്ള വസ്തുതകളുടെ പിൻബലംതേടി ഗ്രന്ഥകാരൻ വചനഗ്രന്ഥത്തിലൂടെയും സഭാപഠനങ്ങളിലൂടെയും നടത്തുന്ന ശ്രമകരമായ സഞ്ചാരവും അഭിനന്ദനീയമാണ്. ഏറെ സൂക്ഷ്മതയോടും കാര്യഗൗരവത്തോടെയുമാണ് നിത്യകന്യകാത്വം, അമലോത്ഭവം, സ്വർഗാരോപണം, ദൈവമാതൃത്വം എന്നീ വിശ്വാസസത്യങ്ങൾ അനുവാചകരുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

ഈ ഗ്രന്ഥം വായിക്കുന്ന ഒരാൾ, വൈവിധ്യമാർന്ന ഭാവതലങ്ങളിലൂടെ സഞ്ചരിക്കേണ്ടിവരുമെന്നതാണ് വസ്തുത. വായനാനുഭവവും സഭാവിജ്ഞാനീയവും മുന്നിൽകണ്ട് ഗ്രന്ഥത്തെ സമീപിക്കുന്നവർക്ക്, മരിയൻ ദൈവശാസ്ത്രത്തിന്റെയും സഭാവിജ്ഞാനീയത്തിന്റെയും ഉയർന്ന പടവുകളിലേയ്ക്ക് കടന്നുചെല്ലാനുമാകും. അങ്ങനെ മരിയോന്മുഖമായ ദർശനങ്ങളുടെ അർഥവ്യാപ്തി കണ്ടെത്താൻകഴിയും. ഭക്തമാനസർക്കും വിശ്വാസത്തെ യുക്തിഭദ്രമായി സമീപിക്കാനാഗ്രഹിക്കുന്നവർക്കും സ്വീകാര്യമാകുംവിധം രൂപകല്പന ചെയ്തിട്ടുള്ള ശ്രേഷ്ഠമാർന്ന ഗ്രന്ഥമാണ് മോൺസിഞ്ഞോർ ഡോ. സി. ജോസഫ് വായനക്കാർക്ക് സമ്മാനിച്ചിട്ടുള്ളത്.

**ഇഗ്നേഷ്യസ് തോമസ്** •



# സാന്ത്വനം ആരോഗ്യസമൃദ്ധി

റവ. ഡോ. ലെനിൻ രാജ് റ്റി. (ജൂബിലി ഹോസ്പിറ്റൽ, തിരുവനന്തപുരം)

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആഭിമുഖ്യത്തിൽ വി. കൊച്ചുത്രേസ്യയുടെ കരംപിടിച്ച് പ്രത്യാശയുടെ തീർഥാടകരായി ജൂബിലിവർഷത്തിൽ ആരംഭിച്ച **'സാന്ത്വനം ആരോഗ്യ സമൃദ്ധി'** പദ്ധതി

## പശ്ചാത്തലം

ആഗോള കത്തോലിക്കാസഭ 2025 ജൂബിലി വർഷം 'പ്രത്യാശയുടെ തീർഥാടകർ' എന്ന ആപ്തവാക്യം അടിസ്ഥാനമാക്കി ആഘോഷിക്കുന്നു. തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ നടന്നുവരുന്ന ആത്മീയ നവീകരണത്തിന്റെ ഭാഗമായി പ്രത്യാശയും സ്നേഹവുംനിറഞ്ഞ ആരോഗ്യ സേവനങ്ങളിലൂടെ ഈ സന്ദേശം യാഥാർഥ്യമാക്കാനാണ് ജൂബിലി വർഷത്തിൽ ലക്ഷ്യമിടുന്നത്. നമ്മുടെ അതിരൂപത നവതിയിലേക്കും (90-ാം വാർഷികം-1937-2027) ജൂബിലി മെമ്മോറിയൽ ആശുപത്രി റൂബി ജൂബിലിയിലേക്കും (40-ാം വാർഷികം-1987-2027) കടക്കുമ്പോൾ എല്ലാവരുടെയും ശാരീരികവും ആത്മീയവുമായ ആരോഗ്യം ഉറപ്പുവരുത്താൻ ശ്രമിക്കുകയാണ്. നമുക്കുചുറ്റുമുള്ള അനേകം കാൻസർ, കിടപ്പ് രോഗികൾ, മാനസിക പ്രശ്നങ്ങൾ നേരിടുന്നവർ, മറ്റ് മാരകരോഗങ്ങളാൽ കഷ്ടപ്പെട്ടവർ, എന്നിവർക്ക് പരിചരണവും സംരക്ഷണവും ലഭിക്കാതെപോകുന്നു എന്നതൊരു വസ്തുതയാണ്. ഫ്രാൻസിസ് പാപ്പ പറഞ്ഞതുപോലെ സഭ ഒരു ഫീൽഡ് ഹോസ്പിറ്റൽ ആകണം.' രോഗികളുടെ പക്കൽ എത്തി അവർക്കു ആത്മാഭിമാനവും പ്രത്യാശയും പകരുന്നവരാകണം. അതിന്റെ ഭാഗമായി 'സാന്ത്വനം ആരോഗ്യ സമൃദ്ധി' എന്ന സംരംഭത്തിന് തിരുവനന്തപുരം ലത്തീൻ അതിരൂപത തുടക്കംകുറിക്കുകയാണ്.

## ഈ പദ്ധതി സംയുക്തമായി നടപ്പിലാക്കുന്നത്:

- ജൂബിലി മെമ്മോറിയൽ ആശുപത്രി (JMH) - ചികിത്സാപരമായ മാർഗനിർദേശവും സാങ്കേതിക സഹായവും പരിചരണവും
- ലിറ്റിൽ ഫ്ളവർ കോളേജ് ഓഫ് നഴ്സിംഗ് (LFCN) മികവുറ്റ ആതുരശുശ്രൂഷ പരിശീലനവും വോളന്റിയർ സേവനങ്ങളും
- ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി (TSSS)- സമൂഹ്യപ്രവർത്തനങ്ങളുടെ ഏകോപനം
- കുടുംബ ശുശ്രൂഷ- കുടുംബങ്ങൾക്ക് പിന്തുണയും പരിചരണവും
- അൽമായ ശുശ്രൂഷ- സന്നദ്ധ പ്രവർത്തകരുടെ പങ്കാളിത്തം
- വിവിധ അസോസിയേഷനുകൾ: ആരോഗ്യപരവും ആത്മീയവുമായ സേവനം
- ഫെറോനകളും ഇടവകകളും - പ്രാദേശിക തലത്തിലുള്ള പ്രവർത്തനങ്ങളും സജ്ജീകരണങ്ങൾ ഒരുക്കലും.

## ദർശനവും ദൗത്യവും

**ദർശനം:** പ്രത്യാശയുടെ കരുണാസമൃദ്ധമായ ആരോഗ്യസുസ്ഥിതി ഉറപ്പാക്കുക.

**ദൗത്യം:** കാൻസർ രോഗികൾക്കും കിടപ്പിലായവർക്കും മറ്റ് രോഗങ്ങളാൽ വേദനിക്കുന്നവർക്കും പരിചരണവും സ്നേഹവും നൽകുക.



വിദഗ്ധ ചികിത്സാ പരിചരണത്തിലൂടെയും മാനസിക-ആത്മീയ-കുടുംബ-സാമൂഹിക പിന്തുണയിലൂടെയും 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന സന്ദേശം ജീവിതത്തിൽ പ്രവർത്തികമാക്കുക.

## ലക്ഷ്യങ്ങൾ

> പരസ്നേഹവും കരുതലും കരുണയും പങ്കുവയ്ക്കലും ഉള്ള ഒരു സമൂഹം വളർത്തുക
> ആരും തനിച്ചല്ല എന്ന ബോധ്യം വളർത്തുക
> ആരോഗ്യ ബോധവൽക്കരണവും പരിരക്ഷയും ഉറപ്പുവരുത്തുക
> കാൻസർ രോഗികൾക്കും കിടപ്പിലായവർക്കും വീട്ടുതോറും പരിചരണം നൽകുക.
> പട്ടിണിയില്ലാത്ത കുടുംബങ്ങൾ സൃഷ്ടിക്കുക
> സഹാനുഭൂതിനിറഞ്ഞ സഭാസമൂഹം വളർത്തുക
> സന്നദ്ധപ്രവർത്തകരെ ആരോഗ്യപരിചരണ ആത്മീയ പരിശീലനത്തിലൂടെ രൂപപ്പെടുത്തുക.
> സുവിശേഷമൂല്യങ്ങളിൽ അധിഷ്ഠിതമായ കരുണയുടെ സംസ്കാരം വളർത്തുക

## പ്രധാന പ്രവർത്തനങ്ങൾ

**1) ആരോഗ്യ ബോധവൽക്കരണം:**

> ഇടവകതലത്തിൽ ഹെൽത്ത് ക്യാമ്പുകൾ സംഘടിപ്പിക്കുക
> ആഹാരശീലം, ശുചിത്വം, മാനസികാരോഗ്യം, ജീവിതശൈലി എന്നിവയിൽ പരിശീലനം നൽകുക.
> വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ വിവിധ വിഭാഗങ്ങൾക്ക് (കുട്ടികൾ, സ്ത്രീകൾ, പുരുഷന്മാർ) 'ശരീരശുചിത്വവും ആരോഗ്യവും' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നൽകുക.
> ജൂബിലി ഹെൽത്ത് വാക്ക്/ഓട്ടം എന്നിവ സംഘടിപ്പിക്കുക.
> ഇടവക ന്യൂസ് ബുള്ളറ്റിനുകളിൽ ആരോഗ്യ കുറിപ്പുകൾ നൽകുക.

**2) രോഗി പരിചരണം:**

> കാൻസർ രോഗികൾ, ഡയാലിസിസ്, കിടപ്പ് രോഗികൾ എന്നിവരെ കണ്ടെത്തുക.
> വീട്ടുതോറും സന്ദർശനങ്ങൾ, നഴ്സിംഗ് സഹായം, മെഡിക്കൽ പരിശോധനകൾ എന്നിവ നടത്തുക.
> വിശ്വാസ കൂട്ടായ്മയിലൂടെ പ്രാർഥനയും ആത്മീയ സാന്ത്വനവും നൽകുക

**3) സമൂഹ സഹായം:**

> സാന്ത്വനം സോളിഡാരിറ്റി ഫണ്ട് രൂപീകരിക്കുക.
> ഒരു കുടുംബം ഒരു രോഗിയെ ദത്തെടുക്കൽ പദ്ധതി നടപ്പിലാക്കുക.
> പദ്ധതി ജൂബിലി മെമ്മോറിയൽ ആശുപത്രി, ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി, സന്യസ്ഥർ നടത്തുന്ന ഡിസ്പെൻസറികൾ എന്നിവ മുഖേന നടപ്പിലാക്കുക.
> ഇടവക വോളന്റിയർമാർ, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, ലീജിയൻ ഓഫ് മേരി, കെ.സി.വൈ.എം എന്നിവ വഴി നിർദ്ധനരെ കണ്ടെത്തുക, സഹായിക്കുക.
> പ്രാഥമിക ആരോഗ്യനിർണയ സാമഗ്രികൾ, ഇടവകകൾക്ക് നൽകുന്നു.

**4) പരിശീലനം:**

> സന്നദ്ധപ്രവർത്തകർക്കും വിവിധ അസോസിയേഷനുകൾക്കും ഫാമിലി മിനിസ്ട്രിയിലുള്ള വോളന്റിയർമാർക്കും പരിശീലനം നൽകുക.
വിഷയങ്ങൾ : ഹോം കെയർ, കൗൺസലിംഗ്, പാലിയേറ്റീവ് കെയർ, ഫസ്റ്റ് എയ്ഡ്, ആത്മീയ പരിചരണം
> ലിറ്റിൽ ഫ്ളവർ നഴ്സിംഗ് കോളേജ് (LFCN) മുഖേന പ്രൊഫഷണൽ പരിശീലനം നൽകുക.

## പ്രതീക്ഷിക്കുന്ന ഫലങ്ങൾ

> ആരോഗ്യം സംബന്ധിച്ച അറിവ് വർധിക്കും
> പരിശീലനം ലഭിച്ച സന്നദ്ധപ്രവർത്തകരുടെ ശൃംഖല രൂപപ്പെടും
> രോഗികൾക്ക് കൂടുതൽ സ്നേഹവും ആത്മാഭിമാനവും ലഭിക്കും
> കരുണയുടെയും പങ്കാളിത്തത്തിന്റെയും സംസ്കാരം വളരും
> ജൂബിലി വർഷത്തിന്റെ ചൈതന്യം സമൂഹത്തിൽ പ്രകടമാകും

## സ്ഥിരതയും തുടർച്ചയും

> പദ്ധതി തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ സ്ഥിരമായ ഒരു ആരോഗ്യപദ്ധതിയായി തുടരും.
> ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റിയിൽ 'സാന്ത്വനം ഡെസ്ക്' സ്ഥാപിച്ച് തുടർച്ചയും വാർഷിക ഫണ്ടിങ്ങും ഉറപ്പാക്കും.
> ഇടവകകളും, സന്നദ്ധപ്രവർത്തകരും, ഡോക്ടർമാരും സഹകരിച്ചുള്ള സ്ഥിരമായ ബന്ധം നിലനിർത്തും.

## ഉപസംഹാരം

'സാന്ത്വനം ആരോഗ്യ സമൃദ്ധി' എന്നത് കാരുണ്യത്തിന്റെ പ്രത്യാശ നൽകുന്ന സന്ദേശം പ്രവൃത്തികളിലൂടെ പ്രകടമാക്കാനുള്ള ഒരു പരിശ്രമമാണ്. അന്ത്യദിനത്തിൽ മനുഷ്യപുത്രൻ നമ്മോട്, 'ഞാൻ രോഗിയായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചോ (മത്താ:25:36)' എന്ന ചോദ്യത്തിന് നാമോരോരുത്തരും ഉത്തരം പറയാൻ ബാധ്യസ്ഥരാണ്. ഈ പദ്ധതി ക്രിസ്തുവിന്റെ കരുണയെയും കരുതലിനെയും യാഥാർഥ്യമാക്കാനുള്ള ശ്രമമാകണം. നമുക്കോരോരുത്തർക്കും അതിനായി അണിചേരാം.





# കുറച്ച് ക്രിസ്തുമസ് കാര്യങ്ങൾ

ഫാ. തോമസ് പാട്ടത്തിൽചിറ CMF

കാലപ്പഴക്കത്തിൽ ആത്മാവും അർത്ഥവും കൈമോശംവരാതെ മതപരവും വിശ്വാസസംബന്ധവുമായ ആചരണങ്ങളും ആഘോഷങ്ങളും കാത്തുസൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്. തലമുറ മാറി എന്ന വസ്തുത തെറ്റായ പ്രവണതകളെ യാതൊരുവിധത്തിലും സാധൂകരിക്കുന്നില്ല. ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും അവയുടേതായ പവിത്രതയും പ്രാധാന്യവും പ്രസക്തിയുമുണ്ട്. അവയുടെ ആഘോഷരീതികളിൽ അറിഞ്ഞോ അല്ലാതെയോ അരുതാത്തവ കടന്നുകൂടുമ്പോൾ അവ തിരുത്തപ്പെടേണ്ടത് അനിവാര്യമാണ്. ദൈവപുത്രനും ലോകരക്ഷകനുമായ ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിരുനാളായ ക്രിസ്തുമസ് പ്രതിവർഷം ഡിസംബർ 25ന് ലോകമെമ്പാടും ആചരിക്കപ്പെടുമ്പോൾ ക്രൈസ്തവവിശ്വാസികൾ ഓർമയിൽ കരുതേണ്ട ചില കാര്യങ്ങളുണ്ട്. നൂറ്റാണ്ടുകളുടെ പാരമ്പര്യപശ്ചാത്തലമുള്ള ഈ ആചരണം 2025-ൽ കൊണ്ടാടപ്പെടുമ്പോൾ പ്രസ്തുത ആഘോഷവുമായി ബന്ധപ്പെട്ട് കണ്ടുവരുന്ന ചില ചേരാത്ത ചേരുവകകളാണ് അവയോരോന്നും.

## ക്രിസ്തുമസ് ആണ്, ക്രിസ്മസ് അല്ല.

പേരിൽനിന്നുതന്നെ തുടങ്ങാം. ക്രിസ്തുമസ് ക്രിസ്തുവിന്റെ തിരുപ്പിറവി ദിനമാണ്. മറ്റാരുടെയുമല്ല. CHRISTMAS എന്ന വാക്കിൽതന്നെ CHRIST ഉണ്ട്. ക്രിസ്തു ഇല്ലാതെ ക്രിസ്തുമസ് ഇല്ല. വന്നുവന്ന് ഇപ്പോൾ CHRISTMASന്റെ മലയാള പരിഭാഷ കേവലം 'ക്രിസ്മസ്' ആയി മാറിയിരിക്കുന്നു. ഇതിനെ നിസ്സാരമാക്കി തള്ളാനാവില്ല. പറയാനും എഴുതാനുമുള്ള എളുപ്പത്തിനായി അങ്ങനെ ചെയ്യുന്നത് ശരിയല്ല. ആധുനിക ഭാഷാപ്രയോഗങ്ങൾക്കും ഉച്ചാരണരീതികൾക്കുമൊക്കെ മാറ്റം വന്നിട്ടുണ്ടെന്ന മുടന്തൻന്യായം ഇക്കാര്യത്തിൽ ഉന്നയിക്കേണ്ട. പ്രസിദ്ധീകരണങ്ങളിലും. കരോൾ ഗാനങ്ങളിലും ആശംസാകാർഡുകളിലുമൊക്കെ ക്രിസ്തുമസ് ക്രിസ്മസ് ആണ്. എഴുത്തുകാരും പ്രസാധകരും ഈ തെറ്റ് തിരുത്തണം. 'ക്രിസ്തുമസ്' എന്ന് കൃത്യമായി എഴുതാനും ഉച്ചരിക്കാനും നാം പരിശീലിക്കണം. Christ എന്ന പദം ക്രൈസ്റ്റ് എന്നുച്ചരിക്കാമെങ്കിൽ CHRISTMAS ക്രൈസ്റ്റ്മസ് എന്നായാലും ക്രിസ്മസ് അല്ല. CHRISTMAS എന്ന വാക്കിന്റെ മൂലാർഥംതന്നെ Christ's Mass എന്നാണ്.

## ക്രിസ്തുഇല്ലാത്ത ആശംസാകാർഡുകൾ

ക്രിസ്തുമസിനോട് അനുബന്ധിച്ച് ആശംസാകാർഡുകൾ അയയ്ക്കുന്ന

സമ്പ്രദായം 1850 കളിലാണ് ആരംഭിച്ചത്. ക്രിസ്തുവിന്റെ ജനനം സകലർക്കുംവേണ്ടിയുള്ള രക്ഷയുടെയും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സദ്വാർത്തയാണ് പ്രഘോഷിക്കുന്നത്. അതുകൊണ്ടുതന്നെ മനുഷ്യർ അന്യോന്യം അവയൊക്കെ ആശംസിക്കേണ്ടത് ആവശ്യമാണ്. എന്നാൽ, ആശംസാകാർഡുകളുടെ ഭംഗിക്കും ആകർഷണീയതയ്ക്കും അനാവശ്യമായ പ്രാധാന്യം കല്പിക്കുന്നതിന്റെ ഭാഗമായി അവയിൽനിന്നും ഉണ്ണീശോയുടെയും യൗസേപ്പ് പിതാവിന്റെയും മാതാവിന്റെയും മാലാഖമാരുടെയുമൊക്കെ ചിത്രങ്ങൾ മാറ്റി പകരം സാന്താക്ലോസ്, ക്രിസ്തുമസ് ട്രീ, കിളികൾ, പൂക്കൾ, പ്രകൃതിദൃശ്യങ്ങൾ തുടങ്ങിയവയാണ് പതിപ്പിച്ചിട്ടുള്ളത്. ഇത്തരം കാർഡുകൾക്കും അവയുടെ ഉള്ളിൽ ഇംഗ്ലീഷിൽ അച്ചടിച്ചിരിക്കുന്ന ചില ആശംസാവചസ്സുകൾക്കും ക്രിസ്തുമസുമായി യാതൊരു ബന്ധവും കണ്ടെന്നുവരികയുമില്ല. ആകയാൽ, ഇങ്ങനെയുള്ളവയുടെ വിൽക്കൽവാങ്ങലുകൾ ഉപേക്ഷിക്കണം. ക്രിസ്തുമസ് ആശംസാകാർഡുകൾ അവയുടെ മട്ടിലും ഭാവത്തിലും തിരുപ്പിറവിയുടെ സന്ദേശം പേറുന്നവതന്നെ ആയിരിക്കണം. അപ്പോഴേ ആശംസകൾക്ക് അഴകും അർഥവും ഉണ്ടാവൂ. CHRISTMASനു പകരം XMAS എന്ന ഉപയോഗവും വിശ്വാസികൾ അവസാനിപ്പിച്ചാൽ ഉത്തമം.

## കഴമ്പില്ലാത്ത കരോൾ ഗാനങ്ങൾ

ക്രിസ്തുമസ് ഗാനങ്ങൾ ക്രിസ്തുമസിന്റെ സന്ദേശം ഉൾക്കൊള്ളുന്നവയും ഉദ്ഘോഷിക്കുന്നവയും ആയിരിക്കണം. പണ്ടത്തെ സിനിമകളിലെ ക്രിസ്തുമസ് ഗാനങ്ങളിൽപോലും അക്രൈസ്തവരായ രചയിതാക്കൾ ഇക്കാര്യം ശ്രദ്ധിച്ചിരുന്നു. എന്നാൽ, ഇന്ന് എഴുത്തുകാരുടെ എണ്ണം എന്നത്തേയുംകാൾ ഏറിയതോടെ കരോൾ ഗാനങ്ങളിൽ തിരുപ്പിറവിയുടെ ആത്മീയത ഗണ്യമായരീതിയിൽ കുറഞ്ഞുവരുന്നുണ്ട്. അടിപൊളി ഗാനങ്ങളിൽ മതിമറക്കുന്ന പുതുതലമുറയ്ക്ക് പാടാനും ആടാനുംപറ്റിയ ശൈലിയിൽ ചിട്ടപ്പെടുത്തുന്ന പല കരോൾ ഗാനങ്ങളിലും പേരിന് 'ക്രിസ്മസ്' എന്ന തെറ്റായ ഒരു പദം മാത്രമേയുള്ളൂ. ബാക്കിയൊക്കെ ഏതോ ഒരു സാധാരണകുഞ്ഞിനെപ്പറ്റിയുള്ള 'മുത്തേ...മുത്തേ...കണ്ണേ...കണ്ണേ...ചങ്കേ...ചങ്കേ....' വിളികളും മറ്റെന്തൊക്കെയോ ഉറക്കപ്പിച്ചുകളുമാണ്. താളത്തിലും ചടുലതയിലും യുവചോരയെയും മനസ്സുകളെയും വെറുതെ ഹരം പിടിപ്പിക്കാനുള്ള ശേഷിമാത്രമേ ഇവയ്ക്കുള്ളൂ. ക്രിസ്തുമസ്കാലഘട്ടത്തിൽ മനുഷ്യർ ഭാഷാഭേദമെന്യേ പതിവായി പാടുന്ന Jingle Bells എന്ന ഇംഗ്ലീഷ് ഗാനത്തിൽ Christ, Christmas അതുംപോട്ടെ, ക്രിസ്തുമസുമായി ബന്ധപ്പെട്ട ഏതെങ്കിലുമൊരു വാക്കുണ്ടോ എന്ന് പലപ്രാവശ്യം ഞാൻ ചികഞ്ഞുനോക്കി, കണ്ടില്ല. ദൗർഭാഗ്യവശാൽ ഇത്തരത്തിലുള്ള ചിലതിനൊക്കെ നാം അമിതപ്രാധാന്യം കൊടുത്തുപോകുന്നില്ലേ?

കരോൾഗാനങ്ങൾ കൂട്ടംകൂടി ചാടാനും തുള്ളാനുംവേണ്ടിയുള്ളവയാകാതെ ഇമ്പമുള്ളവയും ഹൃദയങ്ങളെ സ്പർശിക്കുന്നവയും ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ പൊരുൾ ഉൾക്കൊള്ളുന്നവയുമാകണം. ഒപ്പം, വീടുകൾ കയറിയിറങ്ങി കരോൾ ഗാനങ്ങൾ പാടുന്നത് പണപ്പിരിവിനുള്ള മാർഗമായി കാണാതിരിക്കണം. പകരം, ക്രിസ്തുവിന്റെ രക്ഷാകരമായ ജനനത്തിന്റെ ആനന്ദം പങ്കുവയ്ക്കാനുള്ള അവസരമായി കരുതണം. ഇടവകയിൽ സേവനം ചെയ്യുന്ന വൈദികരുടെ നേതൃത്വത്തിൽ സമയബന്ധിതമായി, ആർക്കും ശല്യമാകാത്തവിധത്തിൽ അടുക്കും ചിട്ടയോടുംകൂടെ ഉണ്ണീശോയുടെ രൂപവുംവഹിച്ചുകൊണ്ട് പ്രാർഥനാനിർഭരമായി നടത്തപ്പെടുന്ന കരോൾശുശ്രൂഷകളാണ് അഭികാമ്യം.

## പുല്ലുടാണ് മുഖ്യം, ക്രിസ്തുമസ് ട്രീ അല്ല.

കഴിഞ്ഞകാലത്തെ അപേക്ഷിച്ച് ഇന്ന് പുല്ലൊരുക്കുന്ന കുടുംബങ്ങൾ കുറവാണ്. പുല്ലിന്റെ സ്ഥാനം മെല്ലെ ക്രിസ്തുമസ് ട്രീ കൈയടക്കിക്കൊണ്ടിരിക്കുന്നു. ഓർക്കണം, പുല്ലുടാണ് പ്രധാനം, ട്രീ അല്ല. ക്രിസ്തു പുല്ലുട്ടിലല്ലേ പിറന്നത്? പുല്ലിനുസമീപം ഒരു ട്രീയുള്ളത് നല്ലതുതന്നെ. എളുപ്പത്തിന് റെഡിമെയ്ഡ് പുല്ലുട് വാങ്ങിവയ്ക്കുന്നതിലും നല്ലത് സാധിക്കുന്നിടത്തൊക്കെ കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് ഒരു പുല്ലുട് ഒരുക്കുന്നതാണ്. അത് അനുഗ്രഹത്തിന്റെ അടയാളമാണ്. Christmas Images എന്ന് ഗൂഗിൾചെയ്താൽ തെളിയുന്ന ഭൂരിഭാഗം ചിത്രങ്ങളിലും സാന്താക്ലോസും ക്രിസ്തുമസ് ട്രീയുംമാത്രമാണ് എന്നത് തികച്ചും ഖേദകരമാണ്.

## ക്രിസ്തുവാണ് പ്രധാനം, സാന്താക്ലോസ് അല്ല

ക്രിസ്തുവാണ് ക്രിസ്തുമസിന്റെ കേന്ദ്രം, എന്നാൽ, ക്രിസ്തുമസ് നാളുകളിൽ കടകമ്പോളങ്ങളിലൊക്കെ പ്രതിഷ്ഠിക്കപ്പെടുന്നത് സാന്താക്ലോസിന്റെ വലിയ ചിത്രങ്ങളാണ്. ചുവന്ന ഉടുപ്പും, കുടവയറും, പഞ്ഞിത്താടിയും, വെളുത്ത ചുരുളൻമുടിയും, വടിയും, തൊപ്പിയും, സമ്മാനങ്ങളുമൊക്കെയായി നില്ക്കുന്ന സാന്താക്ലോസാണ് ക്രിസ്തുമസ് താരം. കൂടുതൽ കച്ചവടവും ലാഭവുംകൊയ്യാനുള്ള തത്രപ്പാടിൽ വ്യാപാരികൾ കാട്ടിക്കൂട്ടുന്ന ഇത്തരം പേക്കൂത്തുകൾ ഒരിക്കലും അനുകരണാർഹമല്ല. ക്രിസ്തുമസ് എന്ന് കേട്ടാലുടൻ ഇന്നത്തെ തലമുറയ്ക്ക് സാന്താക്ലോസ് എന്ന അപ്പൂപ്പനെയാണ് ഓർമവരിക. ആ സാങ്കല്പിക കഥാപാത്രത്തിന് അർഹിക്കാത്ത ആദരം അരുത്. ദൈവാലയങ്ങളിൽ ഉണ്ണീശോയെയും പുല്ലുടിനെയും വിട്ട് സാന്താക്ലോസിന്റെ പുറകേ വിശ്വാസികൾ പോകാതിരിക്കാൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കണം. തെരുവുകൾ സാന്താക്ലോസുമാരെക്കൊണ്ട് നിറയുന്നതു കാണുന്ന അക്രൈസ്തവനായ ഒരാൾ ക്രിസ്തുമസ് സാന്താക്ലോസ്ജയന്തിയാണെന്ന് ധരിച്ചാൽ അയാൾ തെറ്റിദ്ധരിച്ചെന്ന് കുറ്റം പറയാനൊക്കില്ല.

ഓർക്കണം, വ്യാഖ്യാനിച്ചും പുനർവ്യാഖ്യാനിച്ചും, കാലംമാറിയതനുസരിച്ച് കോലംമാറ്റിയും പല ആചാരാനുഷ്ഠാനങ്ങളുടെയും ആത്മാവിനും ആന്തരിക അർഥത്തിനും മനുഷ്യൻ ക്ഷതമേല്പിച്ചിട്ടുണ്ട്. നരരക്ഷകനായ ക്രിസ്തുവിന്റെ പിറവിത്തിരുനാൾ അവയിലൊന്നായി എണ്ണപ്പെടാതിരിക്കട്ടെ. •






ടാക്കീസ്



സുനിൽ സി. ഇ

# പിൻ നടത്തത്തിന്റെ മനഃശാസ്ത്രം

**(ഇത്തിരി നേരം എന്ന സിനിമയെക്കുറിച്ച്)**

ശരീരത്തിന്റെ അരക്ഷിതാവസ്ഥകൾ ചിലപ്പോഴെങ്കിലും പിൻനടത്തത്തിന്റെ കടന്നുവെയ്പ്പിനെക്കുറിച്ചുള്ള ബോധ്യങ്ങൾ നമുക്ക് സമ്മാനിച്ചേക്കാം. പ്രണയം, ഓർമ, റീയൂണിയൻ തുടങ്ങിയ ആഘാതങ്ങൾ നായകന്റെയോ നായികയുടെയോ ജീവിതത്തെ ബാധിക്കുന്നത് സിനിമാ പ്രമേയങ്ങളായി വിജയിക്കുന്നത് പിൻനടത്തത്തിന്റെ ഈ രാഷ്ട്രീയ മനഃശാസ്ത്രം അതിൽ ഉൾച്ചേർന്നതുകൊണ്ടാണ്. സമൂഹചേതനയുടെയും സദാചാര വിമ്പിന്റെയും ഇത്തരം ശരീര ഇടപെടലുകൾ അഭ്രപാളിയിൽ ദൃശ്യപ്പെടുത്തുന്നത് നമുക്ക് തന്മയീഭവിച്ച് ഈ രാഷ്ട്രീയപരതയെപ്പറ്റി വിചിന്തനംകൊണ്ട് തൃപ്തിയടയാനാണ്. സിനിമയിലെ ഏറ്റവും സുന്ദരങ്ങളായ ശരീരങ്ങൾക്ക് ക്ഷതമേൽക്കുമ്പോഴാണ് ചിലപ്പോൾ നാം ബന്ധങ്ങൾക്ക സംഭവിക്കുന്ന ആഘാതങ്ങളെക്കുറിച്ച് ബോധവാന്മാരാകുന്നത്. അങ്ങനെയങ്കിൽ അത്തരമൊരു പിൻനടത്തത്തിന്റെ മനഃശാസ്ത്രത്തെ നേർസന്ദേശവാഹികൾ ഉപയോഗിച്ച് പകർത്തിക്കാട്ടുന്ന സിനിമയാണ് പ്രശാന്ത് വിജയ് സംവിധാനം ചെയ്ത "ഇത്തിരിനേരം". കുടുംബവ്യവസ്ഥ എന്നത് മനുഷ്യൻ നിർമിച്ചെടുത്തപ്പോൾതന്നെ ആവിർഭവിച്ചതാണ് ദാമ്പത്യം എന്ന കീറാമുട്ടിയെ നേരിടുക എന്ന ദുർഘടവും. പരിണാമം നിഷ്ക്കർഷിച്ചിട്ടുള്ളതല്ല ദാമ്പത്യം എന്നതുകൊണ്ട് ഭർത്താവ് പത്നി എന്നീ പദവികൾ കൈകാര്യം ചെയ്തുകൊണ്ട് നടക്കുക എന്നത് വിഷമം പിടിച്ച വിളംബരങ്ങളിലൊന്നാണ്. ദാമ്പത്യം എന്നത് ചിന്തയ്ക്കപ്പുറത്തും ആവിഷ്കരിക്കലിനകത്തുമുള്ളതാണ്. ഇതിനിടയിലാണ് സദാചാര ക്യാമറക്കണ്ണുകളുടെ

തുറന്നുവയ്പും പകർത്തിയെടുപ്പും ചോദ്യം ചെയ്യലുമെല്ലാം അരങ്ങേറുന്നത്. ഭാവന മെനയുന്ന ആവിഷ്കാരങ്ങളിൽ അഭിരമിച്ച് അവവഴി ആത്മസ്വാസ്ഥ്യം നേടാനും കഴിവുള്ള ഒരു തലച്ചോറ് പരിണാമം മനുഷ്യന് നൽകിയിട്ടുണ്ടെങ്കിലും ദാമ്പത്യാനന്തരം സംഭവിക്കുന്ന റീയൂണിയനുകൾ സൃഷ്ടിക്കുന്ന പ്രതിബന്ധങ്ങൾ അനവധിയാണെന്ന് "ഇത്തിരിനേരം" പ്രഖ്യാപിക്കുന്നു. ഇത്തരം പരിണാമ വിധികൾക്കെതിരെ തുഴയുന്നവന്റെ അമർഷം ലവലേശം തീണ്ടാത്ത ഒരു നായക വേഷത്തെയാണ് പ്രശാന്ത് സൃഷ്ടിക്കുന്നത്. ദാമ്പത്യത്തിലേയ്ക്ക് പ്രവേശിച്ച ഒരാൾ ഒരു നിമിഷത്തേക്കെങ്കിലും ഒരു റീ യൂണിയൻ മാനസിക നിലയിലേക്ക് കടക്കുന്നത് അതിന്റെ എല്ലാ വരുംവരായ്കകളും പ്രത്യാഘാതങ്ങളും ത്രാസിലിട്ട് തൂക്കി നോക്കിയിട്ടല്ലല്ലോ! ഒരുതരം വിഭ്രാന്തിയിൽ സൃഷ്ടിക്കപ്പെട്ട രണ്ടു സ്വരൂപങ്ങൾ എത്രമാത്രം സഹായകരമാകുന്നുണ്ടെന്ന് പൊതുബോധത്തിന് യാതൊരു നിശ്ചയവുമില്ലല്ലോ! പക്ഷേ, സദാചാരത്തിന് അപ്പുറം അതിന് ഒരു സാധുതയുണ്ടെന്ന് പ്രശാന്ത് "ഇത്തിരിനേരം" എന്ന സിനിമയിലൂടെ വിദഗ്ദമായി സമർഥിക്കുകയാണ്. റീയൂണിയൻ തോറ്റുപോയവന്റെ ചാപല്യമാണെന്നും അത് ഒരുമാതിരി ഹീലിങ്ങാണെന്നും എത്ര കതകുകൾ തുറന്നാലാണ് അത് സാധ്യമാകുന്നതെന്നും പ്രശാന്ത് ദൃശ്യപ്പെടുത്തുന്നു.

## റീയൂണിയനും കുറെ ദൈന്യതകളും

ചെറിയ പ്ലോട്ടുകളെ തിരശ്ശീലയിലേക്ക് പകർത്തിവയ്ക്കുന്ന ഫെസ്റ്റിവൽ സിനിമകളുടെ നല്ല തച്ചനാണ് പ്രശാന്ത്. അംഗുലീചാലിതം, അതിശയങ്ങളുടെ വേനൽ, ദായം തുടങ്ങിയവ അത്തരത്തിൽ ശ്രദ്ധ നേടിയ ചിത്രങ്ങളാണ്. സ്വയം മറന്ന, വെറും ഉപകരണങ്ങൾ മാത്രം ആയിത്തീർന്ന ന്യൂനസാംസ്കാരിക പ്രതീകങ്ങളായവരെ പരിഹസിക്കാനുതകുന്നതാണ് "അംഗുലീയചാലിത"ത്തിന്റെ പ്രമേയം. അച്ഛനില്ലാതായതിന്റെ സങ്കടവും പെട്ടെന്നുള്ള തിരോധാനത്തിന്റെ കാരണം പിടികിട്ടായ്കയാലുള്ള വിഹ്വലതയും നിരാശയും അദ്ഭുതാവഹമായ ചാതുര്യത്തോടെ ആവിഷ്ക്കരിച്ച അതിശയങ്ങളുടെ വേനലും തീർത്ത പ്രശാന്ത് ബഹളങ്ങളുടെ അകമ്പടിയില്ലാതെ ഒരു രാഷ്ട്രീയത്തെയാണ് ഇത്തിരി നേരത്തിലൂടെ പങ്കുവയ്ക്കുന്നത്.

കുറെ വർഷങ്ങൾക്കുശേഷം കണ്ടുമുട്ടുന്ന രണ്ട് സുഹൃത്തുക്കൾ അവരുടെ പൂരിപ്പിക്കപ്പെടാതെപോയ പ്രണയത്തെ പുനർവിചിന്തനം ചെയ്യുന്ന ഹൃദ്യമായ തിരഭാഷ്യമാണ് റോഷൻ മാത്യു - സറിൻ ഷിഹാബ് എന്നിവരിലൂടെ അനാവരണപ്പെടുത്തുന്നത്. വിവാഹിതനായ അനീഷിന്റെ (റോഷൻ) സെൽഫോണിലേക്ക് അപ്രതീക്ഷിതമായി അഞ്ജനയെന്ന (സറിൻ) പഴയ കാമുകിയുടെ കോൾ വരുന്നു. തൊട്ടടുത്ത പകലിൽ അഞ്ജന ദില്ലിയിലേക്കും തുടർന്ന് അവിടെനിന്ന് ഉന്നതപഠനത്തിനായി അമേരിക്കയിലേയ്ക്കും യാത്രയാകും. ഒരു രാത്രി പിന്നിട്ടാൽ അനീഷിന്റെ മകൾ ദയയുടെ ജ്ഞാനസ്നാനമാണ്. ഇതിനിടയിൽ അവർക്കുള്ളത് ഒരൊറ്റ രാവ് മാത്രം. അവർ ഒരുമിച്ച് പഠിച്ചിരുന്ന, മുദ്രാവാക്യങ്ങൾ മുഴക്കി നടന്ന, പ്രണയം പങ്കുവച്ച് സഞ്ചരിച്ച തിരുവനന്തപുരത്തിന്റെ വീഥികളിൽ ഒരിക്കൽക്കൂടി സംഗമിക്കാൻ അവർ തീരുമാനിക്കുന്നു. ഈ കൂടിക്കാഴ്ച അവരുടെ ജീവിതത്തിലേക്ക് പകർന്നുനല്കുന്ന പുതിയ പാഠങ്ങളാണ് സിനിമയുടെ കേന്ദ്രപ്രമേയം. ഇനിയും മാറിയിട്ടില്ലാത്ത നമ്മുടെ സദാചാര പ്രശ്നങ്ങളെ സിനിമ ഫോക്കസ് ചെയ്യുന്നു. രാഷ്ട്രീയ കൃത്യതയുള്ള ജെൻഡറിനെയും മലയാളിയുടെ സദാചാരത്തെയും ലളിതമായി പ്രശ്നവത്ക്കരിച്ചു കാണിക്കാനും പ്രശാന്ത് ശ്രദ്ധവയ്ക്കുന്നു. പലകാരണങ്ങളാൽ പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുന്ന സൗഹൃദയങ്ങളെ ഒരു വാക്കുകൊണ്ടോ നോക്കുകൊണ്ടോ അതുമല്ലെങ്കിൽ ഒരു തുറന്നുപറച്ചിൽകൊണ്ടോ ഒക്കെ, തിരികെ തുന്നാമായിരുന്നുവെന്ന് പറഞ്ഞുതരികയാണ് "ഇത്തിരിനേരം". ഏതു ബന്ധത്തിന്റെയും പ്രാഥമികമായ അലിഖിത നിയമം ക്ലോഷർ ലഭിക്കുകയെന്നതാണ്. അതില്ലാതെ വരുമ്പോൾ ഏതു ബന്ധവും ഒരു അപൂർണതയാണ്. ഭാരമാണ്.

•






# "സാരമില്ല, നമുക്ക് പുതിയതായി തുടങ്ങാം"

**1. പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം, സ്വാഗതം**

**2. ആമുഖം**

ക്രിസ്തുവിൽ പ്രിയമുള്ളവരേ, ഇംഗ്ലീഷ് കലണ്ടർവർഷത്തിലെ ആദ്യ മാസമായ ജനുവരി നമുക്ക് ഏറെ പ്രത്യാശയും പ്രതീക്ഷയും നൽകിയാണ് കടന്നുവരുന്നത്. നന്ദിനിറഞ്ഞ മനസ്സോടെ ഈ മാസത്തിലേക്ക്, ഒരു പുതുവർഷത്തിലേക്ക് നമുക്ക് പ്രവേശിക്കാം. ജനുവരിയുടെ ചില പ്രത്യേകതകൾ:

### a) പരിശുദ്ധ കന്യകാമറിയത്തിന്റെ ദൈവമാതൃത്വ തിരുനാൾ

'തെയോട്ടോക്കോസ്' എന്ന് ഗ്രീക്ക് പദത്തിന്റെ അർഥം 'ദൈവത്തിന്റെ അമ്മ' എന്നാണ്. 431 എ ഡിയിൽ എഫേസസ് കൗൺസിൽ പരിശുദ്ധ അമ്മയെ തെയോട്ടോക്കോസ് അഥവാ ദൈവമാതാവ് എന്ന് വിളിച്ചു. ദൈവപുത്രന്റെ അമ്മ യഥാർഥത്തിൽ ദൈവത്തിന്റെ അമ്മ തന്നെയാണല്ലോ! 1974 മുതൽ ജനുവരി 1-ാം തീയതി നാം പരിശുദ്ധ അമ്മയുടെ ദൈവമാതൃത്വ തിരുനാളായി ആഘോഷിച്ചുവരുന്നു. രക്ഷകനായ ക്രിസ്തുവിന്റെ ജനനത്തിരുനാളിന്റെ സന്തോഷത്തിൽ ആയിരിക്കുന്ന നമുക്ക് ഓരോ പുതുവർഷവും പരിശുദ്ധ അമ്മയുടെ കരംപിടിച്ച് തുടങ്ങാം. ഒരു കുഞ്ഞിന്റെ ജീവിതത്തിലെ ആദ്യചുവടുവെയ്പുകൾ അമ്മ ശ്രദ്ധയോടെ പരിപാലിക്കുന്നതുപോലെ ഈ പുതിയ വർഷത്തിന്റെ നമ്മുടെ പുതിയ തുടക്കങ്ങളിൽ പരിശുദ്ധ അമ്മ നമ്മുടെ കരംപിടിച്ചു നയിക്കട്ടെ.

### b) പ്രത്യക്ഷീകരണത്തിരുനാൾ

'എപ്പിഫെനി' എന്ന് ഗ്രീക്ക് പദത്തിന് 'വെളിപ്പെടുത്തൽ' അഥവാ 'പ്രത്യക്ഷീകരണം' എന്നാണ് അർഥം. ക്രിസ്തുവിന്റെ ദൈവികത ലോകത്തിന് ആദ്യമായി വെളിപ്പെടുത്തിയ കിഴക്കുനിന്നുള്ള ജ്ഞാനികൾ നക്ഷത്രത്തെ പിന്തുടർന്ന് ക്രിസ്തുവിലേക്ക് എത്തിയതിന്റെ ഓർമയാണ് ഈ തിരുനാൾ. ദൈവം മനുഷ്യനായത് ചില വ്യക്തികൾക്കോ ചില സമൂഹത്തിനോ വേണ്ടിയല്ല, ലോകം മുഴുവനും വേണ്ടിയാണ് എന്ന് ഈ തിരുനാൾ പ്രഘോഷിക്കുന്നു. ജ്ഞാനികൾ സഞ്ചരിച്ചതുപോലെ ദൈവത്തിന്റെ സ്വരം ശ്രവിച്ച് പുതിയ വഴികളിലൂടെ പുത്തൻ പ്രതീക്ഷയോടെ നടന്നുനീങ്ങുവാൻ ഈ തിരുനാൾ നമ്മെ സഹായിക്കും. ജ്ഞാനികളെ നയിച്ച സ്വർഗീയ നക്ഷത്രം നമ്മുടെ ജീവിതത്തിനും വഴിവിളക്കാകട്ടെ.

### c) റിപ്പബ്ലിക് ദിനം

നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യമൂല്യങ്ങളും പരമാധികാരവും ഉയർത്തിപ്പിടിക്കുന്ന 77-ാമത് റിപ്പബ്ലിക് ദിനം ജനുവരി 26-ാം തീയതി നാം അനുസ്മരിക്കുന്നു. ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ നമ്മുടെ പൂർവികരുടെ ത്യാഗങ്ങളെയും നമ്മുടെ ഭരണഘടനാശില്പികളുടെ ദീർഘവീക്ഷണത്തെയും നാം ഓർമിക്കുന്നു. സുന്ദരമായ നമ്മുടെ ഭരണഘടന മുന്നിൽവയ്ക്കുന്ന സാമൂഹിക നീതിയും സാമ്പത്തിക സമത്വവും, സാഹോദര്യവുമെല്ലാം നാം ജീവിക്കുന്ന ഇന്നിന്റെ സമൂഹത്തിൽ പ്രാവർത്തികമാക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുവാനുള്ള പ്രതിബദ്ധത നമുക്കുണ്ട് എന്ന് റിപ്പബ്ലിക് ദിനം നമ്മെ ഓർമിപ്പിക്കുന്നുണ്ട്.

പ്രിയമുള്ളവരേ, ഈ പ്രത്യേകതകൾ ഉൾക്കൊണ്ട് ഈ കൂട്ടായ്മയിൽ നമുക്ക് പ്രാർഥിക്കാം.

**3. യേശുവിനെ ക്ഷണിക്കൽ**

**4. ദൈവവചന പാരായണം:**

**2 കോറിന്തോസ് 5:16-19**

**5. വചനഭാഗം പങ്കുവയ്ക്കൽ**

**6. നിശബ്ദധ്യാനം**

**7. വചനാനുഭവം പങ്കുവയ്ക്കൽ**

**8. വചനവിചിന്തനം**

ക്രിസ്തുവിൽ പ്രിയമുള്ളവരേ, 'സാരമില്ല, നമുക്ക് പുതിയതായി തുടങ്ങാം' എന്ന ചിന്ത നമുക്ക് ഉണർവ് നൽകുന്നതാണ്. പഴയത് കടന്നുപോയി, പുതിയത് വന്നു കഴിഞ്ഞു എന്നാണ് വിശുദ്ധ പൗലോസ് അപ്പസ്തോലൻ കോറിന്തോസിലെ സഭയെ അറിയിക്കുന്നത്. പൗലോസിന്റെ ഈ ആഹ്വാനം പുതുവർഷത്തിലേക്ക് കടക്കുന്ന നമുക്കുള്ള സന്ദേശമായി സ്വീകരിക്കാം.

**പശ്ചാത്തലം:**

ഗ്രീസിലെ ഒരു പ്രമുഖ പട്ടണമായിരുന്ന കോറിന്തോസ്. യഹൂദരും യഹൂദരല്ലാത്ത

താഴ്ന്ന വർഗക്കാരുമായ കോറിന്തോസുകാരാണ് വി. പൗലോസിന്റെ പ്രേഷിത പ്രവർത്തനഫലമായി ക്രിസ്തു വിശ്വാസത്തിലേക്ക് കടന്നുവന്നത്. അതിനാൽ ചില തരംതിരിവുകളും വേർതിരിവുകളും അവിടെ സഭയ്ക്കുള്ളിൽ ഉണ്ട്. ഈ പ്രശ്നങ്ങൾക്കുള്ള പരിഹാരമായാണ് വി. പൗലോസ് ഈ ലേഖനം എഴുതുന്നത്.

a) ഒരു പുതിയ വീക്ഷണം: മാനുഷിക കാഴ്ചപ്പാടിൽനിന്ന് വ്യത്യസ്തമായി എല്ലാ മനുഷ്യരെയും ഉൾക്കൊള്ളുന്ന ഒരു പുതിയ വീക്ഷണത്തിനായി വി. പൗലോസ് നമ്മെ ക്ഷണിക്കുന്നു. ക്രിസ്തു കണ്ടതുപോലെ എല്ലാവരിലും നന്മ കാണുവാൻ നമുക്ക് കഴിയട്ടെ.

b) പരസ്പരം അനുരഞ്ജിതരായിത്തീർന്നുകൊണ്ട് കഴിയുന്നവിധം എല്ലാവരെയും ശുശ്രൂഷിക്കുക/ സഹായിക്കുക. ദൈവത്തോടും മനുഷ്യരോടും നാം വസിക്കുന്ന ഈ പ്രപഞ്ചത്തോടും നാം എപ്പോഴും രമ്യതയിൽ ആയിരിക്കണം.

c) അനുരഞ്ജന ശുശ്രൂഷയുടെ അപ്പസ്തോലന്മാരായി (അയക്കപ്പെട്ടവരായി) നാം വിളിക്കപ്പെട്ടിരിക്കുന്നു. ക്ഷമിക്കുവാനും ക്ഷമ ചോദിക്കുവാനും ഒരു മടിയും നാം കാണിക്കരുത് എന്ന് സാരം. കാരണം, തെറ്റ് ചെയ്യുക എന്നത് മാനുഷികം; ക്ഷമിക്കുക എന്നത് ദൈവികവും.

d) ക്രിസ്തുമസ് ദൈവം ലോകത്തെ തന്നോട് രമ്യതപ്പെടുത്തുന്നതിന്റെ അടയാളമാണ്.

e) ഈ പുതുവർഷത്തിൽ നമുക്ക് പുതു സൃഷ്ടികളാകാം.

(വിചിന്തനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങൾ ചർച്ച ചെയ്യാം)

**1. ഒരു പുതു ചൈതന്യം നമ്മുടെ കുടുംബ കൂട്ടായ്മയിൽ നിറയുവാൻ നമുക്ക് എന്ത് പുതിയ തീരുമാനങ്ങൾ സ്വീകരിക്കാൻ കഴിയും?**

**2. രമ്യതയുടെ സന്ദേശ വാഹകരാകുവാൻ നമുക്ക് എന്തൊക്കെ പുത്തൻ തീരുമാനങ്ങൾ കൈക്കൊള്ളാൻ കഴിയും?**

**9. ദൗത്യമേറ്റെടുക്കൽ**
**10. സ്വയം പ്രേരിതപ്രാർഥന**
**11. കർത്തൃപ്രാർഥന**
**12. സമാപനപ്രാർഥന**

## രണ്ടാം ഭാഗം

1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)

2. വരവ് ചെലവ് അവതരണം;

3. ശുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണം
(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)

4. ചർച്ചയും പങ്കുവയ്ക്കലും;

5. ഹാജർ

6. രഹസ്യപ്പിരിവ്

7. അറിയിപ്പുകൾ

8. നന്ദി

9. സമാപനഗീതം




# വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക, സഭാവാർത്തകൾക്കായി
ന്യൂസ് പോർട്ടൽ സന്ദർശിക്കുക
www.archtvmnews.com

## മരിയൻ എഞ്ചിനീയറിംഗ് കോളേജിന്റെ രജത ജൂബിലി ആഘോഷങ്ങൾ ഗവർണർ ഉദ്ഘാടനം ചെയ്തു



കഴക്കൂട്ടം: കഴക്കൂട്ടം മരിയൻ എഞ്ചിനീയറിംഗ് കോളേജിന്റെ രജത ജൂബിലി ആഘോഷങ്ങൾ നവംബർ 18 ചൊവ്വാഴ്ച രാവിലെ 11 മണിക്ക് കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്തു. പരമ്പരാഗതമായ അറിവുകളിലും മൂല്യങ്ങളിലും ഊന്നിക്കൊണ്ടുള്ള ആധുനിക വിദ്യാഭ്യാസമാണ് കേരളം ലക്ഷ്യമാക്കേണ്ടതെന്ന് അദ്ദേഹം പറഞ്ഞു. ലക്ഷ്യബോധവും സാമൂഹ്യ പ്രതിബദ്ധതയുമുള്ള പൗരൻമാരെ സൃഷ്ടിക്കാനും, കുട്ടികളുടെ സ്വഭാവ രൂപീകരണം, ദേശീയ ബോധം എന്നിവയ്ക്കും ഉന്നതവിദ്യാഭ്യാസം പ്രാധാന്യം നല്കണം. വികസിതഭാരതം എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുന്ന രാജ്യത്തിന് പിന്തുണ നല്കേണ്ടത് വിദ്യാർഥി സമൂഹമാണെന്നും തൊഴിൽദാതാക്കളെ സൃഷ്ടിക്കുവാൻ ഉതകുന്നതാവണം മരിയൻ പോലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസപദ്ധതികളെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കഴക്കൂട്ടം മരിയൻ എഡ്യൂസിറ്റി കാമ്പസിൽ നടന്ന ചടങ്ങിൽ മരിയൻ എഞ്ചിനീയറിംഗ് കോളേജിന്റെ സ്ഥാപക രക്ഷാധികാരിയായ ഡോ. സൂസപാക്യം, തിരുവനന്തപുരം ലത്തീൻ അതിരൂപതാ മെത്രാപ്പോലീത്ത ഡോ. തോമസ് ജെ. നെറ്റോ, സഹായമെത്രാൻ ബിഷപ്പ് ഡോ. ക്രിസ്തുദാസ് രാജപ്പൻ, മാനേജർ റവ. ഡോ. എ. ആർ. ജോൺ, പ്രിൻസിപ്പൽ ഡോ. അബ്ദുൾ നിസാർ, ടാറ്റ എലിക്സിയുടെ സെന്റർ ഹെഡും ജിടെക് സെക്രട്ടറിയുമായ ശ്രീ കുമാർ വി. എന്നിവരും പങ്കെടുത്തു.

## കഴക്കൂട്ടം മരിയൻ ബിസിനസ് സ്കൂളിൽ 2025-27 എം.ബി.എ ബാച്ച് ഉദ്ഘാടനം ചെയ്തു




കഴക്കൂട്ടം: കഴക്കൂട്ടം മരിയൻ ബിസിനസ് സ്കൂളിൽ 2025-27 എം.ബി.എ ബാച്ച് ഉദ്ഘാടനം കേരള സ്റ്റാർട്ടപ്പ് മിഷൻ സി.ഇ.ഒ അനൂപ് അംബിക നിർവഹിച്ചു. അതിനോടൊപ്പം എംബിഎ അസോസിയേഷൻ ഉദ്ഘാടനവും ജനുവരിയിൽ നടക്കുന്ന മാനേജ്മെന്റ് ഫെസ്റ്റ് മാഗ്നം1.0-യുടെ ലോഗോ പ്രകാശനവും നടന്നു. മരിയൻ എഞ്ചിനീയറിംഗ് കോളേജ് മാനേജർ റവ. ഡോ. എ. ആർ ജോൺ, പ്രിൻസിപ്പൽ ഡോ. അബ്ദുൽ നിസാർ, ബർസാർ ഫാ. ജിം കാർവിൻ, ഡീൻ ഡോ. സാംസൺ, പി.ആർ.ഒ ആർ. എസ് രാഹുൽ, മരിയൻ ബിസിനസ് സ്കൂളിന്റെ ചുമതല വഹിക്കുന്ന ഡോ. ഷിബു ലാൽ എന്നിവർ സന്നിഹിതരായിരുന്നു

## നീരോടി ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് കുടുംബ ശുശ്രൂഷ കൗൺസിലിംഗ് സേവനം നൽകി



നീരോടി : തിരുവനന്തപുരം അതിരൂപതയിലെ തൂത്തൂർ ഫെറോനയിലെ നീരോടി ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് കുട്ടികൾക്കും മുതിർന്നവർക്കും കൗൺസിലിംഗ് സേവനം ലഭ്യമാക്കി. 2025 നവംബർ 5 മുതൽ 7 വരെയും 10 മുതൽ 15 വരെയും വാർഡ് തലത്തിലാണ് കൗൺസിലിംഗ് നൽകിയത്. ജീവിതത്തിന്റെ ഏതു പ്രതിസന്ധികളിലും പ്രത്യാശയോടെ മുന്നോട്ടു പോകാൻ സാധിക്കുമെന്ന വിശ്വാസം ഇടവകജനങ്ങളിൽ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായിട്ടാണ് 8 ദിവസം നീണ്ടുനിന്ന കൗൺസിലിംഗ് പരിപാടി സംഘടിപ്പിച്ചത്. കുട്ടികൾ, യുവജനങ്ങൾ, ദമ്പതികൾ, വയോജനങ്ങൾ തുടങ്ങി 804 പേർ കൗൺസിലിംഗ് സേവനം പ്രയോജനപ്പെടുത്തി. തങ്ങളെ കേൾക്കാൻ സഭ കൂടെയുണ്ടെന്ന ബോധ്യം വളർത്താൻ ഈ കൗൺസിലിംഗ് സേവനത്തിലൂടെ സാധിച്ചെന്ന് സംഘാടകർ പറഞ്ഞു.

## കുടുംബ പ്രേഷിത ശുശ്രൂഷ ജൂബിലി വർഷാചരണത്തോട് അനുബന്ധിച്ച് ഫൊറോന സന്ദർശനം നടത്തി



വെള്ളയമ്പലം: കുടുംബ പ്രേഷിത ശുശ്രൂഷ ജൂബിലി വർഷാചരണത്തോടനുബന്ധിച്ച് ഫൊറോന സന്ദർശനം നടത്തി. തൂത്തൂർ, വലിയതുറ, വട്ടിയൂർക്കാവ് എന്നീ ഫൊറോനകളിലാണ് സന്ദർശനം കഴിഞ്ഞത്. ഇടവക തലങ്ങളിൽ ശുശ്രൂഷ പ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നതിനും അതിരൂപത കുടുംബ ശുശ്രൂഷ വിഭാവനം ചെയ്തിരിക്കുന്ന കർമപരിപാടികൾ നടപ്പിലാക്കുന്നതിനുമാണ് സന്ദർശനം ലക്ഷ്യംവയ്ക്കുന്നത്. കഴിഞ്ഞ ആറുമാസത്തെ പ്രവർത്തനം വിലയിരുത്തി തുടർ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.

# ബിസിസി സമിതി അതിരൂപതാതല നേതൃത്വ പരിശീലനം സംഘടിപ്പിച്ചു



വെള്ളയമ്പലം: അതിരൂപത ബിസിസി സമിതി ബിസിസി കോ-ഓർഡിനേറ്റർമാർക്കും സിസ്റ്റർ ആനിമേറ്റർമാർക്കും പരിശീലനം നൽകി. ഒക്ടോബർ 25-ന് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്ന പരിശീലന പരിപാടിയിൽ അതിരൂപതയിലെ 117 ഇടവകകളിൽ നിന്നുള്ള കോ-ഓർഡിനേറ്റർമാരും ആനിമേറ്റേഴ്സും പങ്കെടുത്തു. നേതൃപരിശീലനത്തിൽ 'ബി.സി.സി.യെക്കുറിച്ചുള്ള അതിരൂപത ദർശനം' എന്ന വിഷയത്തിൽ അതിരൂപതാ ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. സനീഷ്, 'എന്തിന് ഞാൻ ബി.സി.സി.യിൽ പോകണം?' എന്നതിനെക്കുറിച്ച് ഫാ. ദീപക് ആന്റോ, 'കോ-ഓർഡിനേറ്റർമാരുടെ കടമകളെയും ഉത്തരവാദിത്തങ്ങളെയും' കുറിച്ച് അതിരൂപത ശുശ്രൂഷ കോർഡിനേറ്റർ റവ. ഡോ. ലോറൻസ് കുലാസ് എന്നിവർ വിവിധ ക്ലാസുകൾക്ക് നേതൃത്വം നൽകി. തുടർന്ന് നടന്ന അടുത്ത വർഷത്തേക്കുള്ള പദ്ധതി രൂപീകരിക്കലിനെക്കുറിച്ചുള്ള ഗ്രൂപ്പ് ചർച്ചയോടെ പരിശീലനം സമാപിച്ചു.

# ദലിത് കത്തോലിക്കാ മഹാ ജനസഭ അതിരൂപത കൂടിവരവും നേതൃത്വ പരിശീലനവും നടത്തി



വെള്ളയമ്പലം: അൽമായ ശുശ്രൂഷ സമിതിയുടെ കീഴിൽ ഡി. സി .എം. എസിന്റെ നേതൃത്വത്തിൽ അതിരൂപത കൂടിവരവും നേതൃത്വ പരിശീലനവും നടത്തി. കൂടിവരവ് അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ ഉദ്ഘാടനം ചെയ്തു. സഭയുടെ നിലപാട് താഴെത്തട്ടിൽ ഉള്ളവരെ സംരക്ഷിക്കുകയാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.

അൽമായ ശുശ്രൂഷ ഡയറക്ടർ ഫാ.ബീഡ് മനോജ് അമാദോ അനുഗ്രഹ പ്രഭാഷണം നടത്തി. പ്രസിഡൻറ് ജോർജ് എസ്. പള്ളിത്തറയുടെ അധ്യക്ഷതയിൽ ചേർന്ന കൂടിവരവ് യോഗത്തിന് ഓർഗനൈസർ സുരേഷ് സ്വാഗതവും, സെക്രട്ടറി പൊന്നുമോൻ സെബാസ്റ്റ്യൻ റിപ്പോർട്ടും അവതരിപ്പിച്ചു. വൈസ് പ്രസിഡൻറ് യോഹന്നാൻ ജോസഫ് ആശംസയും, ട്രഷറർ ഫ്രാൻസിസ് വൈ നന്ദിയും അർപ്പിച്ചു. തുടർന്ന് ദളിത് ക്രിസ്ത്യൻ അവകാശങ്ങളും സർക്കാർ ആനുകൂല്യങ്ങളും എന്ന വിഷയത്തെക്കുറിച്ച് പരിവർത്തിത ക്രൈസ്തവ കോർപ്പറേഷൻ കൺസൾട്ടൻറ് ജറാൾഡ് മൗറീലിയസും, ദളിത് ക്രിസ്ത്യൻ ഐക്യപ്പെടലിന്റെ ആവശ്യകതയും ദളിത് കത്തോലിക്കാ സംഘടനയുടെ പ്രസക്തിയും എന്ന വിഷയത്തെ ആസ്പദമാക്കി കോട്ടയം എം.ജി യൂണിവേഴ്സിറ്റി അസിസ്റ്റൻറ് പ്രൊഫ. ഡോ. ബിനോയിയും ക്ലാസ്സുകൾ എടുത്തു. അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ എച്ച് . പെരേര സമാപന സന്ദേശം നൽകി. ആനിമേറ്റർ കമലം കൃതജ്ഞത അർപ്പിച്ചു .

# സൊസൈറ്റി ഓഫ് സെന്റ്. വിൻസെന്റ് ഡി പോൾ, തിരുവനന്തപുരം സെൻട്രൽ കൗൺസിൽ 53-ാം വാർഷികം ആഘോഷിച്ചു



ആഴാകുളം: ജീവകാരുണ്യ മേഖലയിൽ നിരവധി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന സൊസൈറ്റി ഓഫ് സെന്റ്. വിൻസെന്റ് ഡി പോൾ തിരുവനന്തപുരം സെൻട്രൽ കൗൺസിൽ 53-ാം വാർഷികം ആഘോഷിച്ചു. ഒക്ടോബർ 25 ശനിയാഴ്ച ആഴാകുളം ഓസാനം കാരുണ്യഭവൻ കോൺഫറൻസ് ഹാളിൽ വച്ചു നടന്ന ആഘോഷപരിപാടി തിരുവനന്തപുരം അതിരൂപത ചാൻസിലർ ഫാ. ജോസ്. ജി ഉദ്ഘാടനം ചെയ്തു. അശരണരോടും, രോഗികളോടും അനുകമ്പ തോന്നുമ്പോഴാണ് ഒരു വിൻസെൻഷ്യന് കരുണയുടെ മുഖമുണ്ടാകുന്നതെന്ന് നല്ല സമരിയാക്കാരന്റെ മാതൃകയെടുത്തുകാട്ടി അദ്ദേഹം പറഞ്ഞു.

സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്ര. ഡി. ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു. ആധ്യാത്മിക ഉപദേഷ്ടാവ് ഫാ. ബീഡ് മനോജ് അമാദോ അനുഗ്രഹ പ്രഭാഷണം നടത്തി. നെയ്യാറ്റിൻകര സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്ര. റോബിൻ സെൽവരാജ്, സീനിയർ വൈസ് പ്രസിഡന്റ് ബ്ര. ആർ. സഖറിയാസ്, റവ. സി. ജെസീന്ത പുത്തൻപുരയ്ക്കൽ, എന്നിവർ ആശംസകൾ അർപ്പിച്ചു. സെൻട്രൽ കൗൺസിൽ വൈസ് പ്രസിഡന്റ് ബ്ര. ഡയനീഷ്യസ് പെരേര, സെക്രട്ടറി ബ്ര. ലോറൻസ് , ബ്ര. ആൽബർട്ട് ബ്ര. ബെഞ്ചമിൻ വിൻസെന്റ് എന്നിവർ പങ്കെടുത്തു.



കഴക്കൂട്ടം മരിയൻ എഞ്ചിനീയറിംഗ് കോളേജിന്റെ രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് കേരള ഗവർണർ ശ്രീ. രാജേന്ദ്ര വിശ്വനാഥ് അർലേക്കർ സ്റ്റാമ്പ് പ്രകാശനം ചെയ്തു.

നീർച്ചാൽ

# രക്ഷകന്റെ വരവിനായി കാത്തിരിക്കുന്ന ആഗമനകാലം

ആഗമനകാലം 2-ാം ഞായർ
(ഡിസം. 7)

ഏശ. 11:1-10. റോമ. 15:4-9, മത്ത. 3:1-12

**ഫാ. വിശാൽ വർഗീസ്**



ഇവനെപ്പറ്റിയാണ് ഏശയ്യാ പ്രവാചകൻവഴി ഇങ്ങനെ അരുളിചെയ്യപ്പെട്ടത്: മരുഭൂമിയിൽ വിളിച്ച പറയുന്നവന്റെ ശബ്ദം- കർത്താവിന്റെ വഴിയൊരുക്കുവിൻ; അവന്റെ പാതകൾ നേരെയാക്കുവിൻ (മത്തായി 3: 3).

രക്ഷകന്റെ ജനനത്തിനായുള്ള ആത്മീയ ഒരുക്കത്തിന്റെ ഉദാത്ത മാതൃകയായി സ്നാപകനെ, ആഗമനകാലം രണ്ടാമത്തെ ഞായറാഴ്ചയിൽ സഭ ഉയർത്തിക്കാട്ടുന്നു. രക്ഷകനായ ദൈവം ഭൂമിയിൽ അവതരിക്കാനുള്ള സമയം സമീപിച്ചിരിക്കുന്നു. എന്നാൽ, ആരും അത് ശ്രദ്ധിക്കുന്നില്ല. ലോകത്തിന്റെ കാര്യങ്ങളിൽ മുഴകി ജീവിച്ചിരുന്ന ദൈവജനത്തിന്റെ സ്മൃതികളിൽ ഇടയ്ക്ക് എപ്പോഴൊക്കെയോ ലോകത്തിന്റെ കിരീടവും ചെങ്കോലും പേറുന്ന ഒരു രാജാവിനെക്കുറിച്ചുള്ള പ്രതീക്ഷ ഉടലെടുത്തിരുന്നു. ലോകത്തിന്റെ വിജ്ഞാനത്തെയും ചിന്താസരണികളെയും കീറിമുറിച്ചുകൊണ്ട് രക്ഷകനായ ദൈവം ബെദ്ലഹേമിൽ ഒരു കാലിത്തൊഴുത്തിൽ പിറന്നുവെന്നും നസ്രത്തിലെ ഒരു തച്ചന്റെ കുടുംബത്തിൽ ജീവിക്കുന്നുവെന്നും ഈ ലോകത്തോട് വിളിച്ചുപറയേണ്ടത് അനിവാര്യമായിരുന്നു. സ്നാപകയോഹന്നാൻ പ്രവാചകന്റെ ജീവിതത്തിലെ ഏക ദൗത്യവും അതുതന്നെയായിരുന്നു. രക്ഷകനായ യേശുവിനെ സ്വീകരിക്കുന്നതിനായി ദൈവജനത്തിന്റെ ഹൃദയങ്ങളെ ഒരുക്കുക എന്ന ഭാരിച്ച ഉത്തരവാദിത്തം. കർത്താവിന് വഴിയൊരുക്കി ഈ ഭൂമിയിൽ ദൈവഹിതം നിറവേറ്റിയ സ്നാപകന്റെ ജീവിതം, രക്ഷകന്റെ വരവിനായി ഒരുങ്ങുന്ന നമുക്കെല്ലാവർക്കും ഒരു നല്ല മാതൃകയാണ്. സ്നാപകന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും യേശുവിനെ അറിഞ്ഞവരും ദൈവത്തിനായി ഹൃദയങ്ങളെ തുറന്നുകൊടുത്തവരും നിരവധിയാണ്. തെറ്റായ ലക്ഷ്യങ്ങൾക്ക് ഹൃദയത്തിൽ മുൻഗണന നൽകിയതുമൂലം രക്ഷകന്റെ വരവിനായി ഒരുങ്ങാൻ കഴിയാത്ത നിരവധിപേർ ഇന്നും നമ്മുടെ ചുറ്റിലും ജീവിക്കുന്നുണ്ട്. പ്രത്യാശയോടെ രക്ഷകന്റെ വരവിനായി കാത്തിരിക്കുന്ന ആഗമനകാലത്തിൽ അവരെക്കൂടി ദൈവത്തിലേക്ക് അടുപ്പിക്കുവാനും രക്ഷയുടെ സദ്വാർത്ത പ്രഘോഷിക്കുവാനും നമുക്ക് പരിശ്രമിക്കാം. രക്ഷകന്റെ ആഗമനത്തിന് മുന്നോടിയായിരുന്നു സ്നാപകന്റെ ജീവിതമെങ്കിൽ, പാപികളെത്തേടി ഭൂമിയിലേക്കുവന്ന യേശുവിനു സാക്ഷ്യം നൽകുന്നതായിരിക്കണം ഓരോ ക്രൈസ്തവന്റെ ജീവിതവും.

ദൈവരാജ്യത്തിനായി ലോകത്തെ ഒരുക്കാൻവന്ന സ്നാപകയോഹന്നാന് ലഭിച്ചതിലും എത്രയോ അധികം സൗഭാഗ്യമാണ് യേശുവിന്റെ കുരിശിലെ ബലിയിലൂടെ ദൈവരാജ്യത്തിന്റെ അവകാശികളായ നമുക്ക് ദൈവം പകർന്നു നൽകിയിരിക്കുന്നത്. സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും ചെറിയവൻ യോഹന്നാനേക്കാൾ വലിയവനാണ് (മത്തായി11:11) എന്ന് യേശു തന്റെ വചനത്തിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നു. എന്നാൽ, ഈ വസ്തുത മനസ്സിലാക്കി ജീവിക്കാൻ നമുക്ക് ഇന്ന് സാധിക്കുന്നുണ്ടോ? മാമ്മോദീസയിലൂടെയും സ്ഥൈര്യലേപനത്തിലൂടെയും പരിശുദ്ധാത്മാവ് നമ്മിൽ തെളിയിച്ച പ്രകാശം, ഇരുട്ടിനെ വെളിച്ചമായി തെറ്റിദ്ധരിച്ച ലോകത്തിനുമുൻപിൽ തെളിഞ്ഞു കത്തുന്നുണ്ടോ? സ്നാപകനെ വളരെ വലിയൊരു ദൗത്യം നൽകിയാണ് ദൈവം ലോകത്തിലേക്കയച്ചത്. എന്നാൽ, ഇന്നത്തെ ലോകത്തോടുള്ള നമ്മുടെ ഉത്തരവാദിത്തം അതിലും വലുതാണ്. യേശുവിന്റെ പ്രബോധനങ്ങൾക്കനുസരിച്ച് ജീവിച്ച്, അവിടുത്തെ വചനത്തിന് സാക്ഷ്യം നൽകാനും, യേശുവിന്റെ വഴിയെ നടന്നുകൊണ്ട് അവിടുത്തെ സ്നേഹം മറ്റുള്ളവർക്ക് അനുഭവവേദ്യമാക്കി കൊടുക്കാനും നമ്മൾ പരിശ്രമിക്കേണ്ടിയിരിക്കുന്നു. ശക്തമായ പ്രസംഗങ്ങളോ, കുത്തിനോവിക്കുന്ന കുറ്റപ്പെടുത്തലുകളോ അല്ല മറ്റുള്ളവരിൽ പശ്ചാത്താപവും പാപബോധവും ജനിപ്പിക്കുന്നത്. ദൈവം തന്നോട് ആവശ്യപ്പെട്ടതിൽ കൂടുതലൊന്നും സ്നാപകയോഹന്നാൻ ആരോടും പറഞ്ഞിട്ടില്ല. 'മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു' എന്ന വാക്കുകൾക്ക് ചെവി കൊടുത്തവർക്ക് പാപങ്ങൾ ഏറ്റുപറയുവാനുള്ള ദൈവിക പ്രചോദനം നൽകിയത് സ്നാപകനിൽ പ്രവർത്തിച്ചിരുന്ന പരിശുദ്ധാത്മാവാണ്. മറ്റുള്ളവരെ ദൈവത്തിലേക്ക് അടുപ്പിക്കുവാൻ ശ്രമിക്കുന്ന വേളകളിൽ, ദൈവത്തിന്റെ കൃപയാണ് അല്ലാതെ നമ്മുടെ കഴിവോ, ശക്തിയോ, മഹത്വമോ അല്ല അവരെ മാനസാന്തരത്തിലേക്ക് നയിക്കുന്നത്. രക്ഷകനും കർത്താവുമായ യേശുവിനെക്കുറിച്ചുള്ള ജീവിതസാക്ഷ്യം ഈ ലോകത്തോട് വിളിച്ചുപറയുവാനും, അവിടുത്തെ സത്യവചനത്തിന്റെ സന്ദേശവാഹകരാകാനുമുള്ള കൃപയ്ക്കായി നമ്മെത്തന്നെ ഈ ആഗമന കാലത്തിൽ ഒരുക്കി തീർക്കാം. രണ്ട് വഴികളിലൂടെയാണ് സ്നാപകയോഹന്നാൻ തന്നെത്തന്നെയും, ഒരു രാഷ്ട്രത്തെയും രക്ഷയുടെ വരവിനായി ഒരുക്കിയത്. അനുതാപത്തിന്റെ മാമ്മോദീസ പ്രഘോഷണത്തിലൂടെയും തന്റെതന്നെ ജീവിതമാതൃകയിലൂടെയും.

## അനുതാപത്തിന്റെ മാമ്മോദീസ പ്രഘോഷണം

യോഹന്നാന്റെ ശക്തമായ പ്രഘോഷണത്താൽ പ്രേരിതരായി ജോർദാൻ നദിയിലേക്ക് എത്തിച്ചേർന്ന വർക്കായി അവൻ നൽകിയ ജലസ്നാനം അർത്ഥികൾക്കായി അവൻ നിഷ്കർഷിച്ച ആന്തരിക പരിവർത്തനത്തിന്റെ ബാഹ്യ അടയാളമായിരുന്നു. സ്വന്തം പാപങ്ങളെ കണ്ടെത്തുന്നതിലൂടെയും, അവയെക്കുറിച്ചുള്ള അനുതാപത്തിലൂടെയുമാണ് രക്ഷകന്റെ ജനത്തിനായുള്ള ആത്മീയ ഒരുക്കം നമുക്ക് സാധിക്കുക എന്ന് സ്നാപകന്റെ പ്രഘോഷണരീതി നമ്മെ ഓർമ്മപ്പെടുത്തുന്നു.

## കഠിനനിഷ്ഠയും ആധികാരികതയും

അവന്റെ വസ്ത്രധാരണത്തിലും, ഭക്ഷണക്രമത്തിലും കഠിനനിഷ്ഠയുടെ ജീവിതശൈലി പ്രകടമായി കണ്ടിരുന്നു. 'യോഹന്നാൻ ഒട്ടകരോമംകൊണ്ടുള്ള വസ്ത്രവും, അരയിൽ തോൽവാറും ധരിച്ചിരുന്നു. വെട്ടുക്കിളിയും കാട്ടുതേനുമായിരുന്നു അവന്റെ ഭക്ഷണം' (മത്തായി 3: 4). ലളിതവും ഭക്തി നിറഞ്ഞതുമായ ജീവിതശൈലിയിലൂടെ രക്ഷകന്റെ വരവിനായി അവൻ എല്ലാവരെയും ഒരുക്കി.

## എളിമ

തന്റെ അടുക്കലേക്ക് നടന്നടുക്കുന്ന ക്രിസ്തുവിനെക്കുറിച്ച് അവൻനൽകിയ സാക്ഷ്യത്തിൽ അവന്റെ എളിമ വെളിപ്പെടുത്തുന്നുണ്ട്. 'എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ ശക്തൻ; അവന്റെ ചെരുപ്പ് വഹിക്കാൻപോലും ഞാൻ യോഗ്യനല്ല; അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങളെ സ്നാനപ്പെടുത്തും. വീശുമുറം അവന്റെ കൈയിലുണ്ട്'(മത്തായി 3:11). മഹത്വത്തിന്റെയും പ്രശസ്തിയുടെയും കൊടുമുടിയിൽ നിൽക്കുമ്പോഴും ജനം യോഹന്നാൻതന്നെയാണ് ക്രിസ്തു എന്ന് തെറ്റിദ്ധരിക്കുമ്പോഴും തന്നെത്തന്നെ എളിമപ്പെടുത്തി അവൻ രക്ഷകന്റെ വരവിനായി വഴിമാറി കൊടുക്കുന്നത് എളിമ എന്ന പുണ്യത്തെ എത്രത്തോളം സ്നാപകൻ തന്റെ ജീവിതത്തിൽ അഭ്യസിച്ചു എന്നതിന്റെ അടയാളമാണ്.

ആഘോഷങ്ങളേക്കാൾ അനുരഞ്ജനത്തിനു പ്രാധാന്യംനൽകുന്നതിനും ആർഭാടങ്ങളേക്കാൾ ജീവിതലാളിത്യം അഭ്യസിക്കുന്നതിനും ഈ ആഗമനകാലം നമുക്ക് പ്രചോദനമാകട്ടെ എന്നും പ്രാർത്ഥിക്കുന്നു.

●

# ദൈവത്താൽ ഉയർത്തപ്പെട്ടവൻ

ആഗമനകാലം 3-ാം ഞായർ (ഡിസം. 14)

ഏശ 35:3-6, യാക്കോ 5:7-10, മത്ത. 11:2-11

ഫാ. ഡൈസൻ

പ്രഗല്ഭരും പ്രശസ്തരും ഉന്നതരുമുളളപ്പോൾ ദൈവം തന്റെ ദൗത്യത്തിനുവേണ്ടി തിരഞ്ഞെടുത്തത് ഏറ്റവും നിസാരനായ യോഹന്നാനെയാണ്. തിരഞ്ഞെടുത്ത അവനെ ദൈവം ഒരുക്കി വിശുദ്ധീകരിച്ചു. വിശുദ്ധീകരിച്ച അവനെ സ്ത്രീകളിൽനിന്നുംജനിച്ചവരിൽ വലിയവനായി ദൈവം ഉയർത്തി! യോഹന്നാനെപ്പോലെ നമ്മെ പരിപൂർണ്ണമായി ദൈവത്തിന് വിട്ടുകൊടുത്തുകൊണ്ട് ദൈവത്തിന്റെ ശബ്ദമാകാൻ പരിശ്രമിക്കാം!

## 1. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൻ

ദൈവത്തിന്റെ തിരഞ്ഞെടുപ്പ് മനുഷ്യബുദ്ധിക്ക് എപ്പോഴും അഗ്രാഹ്യമാണ്. വിശുദ്ധനാട്ടിൽ ബേത്ലഹേമിനെക്കാൾ എത്രയോ നല്ല സ്ഥലങ്ങളുണ്ടായിരുന്നു. എങ്കിലും ദൈവം തിരഞ്ഞെടുത്തത് അധികം അറിയപ്പെടാത്ത ബേത്ലഹേമിനെയായിരുന്നു. മഹാപ്രളയത്തെ അതിജീവിക്കാൻ സൃഷ്ടിജാലങ്ങൾക്ക് രക്ഷയുടെ പേടകമൊരുക്കാൻ ദൈവം തിരഞ്ഞെടുത്തത് മദ്യപനായ നോഹയെയാണ്. ഇസ്രായേലിന്റെ ആദ്യ രാജാവാകാൻ എത്രയോ ശക്തരും കുലീനരും ഉണ്ടായിരുന്നിട്ടും ദൈവം തിരഞ്ഞെടുത്തത് കഴുതകളെ മേയിച്ചുനടന്ന സാവൂളിനെയാണ്! ഇസ്രായേൽജനത്തെ മുഴുവനും വെല്ലുവിളിച്ച ഗോലിയാത്തിനെ നേരിടാൻ ദൈവം തിരഞ്ഞെടുത്തത് വെറുമൊരു ഇടയബാലനായ ദാവീദിനെയാണ്. ദൈവത്തിന്റെ തിരഞ്ഞെടുപ്പ് അതിശയകരവും അത്ഭുതാവഹവുമാണ്!

തിബേരിയൂസ് സീസർ റോമാസാമ്രാജ്യം ഭരിക്കുമ്പോൾ പീലാത്തോസ് യൂദയായുടെ ദേശാധിപതിയായിരുന്നു. ഹേറോദേസ് ഗലീലിയായുടെയും അവന്റെ സഹോദരൻ പീലിപ്പോസ് ഇത്തുറിയ, ത്രാക്കോണിത്തിസിന്റെയും ലിസാനിയോസ് അബിലേനെയുടെയും ഭരണാധിപന്മാരായിരിക്കുമ്പോൾ അന്നാസും കയ്യാഫാസും പ്രധാന പുരോഹിതന്മാരായി വിരാചിക്കുന്ന കാലത്ത് യേശുവിന്റെ മുന്നോടിയായി വഴിയൊരുക്കുവാൻ ദൈവം തിരഞ്ഞെടുത്തത് വ്യക്തിപ്രഭാവവും സ്വാധീനവും അധികാരവുമുള്ള ചക്രവർത്തിയെയോ, ദേശിധിപതിയെയോ, ഭരണാധിപന്മാരെയോ, മഹാപുരോഹിതരെയോ അല്ല. ഒട്ടകരോമമുള്ള വസ്ത്രവും അരയിൽ തോൽവാറും ധരിച്ച, വെട്ടുകിളിയും കാട്ടുതേനും ആഹാരമാക്കിയ, നിസാരനും എളിയവനുമായ സഖറിയാസിന്റെയും



എലിസബത്തിന്റെയും മകനായ സ്നാപകയോഹന്നാനെയാണ്.

യോഹന്നാന്റെ തിരഞ്ഞെടുപ്പ് അസന്ദിഗ്ദ്ധമായി പറയുന്നു: ദൈവം നിസാരരെയും എളിയവരെയും അവഗണിക്കപ്പെട്ടവരെയും ഉയർത്തുന്നവനാണ്. ദൈവത്തിന്റെ ചെരുപ്പിന്റെ വാർ അഴിക്കാൻപോലും യോഗ്യതയില്ലാത്ത നമ്മെ ഈ ലോകത്തെ മാനസാന്തരത്തിലൂടെ പറുദീസായാക്കാൻ ദൈവം വിളിക്കുന്നു. അതിനുവേണ്ടി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ് നമ്മൾ. ദൈവീക തിരഞ്ഞെടുപ്പിന്റെ മാനദണ്ഡം എളിമയും അർഹതയില്ലായ്മയുമാണ്!

## 2. ദൈവത്താൽ ഒരുക്കപ്പെട്ടവൻ

കുശവന്റെ കയ്യിലെ കളിമണ്ണുപോലെ നമ്മെ ദൈവകരങ്ങളിൽ സ്വയം വിട്ടു കൊടുക്കുമ്പോൾ, ദൈവം തനിക്ക് ഇഷ്ടമുള്ളതുപോലെ നമ്മെ മെനഞ്ഞെടുക്കുന്നു. അങ്ങനെ ദൈവത്തിന്റെ കരമുദ്രയുള്ളവരായി നമ്മൾ മാറുന്നു. പാപം കൊണ്ടുനിറഞ്ഞ ചെരിപ്പിന്റെ വാർ ജീവിതത്തിൽനിന്നും അഴിച്ചു മാറ്റുന്നതിലൂടെ മോശയെ ദൈവം തന്റെ ദൗത്യത്തിനായി ഒരുക്കി. ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ നല്കി അവരെ ശക്തിപ്പെടുത്തി. അവരെ തന്റെ ദൗത്യത്തിനായി ദൈവം ഒരുക്കി. അമ്മയുടെ ഉദരത്തിൽവച്ച് പരിശുദ്ധാത്മാവിന്റെ അഭിഷേകം നല്കി യോഹന്നാനെയും ദൈവം ഒരുക്കി.

ദൈവത്താൽ ഒരുക്കിയ യോഹന്നാന്റെ ജനനത്തിൽ അത്ഭുതങ്ങൾ സംഭവിക്കുകയാണ്. സ്വന്തം പിതാവായ സഖറിയാസിന്റെ മൂകത മാറുന്നു, മാതാവിന്റെ നീണ്ടകാലത്തെ വന്ധ്യത മാറുന്നു. ദൈവത്താൽ ഒരുക്കപ്പെട്ട വ്യക്തികളുടെ ജനവും ജീവിതവും അനേകർക്ക് ഉപകാരമുണ്ടാക്കുന്നു. എന്റെ ജനനവും ജീവിതവും മറ്റുള്ളവർക്ക് ഉപകാരമാകുന്നുണ്ടോ? ദൈവം എന്നെ സൃഷ്ടിച്ചത് എനിക്കുവേണ്ടിമാത്രം ജീവിച്ചുതീർക്കാനല്ല. എന്റെ ജീവിതം മറ്റുള്ളവർക്ക് സന്തോഷത്തിന്റെയും സ്നേഹത്തിന്റെയും പുഞ്ചിരിപ്പൂക്കൾ സമ്മാനിക്കാനുള്ളതാണ്. രക്ഷകനു വഴിയൊരുക്കുവാൻ വേണ്ടി യോഹന്നാൻ തന്റെ ജീവിതം ജനങ്ങളുടെ മാനസാന്തരത്തിനുള്ള അനുതാപത്തിന്റെ ജ്ഞാനസ്നാനത്തിനായി ഉപയോഗിച്ചു.

## 3. ദൈവത്താൽ ഉയർത്തപ്പെട്ടവൻ

ദൈവത്തിന്റെ മുമ്പിൽ നില്ക്കുമ്പോഴാണ് മനുഷ്യൻ തന്റെ നിസ്സാരത മനസ്സിലാക്കുന്നത്. ദൈവവും കർത്താവുമായ യേശുക്രിസ്തു ആരാണെന്നും അവന്റെമുമ്പിൽ തന്റെ അവസ്ഥ എന്താണെന്നുമുള്ള ഉറച്ച ബോധ്യം യോഹന്നാനുണ്ടായിരുന്നു. യേശുവിനോട് തുലനം ചെയ്യുവാൻപോലും താൻ യോഗ്യനല്ലെന്നുള്ള തിരിച്ചറിവാണ് യോഹന്നാനെ ഇങ്ങനെ പറയുവാൻ പ്രേരിപ്പിക്കുന്നത്: എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ ശക്തൻ; അവന്റെ ചെരിപ്പു വഹിക്കാൻപോലും ഞാൻ യോഗ്യനല്ല. സ്വന്തം ശക്തിയാലല്ല, ദൈവത്തിന്റെ കരത്താലാണ് താൻ നന്മകൾ ചെയ്യുന്നവെന്നുള്ള ബോധ്യം യോഹന്നാനുണ്ടായിരുന്നു. എളിയരെ ഉയർത്തുന്നവനാണ് നമ്മുടെ ദൈവം. മറിയത്തിന്റെ എളിമയെ തൃക്കൺപാർത്തുകൊണ്ട് അവളെ ദൈവത്തിന്റെ അമ്മയായി ഉയർത്തി. യൗസേപ്പിന്റെ എളിമയെ കണക്കിലെടുത്തുകൊണ്ട് യേശുവിന്റെ വളർത്തു പിതാവായി ഉയർത്തി. യോഹന്നാന്റെ എളിമയ്ക്ക് ദൈവം യോഹന്നാനെ സ്ത്രീകളിൽനിന്ന് ജനിച്ചവരിൽ വലിയവനാക്കി ഉയർത്തി. എളിമപ്പെട്ടാൽ ദൈവം നമ്മെയും ഉയർത്തും.

യോഹന്നാന്റെ ജീവിതംനല്കുന്ന ചില തിരിച്ചറിവുകൾ ഉണ്ട്. മാനുഷികചിന്ത ദൈവികചിന്തപോലെയല്ല. എലിബസത്തിന്റെ വന്ധ്യതയും പ്രായാധിക്യവും മാനുഷികമായ രീതിയിൽ ഒരു കുഞ്ഞിന് ദൈവംനൽകുന്ന ചിന്തപോലും അസാധ്യമാക്കുന്നു. എന്നാൽ ദൈവിക ഇടപെടലിന് അസാധ്യമായതിനെ സാധ്യമാക്കുവാൻ സാധിക്കും. വന്ധ്യ എന്നറിയപ്പെട്ട എലിസബത്ത് യോഹന്നാന് ജന്മം നൽകിയതിലൂടെ ദൈവം ഈ ലോകത്തെ അതിശയിപ്പിച്ചു. ഓരോ ശിശുവും ജന്മംകൊള്ളുന്നത് ക്രിസ്തുവാകാനുള്ള അനന്തമായ സാധ്യതയാണ്.

●

# കൂടെയുണ്ട്

**ആഗമനകാലം 4-ാം ഞായർ (ഡിസം. 21)**

**ഏശ. 7:10-14, റോമ 1:1-7, മത്താ. 1:18-24**

## ഫാ. എബിൻ സ്റ്റാൻലി

ആഹാസ് രാജാവിന്റെ ഭരണകാലത്ത് യൂദ്ദരും ഇസ്രായേലും തമ്മിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. ഇസ്രായേൽ രാജാവായ പെക്കാ സിറിയൻ രാജാവുമായി സഖ്യത്തിലേർപ്പെട്ടു. ഇവർ രണ്ടുപേരും ജറുസലേമിനെ ഉപരോധിക്കാൻ തയ്യാറെടുത്തു.

യൂദായിലെരാജാവായ ആഹാസ് തനിക്കെതിരെയുള്ള കൂട്ടുകെട്ടിനെക്കുറിച്ച് അറിഞ്ഞപ്പോൾ അവന്റെ ഹൃദയം അവന്റെ ജനത്തോടൊപ്പം വല്ലാതെ തളർന്നു. എങ്കിലും, ദൈവം ഭൂമിയിൽ ഇടപെടുമെന്നും അത്ഭുതം പ്രവർത്തിക്കുമെന്നും അവൻ വിശ്വസിച്ചില്ല. എന്നാൽ ദൈവം യൂദാ ദേശത്തെ കൈവിട്ടില്ല. യൂദായ്ക്ക് ശാശ്വതമായ വാഗ്ദത്തം നൽകാൻ ദൈവം ഏശയ്യാ പ്രവാചകനെ ആഹാസിന്റെ അടുക്കൽ അയച്ചു.

ഏശയ്യായിൽനിന്നുള്ള സന്ദേശം ആശ്വാസകരമായിരുന്നു. ഇസ്രായേലിലെയും സിറിയയിലെയും രാജാക്കന്മാർ അവനെതിരെ ഒരു രാഷ്ട്രസഖ്യം രൂപീകരിച്ചെങ്കിലും ദൈവം ഇടപെട്ടു. ദൈവത്തിൽനിന്നുള്ള വാഗ്ദത്തം ആധികാരികമാക്കാൻ ഒരു അടയാളം ചോദിക്കാൻ ഏശയ്യാ ആഹാസിനോട് പറഞ്ഞു. അവൻ വിസമ്മതിച്ചു. അതുകൊണ്ട് ഏശയ്യാ ദൈവത്തിൽനിന്ന് ഒരു അടയാളം നൽകി, 'യുവതി ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും (ഏശയ്യാ 7:14). 'ഇമ്മാനുവൽ' എന്നാൽ ദൈവം കൂടെയുണ്ട്. അവിടുത്തെ പുത്രനെ ഈ ലോകത്തിലേക്ക് നൽകാൻ ഒരായുസ്സിന്റെ നൊമ്പരം പേറിയത് മറിയവും ജോസഫും ആയിരുന്നു. പരമ്പരാഗതമായി, ആഗമനകാലത്ത് നമ്മുടെ ചിന്താധാര പോകുക യേശുവിന്റെ അമ്മയായ മറിയത്തിലേക്കാണ്. എന്നാൽ, ഈ ഞായറാഴ്ച, നമ്മുടെ ധ്യാനം ജോസഫിനെക്കുറിച്ചാണ്. ഉണ്ണിയെയും ഉദരത്തിൽവഹിച്ച് ദീർഘദൂരം മറിയംചെയ്ത യാത്ര നമുക്ക് സങ്കൽപ്പിക്കാൻ കഴിയും. കുഞ്ഞ് ജനിച്ചപ്പോൾ, പ്രവാസിയായും അഭയാർത്ഥിയായും സ്വന്തംരാജ്യം വിടാൻ



അവൾ നിർബന്ധിതയായി. അപകടകരമായ ഈ യാത്രയുടെ ഓരോ ചുവടുവയ്പിലും അവളുടെ ഭർത്താവ് ജോസഫ് അവളെ പിന്തുണച്ചു. മേരിയെപ്പോലെ ജോസഫിനും ഈ യാത്ര ദുഷ്കരമായിരുന്നു.

മറിയത്തിന് ദൈവത്തിൽനിന്ന് സന്ദേശം ലഭിച്ചു, അതുപോലെയൊരു സന്ദേശം ജോസഫിനും എത്തി. 'ഭയപ്പെടേണ്ട...' എന്ന ആർദ്രമായ ദൈവീക സ്വരം അവൾ കേട്ടു. ജോസഫിനോട് ദൈവം പറഞ്ഞു; 'ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ടാ. അവൾ ഗർഭംധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്നാണ്'(മത്തായി 1:20).

മറിയത്തെയും ജോസഫിനെയും ദൈവം വിളിക്കുകയും മനുഷ്യർക്ക് അസാധ്യമെന്ന് തോന്നുന്ന വലിയ പദ്ധതി ഏറ്റെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ദൈവത്തിന് ഒന്നും അസാധ്യമല്ല. മറിയത്തെയും ജോസഫിനെയും വിളിച്ച ദൈവം ഇന്നും നമ്മെ ഓരോരുത്തരെയും വിളിക്കുന്നു. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും നമ്മുടെ ദൈനംദിന ജീവിതത്തിൽ യേശുവിനു ജനനം നൽകാൻ നാമും വിളിക്കപ്പെട്ടിരിക്കുന്നു. ദുഷ്കരമാണത്. വെല്ലുവിളി നിറഞ്ഞതാണ്. എന്നാൽ നമ്മൾ ഒറ്റയ്ക്കല്ല. ദൈവം നമ്മോട് അരുൾ ചെയ്യുന്നു, 'ഭയപ്പെടേണ്ട, ഞാൻ നിങ്ങളോടുകൂടെയുണ്ട്.'

# കുടുംബം: ദൈവികപദ്ധതി

**തിരുപ്പിറവിക്കാലം 2-ാം ഞായർ (ഡിസം. 28)**

**പ്രഭ. 3:2-6, കൊളോ. 3: 12-21, മത്താ. 2: 13-15, 19-23**

**ഫാ. സി.കെ. തോപ്പിൽ**



## പ്രമേയം:

യേശുവിന്റെ ജനനവും വളർച്ചയുമായി ബന്ധപ്പെട്ട് മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണുന്ന വിവരണമാണിത്. ജ്ഞാനികളുടെ സന്ദർശനത്തിനു ശേഷമുള്ള സംഭവമായി ഇത് വിവരിക്കപ്പെടുന്നു. ഈജിപ്തിലേക്കാണ് പലായനം. ഇസ്രായേൽ രാജാവിന് അവിടെ അധികാരമൊന്നുമില്ല. പഴയനിയമത്തിൽ യാക്കോബും സന്തതികളും ഈജിപ്തിലെത്തിയതു അനുസ്മരിപ്പിക്കുംവിധമാണ് ഇതിന്റെ അവതരണം. ഈജിപ്തിലെത്തിയ യാക്കോബ് ദൈവനിശ്ചയപ്രകാരം അവിടെ കഴിയുന്നു. മോശയെപ്പോലെ അവിടെനിന്നും അവൻ സ്വന്തം നാട്ടിലേക്ക് വരുന്നു. ഈജിപ്തിൽനിന്ന് ഞാൻ എന്റെ മകനെ വിളിച്ചു (ഹോസിയ 11:1) എന്ന വചനം ഇസ്രായേലിനെക്കുറിച്ച് പറഞ്ഞതാണെങ്കിലും നവീന ഇസ്രായേലിന്റെ പ്രാരംഭമായ യേശുക്രിസ്തുവിൽ അത് അന്വർത്ഥമാകുന്നു. മോശയെപ്പോലെ യേശു നേതൃത്വം നല്കുന്ന പുതിയ ഇസ്രായേലിലാണ് സഭ.

## പ്രതിപാദ്യം:

ഈ വിവരണത്തിന്റെ രണ്ടാം ഭാഗം ഹേറോദേസിന്റെ അടങ്ങാത്ത കലിയുടെയും അധികാരഭാവത്തിന്റെയും ആവിഷ്കാരമാണ്. ജ്ഞാനികളാൽ കബളിപ്പിക്കപ്പെട്ടുവെന്ന് മനസ്സിലാക്കിയ ഹേറോദേസ് രോഷാകുലനായി. സ്വന്തം ജനത്തിന്റെ സംരക്ഷകനായ രാജാവുതന്നെ അന്തകനായി മാറുന്ന വിരോധാഭാസം. എന്നാൽ രാജാവിന്റെ പദ്ധതികളൊന്നും നടപ്പിലായില്ല. ചരിത്രത്തിന്റെമേൽ ആധിപത്യം ദൈവത്തിനാണ്. ദൈവം നിശ്ചയിക്കുന്നതുപോലെയാണ് ചരിത്രം നീങ്ങുന്നത്. യേശുവിനെപ്രതി രക്തസാക്ഷിത്വം വരിക്കുന്ന ആദ്യവ്യക്തികൾ ഈ കുഞ്ഞുങ്ങളായിത്തീരുന്നു. ഈശോ പുതിയ മോശയാണ്. പുതിയ നിയമ ഇസ്രായേലിനെ നയിക്കാനുള്ളവൻ. പഴയനിയമത്തിൽ മോശക്കുണ്ടായ അനുഭവങ്ങൾ ഈശോക്കുമുണ്ടായി എന്ന് മത്തായി സ്ഥാപിക്കുകയാണിവിടെ. മത്താ 2:19-23ലൂടെ യേശു നസ്രായൻ എന്ന് വിളിക്കപ്പെടും എന്ന പ്രവചനം പ്രവാചക വചനമായി ഗ്രന്ഥകാരൻ വിശദാക്കുന്നു.

## പ്രചോദനം:

ദൈവഹിതത്തിന് ചെവികൊടുത്ത് അവിടുത്തോടു സഹകരിക്കുന്ന ജോസഫ് ക്രൈസ്തവ ജീവിതത്തിന് മാതൃകയാവണം. ദൈവഹിതത്തോടുള്ള തുറവിയാണ് ക്രൈസ്തവകുടുംബത്തെ തിരുക്കുടുംബ ചൈതന്യമുള്ളതാക്കിത്തീർക്കുന്നത്. ദൈവഹിതം നിറവേറ്റാനുള്ള ജീവിത പന്ഥാവിൽ സഹനങ്ങളും സമസ്യകളും ഉണ്ടാകും. അവയെല്ലാം ദൈവത്തിലാശ്രയിച്ച് മറികടക്കാനാവും എന്ന പ്രത്യാശയാണ് തിരുക്കുടുംബം നല്കുന്നത്. ദൈവം വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്. വിലകൊടുത്ത് വിജയിപ്പിക്കേണ്ട ഒന്നാണ് കുടുംബജീവിതം. അത് പവിത്രമായ ബലിവേദിയാണ്. സ്വാർത്ഥതയും തന്നിഷ്ടവും ബലികഴിക്കേണ്ട പവിത്രമായ ഇടം. അങ്ങനെയാണ് കുടുംബം ഈ ലോകത്തിലെ സ്വർഗ്ഗമായി മാറുന്നത്. ദാവീദിനെപ്പോലെ നമുക്കും പ്രാർത്ഥിക്കാം. കർത്താവേ, അടിയന്റെ കുടുംബം അങ്ങയുടെമുമ്പിൽനിന്ന് ഒരിക്കലും മാറിപ്പോകാതിരിക്കുന്നതിന് അതിനെ അനുഗ്രഹിക്കാൻ തിരുവുള്ളമുണ്ടാകണമേ!. ●

നേർക്കാഴ്ച

ജെ. സി.



# കേരളത്തിലെ പ്രഥമ ക്രൈസ്തവ സന്യാസിനി മദർ എലീശ്വ (1831–1913)

കൊച്ചി നഗര പ്രാന്തത്തിലെ കൂനമ്മാവിലെ പനമ്പു മഠത്തിൽ 1866 ഫെബ്രുവരിയിൽ 15 വയസ്സുള്ള മകൾ അന്നയെയും പതിനേഴുകാരിയായ അനുജത്തി ത്രേസ്യയെയും ഒപ്പംകൂട്ടി ആരംഭിച്ചതാണ് കേരളത്തിലെ ആദ്യത്തെ കന്യാലയം, കർമലീത്ത സന്യാസിനിമാരുടെ ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയ മഠം. സ്ത്രൈണ ആത്മീയതയുടെ സൗമ്യദീപ്തിയാലും ആത്മസമർപ്പണത്തിന്റെ ആർദ്രഭാവങ്ങളാലും മഠത്തിന്റെ ആവൃതിയിൽ ഒതുങ്ങുന്നതായിരുന്നില്ല ആ ജീവിതം. സ്ത്രീ വിദ്യാഭ്യാസം ഈ സന്യാസിനി സമൂഹത്തിന്റെ അർപ്പിത ദൗത്യമായി ഭരമേൽക്കുന്നതിൽനിന്നാണ് പെൺകുട്ടികൾക്കായി കേരളത്തിലെ ആദ്യ കോൺവെന്റ് സ്കൂളും ബോർഡിങ് ഹൗസും അനാഥാലയവും സ്ഥാപിക്കപ്പെട്ടത്. സ്ത്രീയുടെ വീണ്ടെടുപ്പിന് വിദ്യാഭ്യാസവും ആധ്യാത്മികതയും ഉൾവെളിച്ചവും ആത്മജ്ഞാനവും അനിവാര്യമാണെന്ന എലീശ്വയുടെ ദർശനത്തിൽനിന്നാണ് കേരളത്തിൽ സ്ത്രീ മുന്നേറ്റത്തിന്റെ ആരംഭംകുറിക്കുന്നതും നൂറുകണക്കിന് മലയാളി സന്യാസിനിമാരിലൂടെ പ്രേഷിതദൗത്യം ലോകമെങ്ങും പ്രചരിക്കുന്നതിന് നിമിത്തമാകുന്നതും. അതിന്റെ അസ്ഥിവാരമാണ് കൂനമ്മാവിലെ സെന്റ് തെരേസാസ് കോൺവെന്റിൽ 1868-ൽ ആരംഭിച്ച പെൺപള്ളിക്കൂടം.

> സ്ത്രീയുടെ വീണ്ടെടുപ്പിന് വിദ്യാഭ്യാസവും ആധ്യാത്മികതയും ഉൾവെളിച്ചവും ആത്മജ്ഞാനവും അനിവാര്യമാണെന്ന എലീശ്വയുടെ ദർശനത്തിൽ നിന്നാണ് കേരളത്തിൽ സ്ത്രീ മുന്നേറ്റത്തിന്റെ ആരംഭം കുറിക്കുന്നതും നൂറുകണക്കിന് മലയാളി സന്യാസിനിമാരിലൂടെ പ്രേഷിതദൗത്യം ലോകമെങ്ങും പ്രചരിക്കുന്നതിന് നിമിത്തമാകുന്നതും.

വരാപ്പുഴ വികാരിയത്തിൽ ഓരോ കരയിലും ഓരോ പള്ളിക്കുമൊപ്പവും സാർവത്രിക പ്രാഥമിക വിദ്യാഭ്യാസത്തിന് പള്ളിക്കൂടങ്ങൾ സ്ഥാപിക്കണമെന്നത് 1857-ൽ കല്പനയിറക്കിയ ഇറ്റലിക്കാരനായ കർമലീത്താ വികാരി അപ്പസ്തോലിക ആർച്ച്ബിഷപ് ബെർണാർദീനോ ബച്ചിനെല്ലി കോൺവെന്റും കോൺവെന്റ് സ്കൂളുകളും സ്ഥാപിക്കാൻ പദ്ധതിയൊരുക്കി. കേരളത്തിലെ ആദ്യ സന്യാസിനി സമൂഹത്തിന് പെൺകുട്ടികളുടെ വിദ്യാഭ്യാസ ദൗത്യത്തിന്റെ ഡിക്രി നൽകിയത് ബിഷപ് ബച്ചിനെല്ലിയാണ്.

സുറിയാനിക്കാരെ വരാപ്പുഴ അതിരൂപതയിൽനിന്ന് വേർപെടുത്തി രണ്ടു വികാരിയത്തുകൾ സ്ഥാപിച്ചപ്പോൾ റീത്തു വിഭജനത്തിന്റെ പേരിലുള്ള ഭാഗംവയ്പിൽ കൂനമ്മാവ് മഠം സുറിയാനിക്കാരുടെതാണെന്ന് റോമിൽനിന്ന് ഏകപക്ഷീയവും അന്യായവുമായ തീർപ്പുണ്ടായി. അപ്പോഴും സഭാധികാരികളുടെ തീരുമാനത്തിനുമുന്നിൽ നമിച്ച് 24 വർഷം തങ്ങളുടേതായിരുന്ന സർവതും ത്യജിച്ച് ആറ് ലത്തീൻ സഹോദരിമാരോടൊപ്പം സുറിയാനി സഹോദരികൾക്കു മാറിക്കൊടുത്ത് ഇറങ്ങിപ്പോന്ന മദർ എലീശ്വ ഹൃദയത്തിലൊതുക്കിയ വേദനയുമായി മുന്നോട്ടുപോയി. തന്റെ ആദ്യത്തെ മഠസ്ഥാപനവും മിസ്റ്റിക്കൽ അനുഭവങ്ങളും മാനസിക പ്രാർഥനയുടെ ധ്യാനരീതിയും ആത്മകഥയും വിശുദ്ധഗ്രന്ഥ വ്യാഖ്യാനവും സ്പെയിനിലെ ഇൻക്വിസിഷന്റെ രഹസ്യ അന്വേഷണങ്ങൾക്ക് വിധേയമായപ്പോഴും ഭയമോ മനോവ്യഥയോ പ്രകടിപ്പിക്കാതെ ദൈവഹിതത്തിന് വഴങ്ങിയ ആവിലായിലെ അമ്മത്രേസ്യയെപ്പോലെ സഹനത്തെ സ്നേഹപൂർവം ആശ്ലേഷിക്കാൻ എലീശ്വാമ്മയ്ക്ക് കഴിഞ്ഞു. കർമലീത്താ വികാരി അപ്പസ്തോലിക്കമാരുടെ ഭരണകേന്ദ്രമായിരുന്ന വരാപ്പുഴ തുരുത്തിലെ സെന്റ് ജോസഫ് മഠത്തിലാണ് തന്റെ സമർപ്പിത ജീവിതത്തിന്റെ രണ്ടാം കാണ്ഡത്തിൽ തെരേസ്യൻ കർമലീത്താ സിദ്ധിയുടെ പ്രഭാപൂർണിമയിൽ എലിശ്വ വിളങ്ങിയത്.

# WILL Centre, Palayalam




## ജർമനിയിൽ ഒരു ലക്ഷം രൂപയ്ക്കു മുകളിൽ സ്റ്റൈപന്റോടെ പഠിക്കാനും ജോലിക്കും അവസരമൊരുക്കുന്നു

**Build Your Career in German speaking countries**

## Earn while you learn

### Program Details

**Dual Degree Vocational Programme (Ausbildung)**

- Nursing
- Food Processing
- Metal Builder & Machine Operator

### Eligibility

- Age : 18-28 years
- Qualification : 12th Pass, ITI/Diploma, Hotel Management Course, Degree
- Language : German A1/A2/B1/B2

## ജർമനിയിൽ ആരോഗ്യ, ടൂറിസം മേഖലകളിൽ ജോലിക്ക് അവസരമൊരുക്കുന്നു

### Eligibility

- Nursing (Bsc/GNM)
- Hotel Management
- Age : 21-35
- Language : German B2

### WILL Centre facilitate:

- German Language Training
- Special communication training by native German speakers
- Exam Preparation
- Interview Preparation
- Direct Interview
- Visa processing & logistics

മുകളിൽ പറഞ്ഞ സേവനംആവശ്യമുള്ളവർ will centre സംഘടിപ്പിക്കുന്ന സെമിനാറുകളിലും അവബോധ ക്ലാസ്സുകളിലും ഉറപ്പായും പങ്കെടുക്കേണ്ടതാണ്

**തിരുവനന്തപുരം ലത്തീൻ അതിരൂപത സ്ഥാപനം**


WAVES INTERNATIONAL LANGUAGE LEARNING CENTRE
Near St. Joseph's Cathedral, Palayam-695033, Trivandrum, Kerala, India.
Phone: +91 9188 925901, 7994299960. www.willcentre.in, email: info@willcentre.in

Pub. Date: 01.12.2025
REGD. NO. KL/TV(S)266/2024-26 | RNI Registered No. 36056/81
Licenced to post without pre-payment KL/TV(S)/WPP/171/2024-26
JEEVANUM VELICHAVUM
Total Pages 44
Rs. 30/-




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vigil George